KOTTAYAM PUBLIC LIBRARY

Call No. MA10·KES·S Acc. No. 79785

Author. കേശവപിള്ള കെ.സി

Title. സമ്പൂർണ്ണ സംഗീതകൃതികൾ

KOTTAYAM PUBLIC LIBRARY
KOTTAYAM.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# സമ്പൂർണ്ണ സംഗീതകൃതികൾ

DISTRIBUTING LIBRARY
No. ..................
KOTTAYAM

മഹാകവി കെ. സി. കേശവപിള്ള

MALAYALAM

# Sampoornna Samgeetha Kruthikal

MUSIC

Mahakavi K. C. Kesava Pillai

Edited by

K. N. Gopala Pillai M. A.

First Impression 1000 Copies

April 1971

Rights Reserved by the Publishers

**Sree Narasimha Vilasom Book Depot,**
**Thuravoor**

Printed at

Sree Venkatesha Printers, Thuravoor

4-00

# സമ്പൂർണ്ണ സംഗീതകൃതികൾ

79785

## മഹാകവി കെ. സി. കേശവപിള്ള

KOTTAYAM PUBLIC LIBRARY KOTTAYAM.
20865

തയ്യാറാക്കിയത്:

കെ. എൻ. ഗോപാലപിള്ള എം. എ.

(മഹാകവിയുടെ പുത്രൻ)

DISTRIBUTING LIBRARY
No. ..............
KOTTAYAM
3097

ശ്രീ നരസിംഹവിലാസം ബുക്കഡിപ്പോ
പറവൂർ. കേരളം.
4-00

# വിഷയവിവരം


1. അവതാരിക
2. സ്തവരത്നാവലി
3. സംഗീതമഞ്ജരി
4. ഈശ്വരസ്തോത്രം
5. ഗാനമാലിക
6. ഗാനമാലിക രണ്ടാംഭാഗം
7. സംഗീതമാലിക
8. രാഗമുദ്രാഷ്ടകം
9. പലവക ഗാനങ്ങൾ

DISTRIBUTING LIBRARY
No. ..........
KOTTAYAM
20865

# അവതാരിക

മംഗലകരമായ ഈ ലോകത്തിൽ മനുഷ്യൻ ജനിക്കുന്നു, മരിക്കുന്നു! എന്തിനാണീ ജനനമരണങ്ങൾ? ജീവിതത്തിന്റെ ഉദ്ദേശ്യമെന്തു്? എങ്ങനെയാണതു സാധിക്കേണ്ടതു്? മിന്നൽപോലെ ഒന്നു തിളങ്ങിമങ്ങുന്ന ഈ ജീവിതത്തിൽ ലോകസംഗ്രഹാർത്ഥം വല്ലതുമൊന്നു ചെയ്യേണ്ടേ? അതിനെന്താണു മാർഗ്ഗം? പലവിധ വിപരീതശക്തികളുമായി പൊരുതേണ്ടിവരുന്നതിനിടയിൽ അതെങ്ങനെ സാധിക്കും? ഈ കലികാലത്തിലും ചുരുക്കം ചിലർ ഇങ്ങനെ ചിന്തിക്കാറുണ്ടു്. സഹജമായ പ്രതിഭയാൽ പ്രേരിതരായി സരസ്വതിയെ പൂമാലകൾ അണിയിക്കാറുണ്ടു്. അവ വാടാമലരുകളായി ശോഭിക്കാറുണ്ടു്.

സരസദ്രുതകവികിരീടമണി, സരസഗായകകവിമണി എന്നൊക്കെ സഹൃദയലോകം അന്നു വാഴ്ത്തിയിരുന്ന ഒരു കവിവര്യനാണു് കെ. സി. കേശവപിള്ള. അദ്ദേഹം, കൊല്ലം പറവൂർ, കൊല്ലവർഷം 1043-ാമാണ്ടു് മകരമാസം 22-ാംനു- രോഹിണിനക്ഷത്രത്തിൽ ജനിച്ചു. നാല്പത്തഞ്ചു വർഷക്കാലം മാത്രമാണു് നിയതി അദ്ദേഹത്തിനു് ഭൂതലവാസം അനുവദിച്ചതു്. 16 വയസ്സിൽ തുടങ്ങിയ കവിതാപരിശ്രമം ശക്തി, നിപുണത, കാവ്യശാസ്ത്രാദിപരിചയം മുതലായവയാൽ അനുക്രമം വികസിച്ചുവരവേയാണു് 1089 ചിങ്ങം 20-ാം

തീയതി മഹാകവി ചരമംപ്രാപിച്ചതു്. ഈ ചുരുങ്ങിയ കാലത്തിനിടയിൽ സാഹിത്യത്തിലും സംഗീതത്തിലും ദൃശ്യകാവ്യരംഗത്തും മററും അദ്ദേഹം ശാശ്വതപ്രതിഷ്ഠ സമ്പാദിച്ചു. സ്വാതിതിരുനാറം, ഇരയിമ്മൻതമ്പി, കെ. സി. എന്നിവരെ കേരളത്തിൻെറ ഗായകത്രയമായും ചിലർ വ്യവഹരിച്ചു.

നിരൂപണപടുവായ സി. വി. കുഞ്ഞുരാമൻ അന്നു് (1086 മീനം) 'കേരളകൗമുദി'യിൽ ഇപ്രകാരമെഴുതി: "......ഗാനങ്ങറം നിർമ്മിക്കാൻ ഈ കവിക്കുള്ള സാമത്ഥ്യം ഒന്നു പ്രത്യേകമാണു്. പ്രസിദ്ധ ഗായകകവിയായിരുന്ന സ്വാതിതിരുനാറം തിരുമനസ്സിലേക്കാറം കേശവപിള്ള അവർകറംക്കു് ഗായകത്വം കൂടുമോ എന്നു് ഞങ്ങറംക്കു നിശ്ചയമില്ലെങ്കിലും ഗാനനിർമ്മാണചാതുര്യ്യം കൂടുമെന്നാണു് ഞങ്ങളുടെ അഭിപ്രായം. ഗാനകവിതകളുടെ നിർമ്മാണത്തിൽ പ്രസിദ്ധനായ ഇരയിമ്മൻതമ്പിയെക്കൂടിയും ഈ കവി അതിശയിക്കുന്നുണ്ടു്."

ക്രമപ്രകാരമുള്ള സംഗീതാഭ്യസനത്തിനു് ബാല്യത്തിൽ കവിക്കു് അവസരം സിദ്ധിച്ചിരുന്നില്ല. സംഗീതഭംഗിയോടുക്കൂടിയ രാമായണപാരായണം, കഥകളി എന്നിവയാണു് കെ. സി. യുടെ സഹജയായ പ്രതിഭയെ ഉണത്തി പ്രവത്തിപ്പിച്ചതു്. ഭജനമേളകറംക്കു് നേതൃത്വം വഹിക്കേണ്ടിവന്നപ്പോറം പുതിയ പുതിയ വണ്ണമട്ടുകളിൽ കീത്തനങ്ങറം നിർമ്മിക്കാൻ അദ്ദേഹം പ്രേരിതനായി. കഥകളിസംഗീതത്തിലെ സോപാനമാർഗ്ഗവും അന്നു് നടപ്പിലിരുന്ന തെലുങ്കു്-തമിഴ് കീ

ത്തനങ്ങളിലെ ദേശീയമാർഗ്ഗവും അദ്ദേഹത്തെ ഒരുപോലെ ആകർഷിച്ചു. ശാസ്ത്രീയസംഗീതം ഏറെക്കുറെ അഭ്യസിക്കുകയും ചെയ്തു. തൽഫലമായിട്ടാണു് സ്തവരത്നാവലി, സംഗീതമഞ്ജരി തുടങ്ങിയുള്ള ഗ്രന്ഥങ്ങൾ നിർമ്മിച്ചതു്.

സ്തവരത്നാവലിയിൽ കാമോദരി രാഗത്തിലുള്ള 'കനകസദൃശ' എന്ന കീർത്തനത്തിന്റെ ഉത്ഭവം നോക്കുക:

കൊല്ലത്തിനു സമീപമുള്ള വാളത്തുങ്ങൽ പപ്പുപിള്ള എന്നൊരു പ്രസിദ്ധ ഗായകനുണ്ടായിരുന്നു. ഘടം വായിക്കുന്നതിലും വിരുതനാണദ്ദേഹം. വാളത്തുങ്ങൽ ഒരു ഭജനമേള നടക്കുന്നു. ഭജനക്കാർ ഓരോ ഭാഗത്തു നിന്നും വന്നവർ ഗ്രൂപ്പുതിരിഞ്ഞിരുന്നു് പാടുകയാണു്. ഒരു ശ്ലോകം, പാട്ടു്, ജാവളി എന്ന ക്രമത്തിൽ ഒരു സംഘം പാടിക്കഴിഞ്ഞു് അടുത്ത സംഘത്തിനു വിട്ടുകൊടുക്കയാണു പതിവു്. പപ്പുപിള്ളയും സംഘവും ചെന്നു് ഇരയിമ്മൻതമ്പിയുടെ 'അമലകമലദള' എന്ന കാംബോധിരാഗകീർത്തനം പാടി. പൊടിപ്പനായിരുന്നു ആ ഗാനം. നല്ല മേളക്കൊഴുപ്പോടുകൂടി ആ പാട്ടും തുടർന്നുള്ള 'മോഹറാ'യും കഴിഞ്ഞു് പപ്പുപിള്ള കെ. സി. യേയും പരവൂർ ഭജനസംഘത്തേയും നോക്കി: "ഇതിനു ബദൽ കേൾക്കട്ടെ കേശവപിള്ളേ!" എന്നു പറഞ്ഞു. "അടുത്ത ഭജനത്തിനാകട്ടെ" എന്നായിരുന്നു കെ. സി. യുടെ മറുപടി. ഇങ്ങനെ ഉണ്ടായ "കനകസദൃശസുരുചിരവരവസനമുരാരേ" എന്ന കൃതി അടുത്തതാ

രു ഭജനമേളയിൽ പാടിക്കേട്ട പപ്പുപിള്ള "ഇനി എന്റെ 'അമലകമലദള' കൊണ്ടു വിശേഷമൊന്നുമില്ല എന്നു സമ്മതിച്ചുത്രേ. ഈ ഗാനം നാട്ടിന്റെ നാനാഭാഗങ്ങളിൽ പാടി ധാരാളം സമ്മാനങ്ങൾ വാങ്ങിയിട്ടുണ്ടെന്നു് കെ. സി. യുടെ ശിഷ്യനായ പരവൂർ മാത്താണ്ഡപ്പിള്ള പറഞ്ഞിട്ടുണ്ടു്. ഇങ്ങനെ ഓരോ സന്ദർഭങ്ങളായിരിക്കണം പല കീത്തനങ്ങളും നിർമ്മിക്കുന്നതിനു് കെ. സി. ക്കു് പ്രചോദനം നൽകിയതു്.

കെ. സീസംഗീതത്തിന്റെ സ്വഭാവത്തെപ്പററി വി. മാധവൻനായർ 'കേരളസംഗീതം' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. "ഇരയിമ്മൻതമ്പിക്കിപ്പുറം സംഗീതത്തിലും സാഹിത്യത്തിലും ഒന്നുപോലെ അഭിജ്ഞനായി കേരളത്തിനു ലഭിച്ചിട്ടുള്ള ഏകമഹാകവിയാണു് കേശവപിള്ള" എന്നാണു് മഹാകവി ഉള്ളൂർ രേഖപ്പെടുത്തീട്ടുള്ളതു്. സ്തവരത്നാവലിയുടെ പ്രാരംഭത്തിൽ, "കവിയുടെ പാണ്ഡിത്യപാരീണതയ്ക്കു മൂദ്ധാഭിഷിക്തോദാഹരണങ്ങളായ വന്ദനശ്ലോകങ്ങ"ളെയും അദ്ദേഹം പ്രത്യേകം സ്മരിക്കുന്നുണ്ടു്.

തൊട്ടതൊക്കെ ഒന്നു മിനുക്കുന്ന ഒരു സ്വഭാവം കെ. സി. ക്കുണ്ടായിരുന്നു. ഉള്ളതു് ഒന്നു പരിഷ്കരിക്കാനുള്ള പ്രവണത, അതു് ലോകസംഗ്രഹത്തിനു് കൂട്ടതൽ പര്യാപ്തമാക്കാനുള്ള താല്പര്യം, പാമരലോകത്തെ പണ്ഡിതലോകത്തോടു് അടുപ്പിക്കണമെന്നുള്ള ദൃഢവ്രതം, ഇതൊക്കെ സംഗീതത്തോടു് കവിയുടെ മനോഭാവം വെളിവാക്കുന്നു. സാധാരണന്മാർക്കു വേണ്ടിയാണു്

അദ്ദേഹം ഗാനങ്ങൾ നിർമ്മിച്ചതു്. ത്യാഗരാജദീക്ഷിതാദികളുടെ കൃതികൾ അക്കാലത്തു് ചുരുക്കം ചില ഭാഗവതന്മാർ മാത്രമേ പഠിച്ചും പാടിയും വന്നിരുന്നുള്ളു. ആവക കൃതികൾ അഭ്യസിക്കുന്നതോടുകൂടി അതേ വർണ്ണമട്ടുകളിലും, മനോധർമ്മം കലർത്തി വ്യത്യസ്തരീതിയിലും, പല രാഗങ്ങളുംകൈകാര്യംചെയ്തു് അവ സാധാരണന്മാർക്കും എത്തിച്ചുകൊടുത്തു. കുട്ടികൾക്കുപോലും രാഗതാളജ്ഞാനം ഉണ്ടാകത്തക്കവണ്ണം നാമാവലികളും മററും നിർമ്മിച്ചു പഠിപ്പിച്ചു. പത്തറുപതു കൊല്ലം മുൻപു് പരവൂരിലും പരിസരങ്ങളിലും ഇങ്ങനെ സ്ഥലം പിടിച്ച സംഗീതഭംഗി ഇന്നും പുതിയ ഭാവങ്ങളിലാണെങ്കിലും കുറവുകൂടാതെ പരിലസിക്കുന്നുണ്ടു്.

സപ്തസ്വരങ്ങൾ, സ്വരജതി, അലങ്കാരം, വർണ്ണം, ഗീതം, കീർത്തനം എന്ന ക്രമത്തിലല്ലാതെതന്നെ ചെറു ഗാനങ്ങൾ കൊച്ചുകുട്ടികളെ പഠിപ്പിച്ചു് അനുക്രമം അവരെ ഉയർന്നതരം സംഗീതത്തിൽ പ്രവേശിപ്പിക്കുന്നതിനു് ഒരു നൂതനമാർഗ്ഗവും കെ. സി. കണ്ടുപിടിച്ചു. അഭിനയഗാനങ്ങൾമുഖേനയാണു് ആ മാർഗ്ഗം തുറന്നതു്. ഇങ്ങനെ പ്രസിദ്ധംചെയ്യപ്പെട്ട അഭിനയഗാനമാലിക രണ്ടു ഭാഗങ്ങൾ അക്കാലത്തു് വിദ്യാലയങ്ങളിൽ ധാരാളം പ്രചരിച്ചിരുന്നു. അവയെത്തുടർന്നെഴുതപ്പെട്ട സംഗീതമാലികയിലെ സംഗീതപ്രവേശകം തദ്വിഷയകമായ കവിയുടെ ഉദ്ദേശ്യം വ്യക്തമാക്കുന്നു. തെലുങ്കു്, തമിഴു്, കന്നടം തുടങ്ങിയുള്ള കീർത്തനങ്ങളിൽ ഭാഗവതന്മാർക്കുള്ള താല്പര്യം മലയാളകീർത്തനങ്ങളിലും ഉണ്ടാ

കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നു് കേരളവർമ്മ അന്നു പറഞ്ഞതു് ഇന്നും സ്മർത്തവ്യമായിത്തന്നെ നിലകൊള്ളുന്നു. ഇന്നാകട്ടെ, ഒരു ഭാഗത്തു് ശാസ്ത്രീയ സംഗീതം സമഗ്രനിലയിൽ പുരോഗമിക്കുന്നു. മറുഭാഗത്തു് ഒരു വലിയ ജനസംഘം കേവലം ലഘുസംഗീതംകൊണ്ടു സംതൃപ്തരായി കാലം കഴിക്കയും ചെയ്യുന്നു! ഇവ രണ്ടും ഏറെക്കുറെ അടുപ്പിച്ചെങ്കിൽ മാത്രമേ ശാസ്ത്രീയസംഗീതത്തിനു് പൊതുജനസമ്മതി ലഭിക്കയുള്ളു. അതാവശ്യമാണുതാനും. ദീർഘദർശിയായ കെ. സി. അന്നേ അതിനുദ്യമിച്ചിരുന്നു.

രാഗനാമങ്ങൾ ശ്ലേഷഭംഗിയോടുകൂടി കലർത്തി പദ്യങ്ങൾ നിർമ്മിക്കുന്നതിനു് ചുരുക്കം ചില ഗായകകവികൾ ഉദ്യമിച്ചിട്ടുള്ളതായിക്കാണാം. കെ. സി. യും ആ മാർഗ്ഗത്തിൽ നിർമ്മിച്ചിട്ടുള്ളതാണു് ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള രാഗമുദ്രാഷ്ടകം.

കെ. സി. യുടെ കഥകളികളിലും 'കച്ചേരി'കൾക്കു പാടത്തക്ക പല നല്ല കൃതികളും ഉണ്ടു്.

അച്ചടിയില്ലാതിരുന്ന സംഗീതമഞ്ജരി മുതലായവ ക്ലേശിച്ചാണു തേടിപ്പിടിച്ചു് പകർത്തി സൂക്ഷിച്ചതു്. ഇങ്ങനെയൊരു ഗാനസമാഹാരം ഉണ്ടാകുന്നതിനു് തിരുവനന്തപുരം റേഡിയോനിലയം ഡയറക്ടറായിരുന്ന ശ്രീ രാജഗോപാലൻ, 'കേരളസംഗീത' കർത്താവായ ശ്രീ വി. മാധവൻനായർ എന്നിവർ പ്രചോദനം നല്കിയിരുന്നതു് നന്ദിപൂർവ്വം സ്മരിക്കുന്നു.

കെ. എൻ. ഗോപാലപിള്ള

# സ്തവരത്നാവലി

## (മംഗളശ്ലോകങ്ങൾ)

യസ്യാം ക്രീഡയശ്ചൂളീമേളനകളാ
ലാഭാതി ലബ്ധ്വൈ സുരൈ-
രീഷേ ഹന്ത ജനസ്തൃണസ്യതുചിരേ
വൃന്ദാവനേ പാവനേ,
രാധായ സ്തനകുംഭനിർഭരപരീ
രംഭാതിലോലാത്മനേ
ഗോവിന്ദായനഗണ്യ ദിവ്യമഹസേ
തസ്മൈ പരസ്മൈ നമഃ||

സാരസാരിസസാരോസ്രു
സുരാസുരരസാരസഃ
രസാരസസരസ്സാരാ
രസ്സാര സരസോരുസഃ||

മഹാരത്നഭ്രാജൻ കനകവലയ ശ്രീകരധൃതോ-
ജലദേണുദഞ്ചത്സുമധുരമനോമോഹനരവഃ
വിഭാതന്ത ശ്രീമൽ പശുപവനിതാലോചനമധു-
വ്രതശ്രേണീ പത്മായിതവരതനുശ്ശ്രീമധുരിപുഃ||

യസ്സ്തരാമേകാന്തേ
രമയതി മാം മേദിനീശ്വരാമേ കാന്തേ
ദദ്യാദ്രാമേകാന്തേ
തസ്മിൻ ഭക്തിസ്ഥിതിം വരാമേകാന്തേ||

വന്ദേ തന്നന്തതന്ദേവ തേ പദം സ്വാസാദമ്പതേ
രമാരാജജരാമാര ദവദാവവദാവദ||

അബ്ജവാസരമണീശ്രീയാവരം
ഗോവരം ഭജതഞ്ച ശാംഭവീം
അബ്ജവാസര മണീശ്രീയാവരം
ഗോവരം ഭജതഞ്ച ശാംഭവീം||

ഉമാഹൃദയ തോഷണം സ്മിതവിലാസിസം ഭാഷണം
ഖലാഭിജനഭീഷണം കലിമലാവലീശോഷണം
ബിലേശയവിഭൂഷണം കൃതനതാന്തരന്വേഷണം
പ്രഭാവിജിതപൂഷണം ഭജമനോയമദോഷണം||

ഹൃദ്രാജീവലസൽ പ്രബോധമകര-
ന്ദാസ്വാദനപ്രേപ്സയാ-
സംപ്രാപ്താകിലഭൃംഗപാളിരിയമി
തൃൽപ്രേക്ഷമാണാ ബുധൈഃ
ശ്രീകണ്ഠസ്യപരാത്മനോതി വിപുല
ശ്രീവത്സദേശോജ്ജ്വലാ
ഭദ്രാ ക്ഷേമശതാനി സാ ദിശതു മേ
രുദ്രാക്ഷമാലാമലാ||

ലക്ഷ്മീമംഭോജനാഭസ്മരണഗതശ്രുചാം
മാതരം മാന്യശീലാ-
മക്ഷീണശ്രീവിലാസാലയമപി ജനകം
രാമസംജ്ഞം മനോജ്ഞം
സേവേഹം ഭാഗധേയോദ്ധരണവിധി സമാ-
സാദിതസ്സാരകീർത്തിം
വഞ്ചീക്ഷ്മാശസ്യ ധീരം സചിനയമതുലം
മാതുലം ശങ്കരാഖ്യം||

ഗുരുവരാൻ ബുധമാന്യഗുണോത്തമാൻ
കവിവരാനപിദൂഷയിച്ചു മഹാധിയഃ
ജഗതി സജ്ജനമീഹിതസിദ്ധയേ
ഹൃദി ഭജധികമന്ദമതിസ്സദാ||

ലയന്നിനീഷുഃ കലുഷം സമസ്തം
സ്തുചാവ്യലീമേഷ കരോമി ഡിംഭഃ
നിന്ദതപസൂയാന്നഹി ദോഷലേശോ
നിന്ദാപി ലോകേ ദുരിതൌഘശാന്ത്യൈ||

# പ്രഥമഹാരാവലി

(ശങ്കരാഭരണം ചാപ്പ്)

പ: ഭജ ഭജ ശ്രീരാമം മനമേ നിത്യം
ഭജ ഭജ ശ്രീരാമം മനമേ.

അനു: അജമുഖസേവിതം ത്രിജഗതീനായകം
സുജനമനോഹരം രജനീശസുവദനം. —ഭജ

ച: 1. ഗുരുപാദം കാണാതെ കണ്ട പിന്നെ
ധുരുതരമാം മോഹം പൂണ്ടു
തരുണികൾ കടാക്ഷമാം നരക-
സിന്ധുവിൽവീണു
കരയും കാണാതെ നീയുഴലുവാൻ
ഗമിക്കാതെ. —ഭജ

2. നിത്യമല്ലിയിവയോർത്താലെല്ലാമിന്നു
സത്യമായുള്ളതു ചൊല്ലാം
സത്യസ്വരൂപനെ സേവ ചെയ്തീടുകിൽ
നിത്യസുഖാനന്ദമെത്തുമസംശയം. —ഭജ

3. ചെന്തളിരോടിടയുന്ന പാദം
അന്തരംഗേ ഭജിച്ചെന്നാൽ
സന്താപമെല്ലാമൊഴിക്കും ഹരിയുടെ
ബന്ധുത പാർത്തീടിൽ ഹന്ത! ചൊല്ലാവതോ?
—ഭജ

4. ഇതരകാംക്ഷകളെല്ലാം നീക്കി സൎവ്വം
മധുരിപു ഭഗവാങ്കലാക്കി-
വിധുരത കളഞ്ഞു നീ ചതുരതയൊടു നിത്യം
മുദിരാഭാകൃതിയിങ്കൽ മധുരശാശ്വതഭക്ത്യാ.

—ഭജ

## 2. കാപി ആദി

പ: ശ്രീ വാസുദേവ പാഹിമാം ലോകേശ! ശ്രീ

അനു: ദേവകീ തനൂജാ ദേവ രമേശ!
സേവകദേവാഗമാ ലോകേശ. ശ്രീ

ച: 1. ശൃംഗാരയോനി സന്നിഭ! വൈകുണ്ഠ!
ഗംഗാധരാദി വന്ദിത!
സംഗവിഹീന! സരസിജനാഭ!
ഭൃംഗാളികാതിശോഭന! ലോകേശ! ശ്രീ

2. ലക്ഷ്മണ പൂൎവ്വജ ഭോ! ശ്രീവത്സ
ലക്ഷ്മലസിത വത്സക!
ശിക്ഷിതവിനത! ശീതകരാസ്യ!
രക്ഷാനിപുണ മാധവ ലോകേശ! ശ്രീ

3. ദുഷ്കൃതദോഷമെല്ലാം നീക്കുക
ദുഷ്കരമല്ല തേ വിഭോ!
സൽകലപാലക! സകല ജഗന്മയ!
സൽക്കവി സാരസാരുണ! ലോകേശ! ശ്രീ

## 3. ഖമാജ്—ചായ്പ്

പ: സരസിജലോചനി! പാലയമാം
സരസിജപദയുഗം പണിയുന്നേൻ ഞാൻ.

അനു: കരുണാസാഗര ദേവ ശരണമഹോ വിജിത
തരണേ തരണേ ചരണേ രതിം. (സര.

ച: സന്തത ദേവനായക സകലം മേ ഹര താപം
രമണീമണി ഭൃതനയേശ!
ഭരതസേവിത ഭക്തിനിരതമാനസലോക
ഭരണാരുണ പാവനപാദ!
അമരനായകൻ താനും ഹരനും നിരൂപിച്ചാലും
അറിയാവുതല്ലമോ തവ മായകൾ
നിർമ്മലവിഗ്രഹ പാഹി നിരുപമദുരിതങ്ങൾ.
ഹരമേ കരു മേ പുരുമോദം. (സര.

## 4. ആനന്ദഭൈരവി....ആദി

പ: പാഹിമാം കൃഷ്ണ പാഹിമാം.

അനു: മോഹനാശനോപി ഗോപീ മോഹകാര
കോസിശുഭ
ഗേഹവൃഷഭവാഹവിനുത സുന്ദര-
ദേഹമുദിതമാഹ വിതര വരമയി. (പാഹി

ച: 1. സുന്ദര ഗുണമന്ദിര!
മന്ദരധാരിൻ മുകുന്ദ കുന്ദരദന വിബുധ-
വൃന്ദരാജമുഖസേവിത സുരുചിര
വന്ദിരാജിരാജീവ ദിവാകര! (പാഹി

2. ചൂതസായക തേജസാ
സീതാവിരഹം പൊറാഞ്ഞു കാതര-
നായിരുന്നതും
വീതശങ്കമഥ ഗോപികളെസ്സുര
ഭീതിഹാരമറകിച്ചതുമയി നീ. (പാഹി

3. നാരദമുഖ-സേവിതാ
വാരിദശോഭനഗാത്ര ഘോരദാനവഹരണ
പാരമുള്ള ദുരിതങ്ങളകററുക
പത്മനാഭ! മഹിതാദ മനോഹര! (പാഹി

## 5. പൂർവികല്യാണി....ആദി

പ: ശ്രീ ബാലകൃഷ്ണ പാഹിമാം നന്ദതനൂജ!
ശ്രീ ബാലകൃഷ്ണ പാഹിമാം.

അനു: ഗോപാലമനോഹര താപാലസനാരമെന്നെ
നീ പാലയ ഹേ ജഗതീപാല സുകപോല!(ശ്രീ

ച: 1. പൂർണ്ണചന്ദ്രന്റെ ശോഭയെ ജ്ജയിച്ചീടും ശ്രീ-
പൂർണ്ണമായുള്ള നിന്മുഖം
അർണ്ണോജവിലോചന! കണ്ണാ മേ ഹൃദികരു-
ണാർണ്ണവ! വിലസീടുംവണ്ണം നീ
കൃപചെയ്ക. (ശ്രീ

2. അഞ്ചിതമായ നിന്നുടെ പുഞ്ചിരിയാലേ
അഞ്ചുന്ന ഗോപിമാരെല്ലാം
കാഞ്ചനമയ ചാരുകാഞ്ചിയതും ചിലമ്പും
വാഞ്ഛാനുകൂലം മമ നെഞ്ചിൽ വിള-
ങ്ങീടേണം. (ശ്രീ

3. കായാമ്പൂനിറമാർന്നീടും ശോഭനമുള്ള
കായ! ഭാർഗ്ഗവീനായക!
ആയാസമെല്ലാം തീർത്തമേയസുഖം നൽകുവാ-
നായപോൽ വണങ്ങുന്നേൻ മായാമയ മുകുന്ദ!
(ശ്രീ

## 6. സുരുട്ടി....ഏകതാളം

പ: ഭവികവസതേ ശ്രീപതേ

അനു: സമജഗദീശ്വര സാരസനയന
കമലഭവാദിവിനുതപദശൌരേ!
സമരതലനിഹതദനുജസമൂഹ
സാരസകലഭൃതേ. (ഭവിക

ച: 1. പദനതവിബുധാഗമപരബോധാ-
മലമുനിഹൃദയാംബുജ കളഹംസ
ബാധിതപദനതജനഖലനദുരിത
ബാലകൃഷ്ണരൂപ! (ഭവിക

2. കരധൃതമുരളീ സുരുചിരനാളീ
ഭവരവകേളീമഹിതരസാളീ
മമ ഹൃദി വിലസതു വരദമുരാരേ
മാരകോടിസുഭഗ! (ഭവിക

# 7. യമുനാകല്യാണി....ചാപ്പ്

പ: സ്വാമിൻ ദയാനിധേ രാമ പാഹി
സോമസമാനന! വാരിദശ്യാമ! (സ്വാമിൻ

അനു: കോമളമാം തവ പാദസരോരുഹം
മാമകഹൃദി സദാ വിലസതു നാഥ! (സ്വാമിൻ

ച: 1. ഭൂമിസുതാകുചകോമളഭൂഷണ
രാമ സൌദാമിനീസന്നിഭചേല! (സ്വാമിൻ

2. ക്ഷീരാംബുരാശിയിൽ ഭോഗീശ്വരോപരി
പാരം വിലസുന്ന പങ്കജനാഭ! (സ്വാമിൻ

3. ശ്രീമുഖചന്ദ്രചകോരവിലോചന
ശ്രീജിതമന്മഥസേചനകാംഗ! (സ്വാമിൻ

4. സംസാരസാഗരേ സന്തതമുഴലുന്നേൻ
കംസാരേയാശ്രയമായതും നീയേ (സ്വാമിൻ

5. ഭക്തപ്രിയാ തവ പാദയുഗമതിൽ
ഭക്തിവളർന്നീടേണമനിശം മേ. (സ്വാമിൻ

# 8. ധനാശി....ആദി

പ: കോടിദിവാകരശോഭയെഴും തവ
കോമളതനുമീഢ

അനു: ഹാടകനിർമ്മിതമകുടലസിതരിപു-
പാടവാതിശയപാടനപടുതമ. (കോടി

ച: 1. ദ്വേഷമദാദിയാലനിശം കൊണ്ടാടി
ദശരഥസുത തവ ധ്യാനവും മൂടി
ഏഷ വലഞ്ഞു, നിപ്പരഗതി തേടി
രാമകൃഷ്ണ രാമ എന്നു പാടി. (കോടി

2. കനകവസനമഘദോപലനീല!
കാമിതഫലതതിവിതരണലോല!
ഘനകരുണാമലപദനതപാല!
കാമകോടിസുഭഗാത്ഭുതലീല! (കോടി

## 9. എരിക്കില കാമോദരി....ആദി

പ: വസുദേവാത്മജ പാഹി വാസവമുഖനുത
വസുധാഭാഗ്ഗ്യവീനായക!

അനു: അസുരാന്വയവനപാവക! സേവകപാരി-
ജാതാശൗരേ!
വസ മമ ഹൃദി വരവാരണയാനഗ്ഗണാം-
ബുരാശേ രമേശ. (വസു

ച: 1. അനുദിനം തവ പാദം മനസി തോന്നീടു-
വാനായ്
വനജാക്ഷാ വരം നൽകേണം.
കനകസമവസന! കാരുണ്യാലയദേവ!
വനിതാമോഹന! നന്ദതനയ! സരോജനാഭ!
ജനനമരണജലരാശിയിതിങ്കൽ
വലഞ്ഞീടുന്നേൻ നാഥ!
കനിവൊരു ലവലേശം മയി തവ ഹൃദി
തോന്നീടേണം രമേശ! (വസു

2. നന്ദനീയമാം തവ സുന്ദരരൂപംകണ്ടു
ചന്ദനമേകിയോളെ നീ
വന്ന കൃപയാ ലോകസുന്ദരിയാക്കിയെന്ന്-.
ല്ലുന്നതസുഖം ഭേദംഗസംഗേന നൽകി
ഇന്നു ഭേവല്ലഭമൊന്നവലംബമതായി നിത്യം
സ്തുതിക്കുന്നൊരു ദാസനിൽ
മന്ദത വന്നതു കിന്നു? മുരാരേ! രമേശ. (വസു

20865
79785



3. നശ്വരമായിട്ടുന്ന വിശ്വമതിൽ മായയാ
വിശ്വാസമുളവാകുന്നു, വിശ്വനായക!
നിന്നിൽ
വിശ്വാസം വന്നീടുകിൽ ശാശ്വത-
പദം വിബു-
ധാശ്രയ ലബ്ധമല്ലോ.
വിശ്വമനോഹര മുരളീഗാനസ-
മേതനായി നിത്യം
വിശ്രുതഗുണം വിളയാടുക മമ ഹൃദി
ശോഭനാംഗ! രമേശ! (വസു

## 10 ഖമാജ്....ആദി

പ: സീതാപതേ! രാഘവ! പാഹിമാമീശ
സീതാപതേ! രാഘവ! (സീതാ

അനു. ബോധാകര ഭ്രമൻ വീതാഖിലദോഷ
രാഘവ! കോമള! വാരിദശ്യാമള!
രാമ ശോഭാംബുധേ! രാമ സാമജഗമ. (സീതാ

ച: ആശരനാശനപേശല! കേശവ!
ജാനകീമാനസാംഭോജവിഹാരി ഹംസ!
ബിംബാധരമൃദുമന്ദഹസിത ദേവ
സന്നതാനന്ദദ! സാരസനാഭ! വിഭോ! (സീതാ

# 11. ഉശാനി....ആദി

പ: കമലദളായതനയന! കമലജാലാളിതചരണ!
വിമലകലാനിധിവദന! ശമലകലാരണ്യദാവ!

അനു: മുരമഥന ജയ ശൗരേ മനസി മുദാ
വിലസവിഭോ
ചരണസരോരുഹയുഗളം ശരണമയേ
ഗുണവസതേ! (കമല

ച: 1. അനുദിവസം വളരുന്ന ജലകണികാഭംഗുരമാം
ധനവസനാദിയിലധികം മനതളിരിൽ
പ്രിയഭാവം. (കമല

2. ഭുവനമനോഹരയാകും തവതനുവിൽ പ്രേമഭരം
അവനീപതേ! ദുരിതവശാലുളവാ-
കുന്നില വിഭോ! (കമല

3 ഭീമകലുഷൌഘതമോദിവസകരായിതമാകും
ശ്രീമയ തേ നാമം മേ ചൊൽവതി-
നായരുളുക വരം. (കമല

## 12. ബ്യാഗ്....രൂപകം

പ: ഗോപവിലാസിനികാം സംഹതിമാനസ-
ചോര ഭോ മാനസചോര!

അനു. പാപനാശക! പാലയാമലശോഭനാകൃതേ!
രൂപനിന്ദിതസൂനസായക! ഹേ
പരാത്മകശൌരേ. (ഗോപ

പ: 1. സനക നാരദമുഖമുനീശ്വര
സന്നതാജിതദിനകരായുത
കാന്തിവിഗ്രഹ ദീനവത്സല നാഥ
ദീനവത്സല. (ഗോപ

2. വസവസ മമ മനസി മാധവ!
വാസുദേവാനുജ! വസുമതീവര!
നതസരോരുഹവാസ! പാഹിമാം
ശ്രീവാസപാഹിമാം. (ഗോപ

## 13. തോടി....ആദി

പ: കമലേ! നിന്നുടെ പാദകമലേ വണങ്ങീടുന്നേൻ
വിമലേ! ദുരിതദാസശമലേ!

അനു: വികലേ കന്മഷജാലമകലേയകററീടേണം
കമലപാണി മധുരവാണി ഘനസമ-
വിമലവേണി രമണി വാരുണനിമിഴി! (കമലേ

ച: 1. കരുണാവസതേ കരു ചരണാനതാമരെരുഷേ!
ശരണാഗതേ മയി സുകരുണാം
മരണാമയവിസരഹരണാതിപേശലേ! നിൻ
സ്മരണമിന്നു ശരണമെന്നു കരുതുക
പരിണതേന്ദുകിരണമന്ദഹാസിനി! (കമലേ

2. വരദേ! ബഹുഭുവനപരദേവതേ! ജനനി
സുരദേ വിസ്മയനീയചരിതേ!
ഹര ദേഹാമയങ്ങളെയരുതേ
നിൻഗുണം ചൊൽവാ-
നയി തവാംഘ്രിമഹിതഭക്തി കരുതുകി-
വിദിതയഖിലവിനതകല്പലതയിഹ. (കമലേ

3. അരികിൽ നിന്നനുഗ്രഹം വരികി-
ലവങ്കലുണ്ടോ
നരകാമിതദുരിതകണികാ
അളികാളിനിറമാണ്ടോരളകാളിയാൽ
വിലസും
രുചിരഫാലമഖിലകാലമെന്നുടെ
മനസി ലോലതിലകശാലി വിലസതു. (കമലേ

## 14. തോടി—രൂപകം

പ: അഷ്ടമൂർത്തയേ നമോ ഗിരീശ തേ ഗരീയസേ
വിഷ്ടപേഷു സർവ്വതോ ഗിരീന്ദ്രജേശപൂജ്യസേ

അനു: വ്യാജശീലഹൃദയമാരുണീശദാരണായസേ
യാചകൈകസ്സുരദ്രുണാകൃപാലയോപമീയസേ

ച: ജ്ഞായസേന്നയോഗിനാ ഹൃദന്തരേ നിധീയസേ
യായസേ ച ഭൂതലേന ചാന്യ ഏവ ജായസേ
സ്തൂയതേറിശം സുരാസുരൈർമ്മുദഞ്ചി
നീയസേ
പീയസേ ദൃശാമരീഭിരീശ കിഞ്ച ഗീയസേ
ശ്രേയസേ ഭവാജമേ മഹേശനാഥ ഭൂയസേ
സ്വീയസേവകസ്യ സോമചൂഡ ഭോ
മഹീയസേ. (അഷ്ട

## 15. ഖമാജ് ചാപ്പ്

പ: സാമജഗാമിനി ശങ്കരിയേ കരുണാവസതേ!
സാമജഗാമിനി!

അനു: കാമിതഫലദാനേ കമലശോഭനമുഖി
കമനീയതരഗുണകാരേ! താരേ! മാരേ! (സാമ

ച: 1. സാധനമഩുമില്ലേ സൽഗുരുനാഥനില്ലേ
ബോധരൂപിണി നീയേ ശരണം ശരണം
ശരണം.
തരുണേന്ദുമുഖി നാഥേ! തവ പാദമതിൽ
ദേവീ
തരുണീമാർമണേ ഭക്തി തരിക തരിക തരിക
(സാമ

2. ഹര മേ പാർവതീ! ചിത്തമുകുരമാലിന്യജാലം
സുരുചിരതരപാദരജസാ അരസാ സുമുഖീ.
ശങ്കരമംഗലാകാരേ! സമസ്തനായികേ! പാലയ
കിങ്കരം മാം കൃപയാ ശമനാഗമനേ ജനനീ!
(സാമ

## 16. കാപി....ഏകതാളം

പ: തിങ്കൾമുഖിയേ! പാലയ-പൊഴിക്കരയിൽ
തങ്ങുന്ന തമ്പുരാട്ടി
അനു: കങ്കണനിവഹാലംകൃതപാണേ!
സങ്കടം തീർത്തീടുകെങ്കൽ വരമരുൾക.
(തിങ്കൾ

ച: 1. കാൽത്തളിർ സേവകരായ ജനങ്ങടെ-
യാർത്തിയെയൊഴിച്ചു സുഖപൂർത്തിയെ നൽകിടുന്നു.
(തിങ്കൾ

2. രാഗമദാദികളാഗമിക്കുന്നിതയ്യോ
ലോകേശ്വരിയേ കൃപാലോകേന നീ ജനനി.
(തിങ്കൾ
3. കന്മഷജാലമശേഷമൊഴിച്ചിഹ
നന്മയരുളീടേണമെന്മേലംബുജമിഴി. (തിങ്കൾ

4. നേരായ മാർഗ്ഗത്തിൽ സേവിപ്പാനും പണിയേ
കാരുണ്യനിധേ! സർവ്വം നീ പൊറു-
ത്തീടുകംബ! (തിങ്കൾ

## 17. ഖമാജ്...ചാപ്പ്

പ: തരുണാരുണസാരസപാദേ
പാലയ നാഥേ. (തരുണാ
അനു: ശരണമയേ തവ ചരണയുഗം മയി
കരുണയരുൾ ജഗൽകാരണിയനഘം.
(തരുണാ
ച: കന്മഷനാശിനീ ചിന്മയരൂപിണീ
ജന്മവിനാശിനീ ബിംബഫലാധരീ
ഭുവനങ്ങളെങ്ങും സതതം വിളങ്ങും
ഭഗവതി മായേ വസ മമ ഹൃദയേ. (തരുണാ
പഴിക്കുന്ന ജനങ്ങളിലൊഴിക്കണം നീ ഗർവ്വം
തഴക്കുന്ന പരവൂരിൽ പൊഴിക്കരെ വാഴുമംബ.
(തരുണാ

## 18. തോടി....ആദി

പ: കാല്ലോലചില്ലിമാരേ കല്യേ പൊഴിക്കരയിൽ
ഉല്ലസിക്കുന്ന ലോകവല്ലഭേ! വണങ്ങുന്നേൻ
(കല്ലോല

അനു: പല്ലവപാദം തന്നിൽ മെല്ലവേ വണങ്ങുവോർ-
ക്കല്ലലൊഴിച്ചു സമകല്യാണം നൽകീടുന്നു.
(കല്ലോല

ച: 1. അല്ലയോ ലോകേശ്വരി! നീയല്ലയോ
ദൈതേയരുടെ
ശല്യജാലംകൊണ്ടു ശചീവല്ലഭാദികൾ
അല്ലലോടെ തവ പാദപല്ലവം
വണങ്ങിയ നാൾ
കല്യതയോടസുരരെക്കൊല്ലുവാനായി
പല്ലവസമാംഗീ ഘോരമാമസംഖ്യരൂപം
അല്ലലെന്യേ ധരിച്ചതുമഖിലനാഥേ!
വല്ലഭമതില്ല തവ തുല്യമില്ലാതുല്ലസിക്കും
വല്ലഭങ്ങളെല്ലാമിഹ ചൊല്ലുവാൻ മല്ലനയനേ!
(കല്ലോല

2. താമരദലായതാക്ഷി നീ മതി മതി മോദിക്കിൽ
കാമിതഫലത്തിനെന്തു താമസം നാഥേ!
സോമാഭിരാമമുഖി! സീമാവിഹീനമാകും
ഭീമാഘജാതിഖേദസ്തോമമൊഴിച്ചീടേണം

കാമ ലോഭ മത്സരാദികളെന്നിയേ തവ
ശ്രീമയാംഘ്രിയിണ തന്നിലന്വദിവസം
ആമയഹരമായ പ്രേമം വളർന്നീടുവാൻ
സാമോദം കൃപചെയ്ക ദാമോദരസോദരി!
(കല്ലോല

KOTTAYAM PUBLIC LIBRARY KOTTAYAM.

## 19. മോഹനം....ചാപ്പ്

പ: ചൊല്ലേറും പൊഴിക്കരയിൽ വാണിടുന്നോ-
രല്ലൽനാശിനി കൈതൊഴാം.

അനു: കല്യേ വല്ലവകുലവല്ലഭാത്മജേ! തായേ
കമലഭവമുഖവിബുധസമുദയ
കാമദേ! കമനീയരൂപിണി! (ചൊല്ലേറും

പ: 1. മല്ലലോചനേ! നിൻകൃപാ ഞങ്ങളിലെന്നും
കില്ലെന്യേ വിലസീടേണം.
കല്യാണി തവ പാദ പല്ലവയുഗമെന്യേ
നല്ലതൊരു ഗതിയില്ല സുരുചിര
ചില്ലിവല്ലിമതല്ലികേ ബത! (ചൊല്ലേറും

2. ഗർഗ്ഗമുഖമുനികൾ കൈവണങ്ങുന്ന
ഭർഗ്ഗേ കന്മഷനാശിനി!

ഭൎഗ്ഗമഹിഷിയും മാർഗ്ഗവീയശ്ശും നീയേ
ഹൃൽഗതാമയ ദുഃഖതോഗ്ഗണ
വർഗ്ഗനിലയ വരാംഗി പാലയ. (പൊല്ലേറം

3. നിൻകൃപാലവം കൊണ്ടല്ലോ ഞങ്ങടെ സൎവ്വ
സങ്കടമകന്നീടുന്നു.
കിങ്കരജനങ്ങളാമെങ്ങളിൽ സദാചാരം
തിങ്കൾ നേർമുഖി! നിങ്കലഭിരുചി
യങ്കുരിപ്പതിനങ്ങൾക്ക വരമയി! (പൊല്ലേറം

## 20. മോഹനം....ആദി

പ: ഭജിക്ക നീ രാമനെ നിത്യം മാനസഭക്ത്യാ
ഭജിക്ക നീ രാമനെ നിത്യം

അനു: രമിക്ക നീ ശോഭനേ രമാരമണപാദേ
സൎവ്വകാലം
ത്യജിക്ക സത്തുക്കടെ വാസം ലഭിക്ക
വേണമതിനായി. (ഭജി

ച: അനിത്യമെന്നറിക ദേഹം കളത്രസുഖം
നിനയ്ക്കിൽ മിന്നലോടു തുല്യം
കനത്ത വീൎയ്യമാൎന്ന യമഭടർ കോപമൂദി-
ക്കുമ്പോൾ
നിനച്ചപോൽ സാധിപ്പതിന്നു നിനക്ക
സംഗതിവരുമോ. (ഭജി

2. പുണ്യമേററം ചെയ്കയാലിഹ മാനുഷനായി
വന്നു സംഭവിച്ചതോർക്കേണം
എന്നിരിക്കവെയിനിയും പിന്നി-
ലായീടരുതെന്ന-
ഉന്നിയെല്ലാ സമയവുമുന്നതഭാവം വെടിഞ്ഞു.
(ഭജി

3. സേവകരിൽ കൃപയേറും കൃപയിനാലേ
പാപജാലമതു മാറും.
ശ്രീ വസുദേവാത്മജൻെറ പാവനമാം
പാദയുഗം
ആവോളം ഭക്ത്യാ ഭജിച്ച സേവക
നിനക്കു ഭാഗ്യം. (ഭജിക്കു

# അഥ ദ്വിതീയഹാരാവലി

## 21. നാട്ട....ആദി

പ. ചന്ദ്രനേർവ്വദനേ! കൃപാവസതേ!
പരിപാലയ ശങ്കരി
ചന്ദ്രനേർവദനേ! കൃപാവസതേ!

അനു: ചന്ദ്രികാലസന്മന്ദഹാസമര-
വിന്ദനേർമിഴി മാനസേ ഭാതു മേ. (ചന്ദ്ര

ച: 1. സാമജസമഗാമിനി ശൈലസുതേ
ജഗദീശ്വരി നിന്നുടെ
കോമളാംഘ്രി സരോരുഹമേ ശരണം.
യാമിനീചരനാശിനി ഹേ ജഗ-
ദാമയാവലിഹാരിണി മോഹിനി
പുഞ്ചിരിയതു തഞ്ചിടുമമലാഞ്ചിതമുഖി
നിഞ്ചരണതലഞ്ചലമിഴി പാലയതാം
മാം സദാ. (ചന്ദ്ര

2. കംബുകണ്ഠി കമനീ മനോഹരി
തചിരാധരനിർജ്ജിത
ബിംബചാരുഫലേ! സുവിലാസനിധേ!
അംബ ഹേ സുഖയാനിശം തേ കൃപാ-
ലംബകശിശു കേശവസേവകം
സമ്മദമനിശമ്മതിമുഖികിമ്മയി
ജഗദംബികേ
സന്മൃദുമൊഴി വിതരസിനോ ഭൈരവി. (ചന്ദ്ര

# 22. മുഖാരി....ആദി

പ: കാത്തരുൾചെയ്തീടുക കാർത്ത്യായനി മാമീശ്വരി

അനു: കാർത്തസ്വരകലശസ്വാർത്തിദകുചയുഗേ. (കാത്ത

ച: 1. ചേതോമോഹനമണിവലയേ നീയെന്ന്യേ
പാർക്കി-
ലേതൊന്നാശ്രയം ഭൂമിവലയേ നിന്നുടെ പാദ
പാഥോരുഹയുഗളം കലയേ-തീർക്കമേ യമ-
ഭൂതോത്ഥവാമയങ്ങൾ വിലയേ
ലോകാർത്തിഹര-
ണോദ്യമേ ദേഹി കാമിതമദ്യ മേ
നിൻഗുണൌഘമ-
വേദ്യമേ, എന്നാലും വേദവേദ്യമേ
കൃശമധ്യമേ. (കാത്ത

2 ഭാഷണജിതപികപഞ്ചമേ ജനനി പരി
തോഷേണ നീ കരുണാം മുഞ്ച മേ
അതോർക്കിലോ സു-
വേഷന്നാമലേ പോരും കൊഞ്ചമേ
തീർത്തരുളീടുക
ഭീഷണമഘതാപം കിഞ്ച മേ ഗമനജിത
വാരണേ! കൃതദനുജമാരണേ! പേശലേ
പാപവാരണേ
പടജിതബാലാരുണേ! രിപുദാരുണേ! (കാത്ത

3. കഞ്ജദലായതാക്ഷി മായേ തായേ വിബുധ-
പുഞ്ജാർത്തിയൊഴിപ്പതും നീയെന്യേ
യോഗിഭിർ
മഞ്ജുളാമലകാന്തികായേ കാമദായിനി
സഞ്ജാതഭക്തിനേത്രപേയ മഹോത്സദേഹ-
മണ്ഡിതേ മോദിതാഖിലപണ്ഡിതേ
കർവരീപാപ-
ഖണ്ഡിതേ കേശവദാസവർണ്ണിതേ
സതി ചണ്ഡികേ! (കാന്ത

## 23. ശങ്കരാഭരണം....ചാപ്പ്

പ: ആർത്തപരായണ ഹേ ശംഭോ ശിവ
പൂർത്തിയരുളീടുക.

അനു: നേർത്ത ശശികല മൂർദ്ധ്നി ചേർത്തൊരു
സാത്വികമൂർത്ത കപർദ്ദിൻ മഹാമതേ!
(ആർത്ത

ച: 1. കാന്തസ്വരാംബരനും സദാ തവ
കാൽത്താർ പണിഞ്ഞീടുന്നു.
ചീർത്ത സമരസമാർദ്ദവം വാർത്തൊരു
നേർത്ത മൊഴിയുമ ചേർത്തു വാഴ്ത്തീടുന്നു. (ആർത്ത

2. മൃത്യുഞ്ജയ ഭഗവൻ കൃപാലയ!
കാർത്ത്യായനീ രമണ!
ദൈത്യാവലീഹര! സ്വാസ്ഥ്യമരുളുക!
നൃത്തവിചിത്ര ഗുണത്രയ കാരണ! (ആർത്ത

3. ആത്തപൂബാണ ഹരേ! മഹേശ്വര!
കൃത്തിവസന വിഭോ
പാർത്തല മാർത്തിതീർത്താത്ത ലീലം വിനോ-
ദാത്മമായ് തീർത്തങ്ങു ചെത്തു പാർത്തീടുന്നു.
(ആർത്ത

4. ചീർത്ത ഭുജംഗവിഷം അമൃതവൽ
നേർത്തു പാനംചെയ്ത നീ
ആർത്തനാമെന്നുടെ ആർത്തിതീർത്താനന്ദ
മൂർത്തേ കരുസുഖപൂർത്തി സുകീർത്തിയും.
(ആർത്ത

5. വീർത്തുള്ള ഭക്തിഭരം തവാമല!
മൃത്യുല്ലാസേ വരേണം.
ധൂർത്തല്ലയേ പരമാത്മനന്യാശ്രയ-
മോർത്തില്ല കേശവകീർത്ത്യമാനാകൃതേ!
(ആർത്ത

## 24. ആനന്ദഭൈരവി... ആദി

പ: കേവലാത്മൻ മഹേശ! പരാനന്ദ! ഭൈരവീ-
ശാവലംബാ നീയേ ശാശ്വത!

അനു: വാനിലുള്ളോർ മനോഭവ
കാമദാനലോല പാഹി. (കേവ

ച: 1. വിശ്രുതഗുണാലയ! നാഥ! വരദാനം തേ
കൃഷ്ണ്റമേ സന്താനസന്നിഭ!
തച്ചരിതം ശ്രീപതേന്നഗാശ്രയ തവ ചരിതം
നശ്വരലോകതിയാൽ പരമേശ്വര!
നിശ്ചയമേവം. (കേവ

2. തൽക്കഴലിണ തൊഴുന്നവർ മിഹിരതന്തു-
ജവല്ല! തേ ഭക്തന്മാർ നിർണ്ണയം.
യൽക്കരോമി പശുപതേ! തൽക്ക-
നിവിനാഡ്ഡരേണം
നിത്യവും കേശവദാസേ ശങ്കരസൂരതോ ഭവ.
(കേവ

## 25. ബലഹരി....ആദി

പ: ഹര കരുണാലയ ലസ ഹൃദയാന്തേ
ഗിരിവരദുഹിതൃ മനോരമ ലീല! (ഹര

അനു: വിശ്വജനപ്രീത വിതരണ ലോല
വിശ്വസുധാദിവിനുത ശുഭശീല. (ഹര

പ: വിശ്രാവോജ്വല വിവിധചരിത്ര
പ്രശ്രയഭാഗ്ജന സുവരദമിത്ര
രമധാം ദേഹി വിഭോ ലസദേധാം
ബാധാം ഹര ശിവ സുമഹോത്സേധാം
ഈശസുധാകര ഭൂഷണശംഭോ
കേശവസേവിത കരു മേ ശം ഭോ! (ഹര

## 26. ഖമാജ് ചായ്പ്

പ: പാലയ സുന്ദരി സന്നിധിയേ
സതിയേ സദയേ. (പാലയ

അനു: കാലനീരദകാന്തേ കദനഹാരിണീ തായേ
കമനീയമുഖജിതകമലേ! വിമലേ! വികലേ!
(പാലയ

ച: ഗിരിശനന്ദിനി തവ കരുണാലേശം വരികിൽ
വരുമോ നാരകഭീതികണിക കാണ്മതിന്നു
തനയ കേശവനാമവിന്നതേ!
താന്നിയിൽ മേവും
ഘനതരുചി നവമണി വലയേ കലയേ വിലയേ.
(പാലയ

## 27. കാപി....ആദി

പ: ചെററിങ്ങു കൃപയരുൾക ലോകേശ്വരി
പുററിങ്ങൽ വാഴുമംബികേ!

അനു: കററങ്ങളാകവേ തീർത്തു പാലിക്ക നീ
മററിങ്ങില്ലാശ്രയം മേ ജനനി ഹേ.
(ചെററിങ്ങു

ച: 1. തവ കരുണാലവമുളവാകിൽ കര-
തലഗതമേ ഭവികം മഹാമായേ
സുംഭനിസുംഭമുഖാസുരനാശിനി
ജംഭാരിവന്ദ്യേ ശുഭേ കൃശോദരി! (ചെററിങ്ങു
2. വിദ്യാമയി സമവിദ്യേ ഭഗവതി
ഹൃദ്യാമൃപദിശ മേ ശുഭാത്മികേ!
സേവകകേശവബാലിശഹൃദയേ
മേവുക നീ സതതം വിലാസിനി! (ചെററിങ്ങു

## 28. കല്യാണി....ചാപ്പ്

പ: മംഗളദേവതേ പാഹി മാമനിശം സതി

അനു: തുംഗഭാഗ്യവിഹാപിത ലോലശീലശാലിനി!

ച: 1. അമരികൾ പണിയുന്ന നിൻ
വിമലമനോഹര കീർത്ത്യാ
സമതയറ്റെന്തിരാശ്ലാഷ്ടതിന്നഹോ.
പനിമതിക്കും മഹി വഹിക്കും
ഫണിപതിക്കും പണി നിനയ്ക്കുമ്പോൾ.
(മംഗല

2. അനുദിവസം തവപാദം മനതളി-
രിലോർത്തു ഭക്ത്യാ
വിനതി ചെയ്തീടുമെന്നിൽ മതിമുഖി തേ
കനിവതില്ലേ ഭവതിയല്ലേ
ജനനി കല്യേ വരദ ചൊല്ലേ ഹേ. (മംഗല

3. സേവകകേശവചിത്തേ മേവുക
പൂമകളേ നീ
ഭാവുകമയി ദേഹി ഗുണവതി തേ
കൃപാവരണം മമ ശരണം
ശുഭശരണം തവ ചരണം മേ. (മംഗല

# 29. സുരുട്ടി—ആദി

പ: സകലവിബുധമാന്യേ രമേ ഹൃത-
സൎവ്വദാസ ദൈന്യേ!

അ.നു: സകല ഹിമകിരണ സന്നിഭ വദനേ!
സരസിജമിഴി കരുവിന്ദ സുരദനേ! (സകല

ച: 1. കഞ്ജനേർമുഖി നിൻ കൃപാലവ-
മെന്നിൽ വിലസുവാനായ് പദ-
കഞ്ജമേവ സന്തതമയി മധുമൊഴി
കരളിലോർത്തിടുന്നേൻ
കുഞ്ജരേന്ദ്ര സമഗാമിനി പരഭൃത
പുഞ്ജഖേദകരവാണി ജയ വിലസ-
ദഞ്ജനരുചിവര മഞ്ജുനയന ഹത-
ഖഞ്ജരീട പുഞ്ജമദഭരേ ബത. (സകല

3. രണ്ടു കണ്ണുകൾകൊണ്ടു നിന്നുടെ
രൂപശോഭയെല്ലാം—സതി
കണ്ടുകൊൾവതിനൊരിണ്ടൽ പിണഞ്ഞഥ
കൊണ്ടൽവർണ്ണമുടയോൻ
കണ്ഠചീരഫണമണിഗതനിജ തനു-
രൂപകൈതവാൽ പുരുനയനനെരിഹ
കണ്ടു മരുവതിന്നു വേണ്ട തരമിചയ
മാണ്ടു വാഴ്വുണ്ടു കണ്ടുകൊൾകയി. (സകല

4. വാസുദേവമദനോഹരാനന
വികചകമലമധുവേ - വിധു
ഭാസമാന പദയുഗനഖരേ ഹര
ഭാസകേശവാർത്തിം
വാസവദപീപക കംഭവിജയപടു
ഭവികവൂർണ്ണ കച ശോഭിത ഹാരസ്യ-
ഭാസഹൃതഹരിമതേ സരസം കുരു
ഭാഗധേയഭോഗസാഗരം ബത! (സകല

## 30. ശ്രീരാഗം....ആദി

പ: ജയജയ മാധവ ജയ ജഗദീശ!
ജനിമൃതിനാശന ജാനകീനാഥ! (ജയജയ

അനു: ഭൂരിതസേവക ദുരിതസമൂഹ!
ദാരിത ദാനവ സമുദയ ദേഹ!
പൂരിതദേവകുലേശ സമീഹ!
വാരിത ഭീമഭവാംബുധിമോഹ! (ജയജയ

ച: ആരറിയുന്നു ഭവന്മഹിമാനം
കാറണി മഞ്ജു കളേബര നൂനം
ഈശമുദേസ്ത തവേദമദീനം
കേശവബാലിശ വിരചിതഗാനം. (ജയജയ

# 31 . കല്യാണി....ആദി

പ: മോഹിക്കൊലാ മനമേ വധൂജനേ
മോഹിക്കൊലാ മനമേ.

അനു: ഹാഹാജഡമായ ദേഹമണവാനു-
ത്സാഹം വരും മായാ സാഹസാലെന്നോർത്തു.
(മോഹി

ച: 1. പാരവും ശ്ലേഷ്മം നിറഞ്ഞ വദനവും
ഭൂരിമലപരിപൂർണ്ണമുദരവും
നേരാകിൽ മാംസമയമായിരിപ്പൊരു
ചാരുജഘനവും സാരമധരവും (മോഹി

2. ദർശനേ സന്താപം സല്ലാപേ മോഹനം
ആശയസംഭാഷണമതിൽ സംശയം
സ്പർശനമേളനവേളയിൽ സംഭ്രമം
നാശമല്ലാതെയെന്തോർത്താൽ സുഖമിതിൽ.
(മോഹി

3. കേശവ! മാധവ! തേ പദസേവകം.
കേശവമേനം കൃപാനിധേ! പാഹിമാം
ഈശനെയേവം ഭജാനിശമന്തക
പാശനിരയതിലേശാസ്പുതിനായി. (മോഹി

## 32. കാപി....ആദി

പ: പാലയ വല്ലഭലേശ! ജനാർദ്ദന! (പാലയ

അനു: നീലസരോരുഹ നയനമനോഹര! (പാലയ

ച: 1. സനകമുഖാമരമുനിവരസേവിത
മനസി വിളങ്ങീടുക ദിവാനിശം. (പാലയ

2. കരൽത്തളിരടിയിണ ഹൃദി ചേർത്തുവണങ്ങിന
പാർത്ഥലവാസിജനേ കൃപാകര! (പാലയ

3. ബുധമകുടീമണി സംഹതി ചുംബിത
പദമണിപാദുക ഹേ സുഖാലയ! (പാലയ

4. തവപദവിനതി പരായണ കേശവ
ദാസേ വരമരുളുക ജനാർദ്ദന! (പാലയ

## 33. പരസ്സ....ആദി

പ: സൂനേഷു രമണീയാമിതരുചി
ഹാടക മകുട വിരാജിത ഹരേ മുകുന്ദ! (സൂ

അനു: ദീനജനവിബുധപാദപ! മുനിജന
മാനസഗഗന വിഹാരി വിഭാകര!
ഹേഫലനനീല! സുരജനപാല! പരിപാലയ
കൃപാനിലയ! (സൂ

ച: 1. അഞ്ചിതമന്ദഹാസ! പഞ്ചശരജനക!
കുഞ്ചിതാളകഗോപീസഞ്ചയാംബുജ ഹംസ!
രിപുഭീമ! പുരുകൃപയാ മമ കുരു
ഭാമാപതേ ശമയി. (സ്വ

2. പേശലപദനത കേശവ! ഹൃദി ജഗ-
ദീശ! ഹരേ! ഖലവിനാശന! ഭോ വിലസ
പങ്കഹീനാമല! പങ്കജാക്ഷ! വൈകുണ്ഠ!
ശിതികണ്ഠനുത! (സ്വ

## 34. അസാവേരി....ഏകതാളം

പ: ബാലഗോപാലം ഭജ ഭജ ബാലഗോപാലം
അനു: നീലവലാഹകനിഭമഘഹാരം
പാലനപടുതര ശീലമുദാരം. (ബാല

ച: 1. ഇന്ദുപാരമന്ദഹാസശോഭനം സുര-
വൃന്ദരാജനിഷേവിതം പന്നഗാരി
വാഹനം, ശിവ
മന്ദിരമരിനിവഹ ഭീഷണം സുഭാഷണം.
(ബാല

2. കേശവാഹ്വായ സേവിതവർണ്ണിതം വിബുധേശസോദരമമേയം നാകനാരി മോഹിതം
ക്ലേശജാലഹരം ഗോപികാവൃതം പര-
മേശസരോരുഹയോനിപൂജിതം മുദാജിതം.
(ബാല

## 35. ശങ്കരാഭരണം—രൂപകം

പ: പൂമകം കണവ ഹേ പാലയ

അനു: സോമബിംബമുഖ! സീമാഹീനഗുണ!
കോമളാശരവിരാമ നീ ശരണം. (പൂമകം

ച: 1. പന്നഗാഭരണസന്നുതിശരണ!
കിം ന തേ കരുണയിന്ദിരാരമണ!
നന്ദഗോഭരണ നരകസംഹരണ! (പൂമകം

2. പാദപാതി സുരവര വിഭോ! വിഹര-
ചേതസി പ്രചുരജന്മഖേദഹര!
വേദരൂപകരവിധൃതപാരുദര! (പൂമകം

3. കേശവാഹ്വയകദാസനിന്നജിത
കേശവ! കരുണയോടരുൾവരം
കേവലം ചരണമാശ്രയാമി തവ. (പൂമകം

## 36. ഖമാജ്—ആദി

പ: സാദരമവ സുമശരജന കാമിതഗുണ മുരഹര
സാദരമവ സുമശരജനക!
അനു: മോദിനമുനിജന! സുദിതരിപുവര!
യാദവാളി സരസിജചയദിനകര! (സാ

ച: 1. പരമസുഖദ! ഫണിഗണപരി-

വൃഢശയന! നാഥ!

പാലിതഗജപരിണതശശധരസമവദന!

പദയുഗവിനജനാമരപാദപ!

പാപവിപിന ദവദഹന! നരകഹര! (സാ

2. ചരണയുഗളമയി തവ വിലസതു

മമ ഹൃദയേ ദേവ!

ചാരുമധുരതരമതിശുഭഗുണപുരുവിനയേ

നിരവധിലയഗതസദനമപി ദിശതു

നീരദാഭകാമിതമജമുഖനുത! (സാ

3. ഭയദമനുജഹരിവരതനുധര സുകുമാര ധീര

ഭാരവിവശധരണീസുഖകരവരഹാര

ഭവഹരപദനത! കേശവശിശുമതി

ഭാസമാന! ബത സുഖയ ഭുവനവര! (സാ

## 37. നാഥനാമക്രിയ — ഏകതാളം

പ: സരസഗോപാലകൃഷ്ണ! സതതം ഭജാമി. (സ

അനു: സരസീരുഹായതനയന! മുരാരേ

സാദരമവ ശൌരേ! മാധവ! (സ

ച: 1. വേണുരചിത "സരിസാ സരിസരിഗമ

സനിധപസനിധ"രവാസുരുചിര

നിഗമശിരോമണി ധീര ഗംഭീര!
നിരുപമദുരിതഹര സുധീര! (സ

2. മയ്യൽമിഴി രാധികയനിശം കൊണ്ടാട്ടും
മെയ്യുള്ള വിലസേണം മമ ഹൃദി
മുരഹര! പരിപാലിത ദയനീയ-
മുനിജന ഭജനീയ! ഗുണാകര! (സ

3. ജലധിസുതാകുചയുഗശയനീയ!
ജയജയ കമനീയ! കൃപാകര!
തവ പദസേവകകേശവനാശ്ശി
തമസമെന്തരുളംവാൻ വരമിനി. (സ

## 38. യമുനാകല്യാണി—ചായ്പ്

പ: ശൃംഗാരരയാനിസമാന! ശൌരേ!
ഭൃംഗാസിതാഭ! ഭുവനനിദാന!

അന: അംഗാരകാന്തിവസന! നിരാമയ!
ഭംഗിതരംഗിതരമ്യതരാംഗ! (ശൃംഗാ

ച: 1. ദുഷ്ടവൃകാസുര ചേഷ്ടിതഭീതനാ-
മഷ്ടതനുപരിപാലനലോല
വൃത്തകമലാകുചകലശീയുഗ-
കസ്തൂരിമത്സ്യവിലസിതവത്സ! (ശൃംഗാ

2. ശർവാംശജാതനാം ദുർവ്വാസസംഗത-
ഗർവ്വകനാക്കിയ സർവ്വം സഹേശ!
കേശവനാമകൃതസ്തവേ മോദേന
കേവലാനുഗ്രഹമേകുക നാഥ! (ശ്രൃംഗാ

## 39. സൌരാഷ്ട്രം ചായ്പ്

പ: പങ്കജദളനയന പാലയ പാലയ ദേവ!
നിൻകഴലിണ സതതം നീരദാഭ!
വണങ്ങുന്നേൻ

അനു: കിങ്കരനായീടുമെന്നെ വൻകൃപയാനുഗ്രഹിക്ക-
സങ്കടങ്ങളകലുവാൻ സർവലോകനാഥ!
സൌരേ.

ച: 1. ലോകസുന്ദരമുകുന്ദ! നാകനാരീമനോഹര!
പാകശാസനസഹജ! ശോക-
മെല്ലാമൊഴിക്കേണം.

2. നിന്നുടയ നാമജപമൊന്നുകൊണ്ടു വിശ്രുതനാ-
യുന്നതഭ്രൂക്ഷണൻ താനും നന്ദിയോടേ
വാണീടുന്നു.

3. ചൊൽവതെല്ലാം നിൻ ചരിതമാ-
സ്സരേണം നരകാരേ!
കൈവരേണം ഭക്തിയും മേ കൈതവ-
ഗോപാല! നാഥ!

4. പാവന†രംഭാവിലാസഗേഹസംഭവകേശവ-
സേവക ഭാവുകശതം ദേവദേവ കുരു ശൌരേ!

## 40. സാവേരി....ആദി

പ: ജയജയ ജിതഗോപജാര സുമൂർത്തേ!

അനു: ജനിമൃതിവിനാശന! ജാതിമാല്യ-
വിഭാസികേശ! (ജയ

ച: 1. ഹരിഹയമുഖസുരസേവിതപദ! നര-
ഹരിവരരൂപധര! ഹരിവിധുനയ വിനമ്ര-
വരദഹര ഹരിഭടഭീതിമയേ! കമലാവര! (ജയ

2. ശമലമമലഗുണ മേ ഹര മാധവ!
കമലനയന! ഭഗവൻ
കമലശരജനക! നന്ദസുകൃതഫല
കാമലാഭമുദിതാഖിലസേവക! (ജയ

---

† കവിയുടെ കുടുംബനാമം—വാഴവിള.

3. ഗോരസയാചനയാപി ഹി വല്ലവീ
ഗോരസദോസി വിഭോ!
ഗോരസമയി കുരു മഹിതമയിദയിത!
ഗോരസനായക കേശവനാമനി. (ജയ

## 41. ആനന്ദഭൈരവി....ആദി

പ: പാഹിമാം ശ്രീപത്മനാഭ! ഹേ! സ്യാനന്ദൂരേശ!
ദേഹി മേ കാമിതമധുനാ

അനു: ദേഹിനാമാശ്രയഭൂത! ദേവദേവ മുരാന്തക!
(പാഹി

ച: 1. എത്രനാളുണ്ടഹോ നിന്നുടെ പാദസേവനം
അത്ര ഞാൻ ചെയ്യുന്നു മാധവ!
എത്രയെന്നു ചൊല്ലീടാവതോ ശ്രീ പത്മനാഭ
സ്തോത്രജാലമിന്നു ചെയ്കിലും
ഇത്രിലോകിയതിൽ നിൻപാദത്തെ
വിശ്വസിച്ചവരിൽ
കുത്ര വാണീടുന്നു കാമമെത്തിടാതെ-
യുള്ളോർ നാഥ! (പാഹി

2. ആശ്രിതവാത്സല്യമോർക്കിലോ ഭവാനു തുല്യം
ആർക്കുമില്ലെന്നല്ലോ നിർണ്ണയം.

വിശ്രുതം നിൻനാമമൊന്നഹോ
ചൊൽകയാൽ മുക്തി-
യാശ്രയിച്ചു മഹീദേവനും
ആശ്രയിച്ചു മഹീശനെയാനയാക്കിയതും ജഗ-
ദീശ്വരനെന്നുള്ള മതം തീർപ്പതി-
നല്ലയോ നാഥ! (പാഹി

3. നിന്നിലിന്നു വിമുഖന്മാരും സുഖേന വാണീ-
ട്ടന്നവെന്നതോർത്തു കാണ്കിലോ
നിന്നുടെ പാദാംബുജങ്ങളെ-പൂർവ്വജന്മനി
നന്ദിയിൽ ഭജിച്ചവരല്ലോ.
എന്നതിനാലിന്നു തവ സുന്ദരപാദം ഭജിക്കും
എന്നെയഖിലേശ പരിപാലയ കേശവദാസം.
(പാഹി

## 42. യമുനാകല്യാണി....ആദി

പ: ഹരേ! സുരപാലസാമജയാന!

അ്നു: പരിണതസോമസുതചിരനീരദക
സുരുചിരകോമളതരവദന! ഹരേ! (ഹരേ

ച: 1. ഘനതരവേഷസുപദകമലം
തവ, മനസി ഭജേ സമദുരിതഹരം (ഹരേ

2. കരകമലോജ്വലദര! പരിപാലയ
മരതകമേചക മഹനീയ (ഹരേ

3. ജലധിസുതാകുചയുഗപരിരംഭണ
പുളകിതവത്സക കമനീയ ഹരേ! (ഹരേ

4. ശതമഖലോചനകമലദിവാകര!
ഹതദശകന്ധര! ഹരവിനുത! (ഹരേ

5. തവ നുതിലോലുപകേശവബാലിശ
നവ ശുഭ ഗീതമിദം ലസതാൽ. (ഹരേ

## 43. ഉശാനി... ചായ്പ് (കുമ്മി)

1 ജയജയ മാധവ ശാർങ്ഗപാണേ!
ജയജയ ദേവ ജനാർദ്ദന ഭോ
ജയജയ ശൌരേ നമോസ്തുതേ
ജയ നരകാരേ നാരായണ
ജയ മാധവ ജയ കേശവ
ജയ വാസവമുഖ സേവിത
ജയ ശരണം തവ പാദപത്മം-ദേവ
ജയ കരുണാലയ നന്ദസൂനോ.

2 വല്ലവിമാരുടെ വീട്ടുകളിൽ
മെല്ലവേയങ്ങു ഗമിച്ചു മുദാ

വെണ്ണയും പാലും എന്നല്ലവർ
മാനസംപോലും കവൎന്നവ-
രന്വേഷിച്ചാലും കാണാതെങ്ങും
സഞ്ചാരമൊടഞ്ചാതിഹ
പൂഞ്ചേലനിറം ചേൎന്നോരു
കാഞ്ചനകാഞ്ചി കിലുങ്ങീടവേ-വാഴും
അഞ്ചിതമൂൎത്തേ! വണങ്ങിടുന്നേൻ.

3 കേശവദാസമനമതിങ്കൽ
കേശവ! നീ വിളയാടീടേണം
ഈശാസമോദം മമാഖിലം
ആശയഖേദം കളവാൻ സു-
പേശലപാദം വണങ്ങുന്നേൻ
ആശാഹര! ഹേ ശാശ്വത!
ഈശാ ജഗദീശാ! ഭവ-
നാശവിനാശന! ദാശരഥേ! രാമ!
കേശിമഥന! വികാശനിധേ!

## 44. കാമോദരി....ആദി

പ: കനകസദൃശസുരുചിരവരവസനമുരാരേ!
കേശവദാസ-
മനസി വിലസ ശുഭനിലയ
മഹിതഗുണശൌരേ!

അനു: ജനനജരണജ്ജുഷാ മഹതിസംസാരേ!
ജനനരഹിതപരപുരുഷ കംസാരേ!
ജനിതനിഖിലനരകുലഭയപൂരേ
ജാനകീശ! ശരണം ത്വമപാരേ. (കനക

ച: 1. സാരസോത്ഭവമുഖബുധനുതശീല!
ശോഭനപാദ!
സാരസാനതശുഭവിതരണലോല!
ഗോപമൃഗാക്ഷീ
വരമോഹനകര സുമഹിതലീല! മധുരതര
ഹേലാരഹിരണ്യകശിപുസുതപാല!
ഹരേ മുകുന്ദ!
പരിണതഹിമകരസമസുരുചിരമുഖ
ശരദിജവികസിതസരസിജദളസമനേത്ര!
ശാശ്വതദേവ!
സുരപുരവരമണിമയതലഗതസുര-
വരമൃഗദൃശനിശസരസഭരവിനുതഗോത്ര!
ജലധികന്യാ

വര! നിഖിലഭുവനവിദിതരുചിരതര
സരസിജശരതനുജിദമലസുമഹിതഗാത്ര!

വേണുരചിത

'സരിഗമ രിഗമപഗമപധമപധസാ
സനിധപ നിധപമ ധാപമാ ഗതവസുപവിത്ര!
കരു കരുണാം-
കിഞ്ചഘനസഞ്ചയസമാഞ്ചിതകചാഞ്ചലക
കാഞ്ചനസുകാഞ്ചിഗുണലാഞ്ഛിത-

വരമൃദുലനേത്ര!

ബാലകലേശ-
ഫാല! പരിപാലയ കൃപാലയ! വരാലയ! സു-
നീല സുരപാലഗളലോലമണിമാലധൃഗാത്ര!
ശൃംഗാരധാമൻ!
ഗർഗ്ഗമുഖസൽഗമുനിവർഗ്ഗവിധിഭർഗ്ഗവര-
ഹൽഗളിതഭക്തിഭരസൽഗ്രഹ-

മമാഗ്രതോനമിത്ര

വിലസ ഹരേ!
സത്തമ ഗുണത്രയ തന്ത്രത്രയപവിത്രിതജ.
-ഗത്രയചരിത്ര സുരമിത്ര! ഖഗപത്ര!

ഗുണപാത്ര!

കൌണപമാഥ
പുരുദ്രവിണദമഘ സമുദയഹാരം
ദരിദ്രജനസരസിജാവലിസൂരം
സുരദ്രുമജയപടുചരണമുദാരം
സൂരിവിനുത വന്ദേ തവ പാദം. (കനക

2. ശ്രീവത്സവിശോഭിതവത്സ! മുകുന്ദ!
കൌസ്തുഭാമിത.
ശ്രീവാസഗളാഹിതഹരഗോവിന്ദ-പാദയുഗള
സേവാരതലബ്ധവരാമരവൃന്ദ! വിഭോ! മഹാനു-
ഭാവാ! മുനീശ്വര പരമാനന്ദ! ദേഹി കാമിതം
പശുപയുവതിമുഖസരസിജസമുദയ
മധുകര! ഭുജയുഗവലയിത യുവതിസഹസ്ര!
നിശാഗമനേ
ഭൃശരുചികര പദയുഗധൃതനിരവധി
മണിഗണബഹുവിധകിരണാവിദളിത-
തമിസ്ര-ബഹിർഗമിത-
പശുപതികമലജശതമഖമുഖസുര-
വരഭയകരഖലസുരരിപുനിവഹഗളാസൃ-
കൃപയാ സമം
നിശമയ മമ ശുചമഖില ജഗദധിപ
കരശുഭതതിമയിതനഖരുചിജിത-
മിഹിരോസ്ര ഹരേ വേദാന്ത-
വേദ്യ! നിരവദ്യഗുണഹൃദ്യ! വിബുധാദ്യഹത-
വിദ്യസമവിദ്യ! വരമദ്യ ദേഹിസദ്യ
ഏവധീര-നന്ദജ! കൃത
കൃത്യസമ ഭൃത്യവരസത്യരൂപ മർത്ത്യരൂപ!
നിത്യഗുണവൃത്യമേയമൃത്യുഹര
ന്ത്യമലാഗാര! സാദരനയ

കൃഷ്ടിചയ തുഷ്ടിഗുണപുഷ്ടികര ഹൃഷ്ടഖല-
തുഷ്ടി നമദിഷ്ട ദസുമൃഷ്ടമണിവല്ലൃഷ്ടി-
വരഹാര! ഹരാഘചയം
സന്തതമനന്തഗുണസന്തതിനിശാന്തക സു-
കാന്ത മഹീകാന്ത ദനുജാന്തക-
ഗതാന്തയദുവീര കമലാപാണേ!
വിധുകിരണച്ഛുരിതോദരജലധര
സദൃശകുസുമവിലസിതകചഭാര!
വദവദ കസ്ത്വേവ്യോ ഭവദിതര
ഇതി മധുമുരഹ! നതഹിതകാര! (കനക

## 45. തോടി....ആദി

പ: രാധാവല്ലഭ! നീ താനാശ്രയം
ബാധാനാശന! ശൌരേ! (രാധാ

അനു: ഭേദധാ ചിന്തവെടിഞ്ഞഖിലേ പര-
മാധാരം തവ പദമിതി ജാനേ. (രാധാ

ച: 1: അമർത്ത്യഗണമതു സമസ്തവും സമ-
സമർത്ഥകരം ബത വരത്തിട്ടും തവ
പദത്തിലനുദിനമുരത്തെഴുന്നൊരു
പ്രിയതമൊട്ടു ദിവി വസതു ഹോ.

അന്നന്നോരോ വരങ്ങൾ വരിക്കയും - ഭീതി
നന്ദനഗണങ്ങൾ വിഹരിക്കയും - തവ
പൊന്നിൻപദങ്ങളെ വിസ്മരിക്കയും - പിന്നെ
നിന്നോട്ടു സമരത്തിൽ മരിക്കയും
ചെയ്യുന്നു പാർത്തുകണ്ടാൽ വിചിത്രമോ?
ഗർവബലാദിയൊരു തന്ത്രമോ? ദൈവ
ഗതിവിവിധ ഭാവവുമസത്യമോ?
കൈവരും സുഖമതനിത്യമോ?
ബാലിശജനം തവ ലീലകളറിയാഞ്ഞു
കാലിണ ചിത്തേയൊരു കാലമോർക്കുന്നോ?
പാരിൽ
കന്മഷങ്ങളഖിലവുമുന്മൂലനം ചെയ്യുതിന്നായ്
കണ്മുനയെന്മേലയപ്പാൻ ചിന്മയ!
താമസമെന്തേ? (രാധാ

2. സുരപ്രഥമമുഖഹരിൽപ്രഭൻ - ഹൃദി
പുരുപ്രമദമേകി ഭരിപ്പതും - നിജ-
പിതൃപ്രഭൃതികടെ പരിഭ്രമം - കള-
ഞ്ഞതിപ്രമദഭരം വരുത്തുവാൻ
ഉന്നതഗിരിവരം ഹരിച്ചതും - കരം
തന്നിലൊരു കുടയായ് ധരിച്ചതും അര-
വിന്ദമിഴികൾ മാനം ഹരിച്ചതും - നിജ
സുന്ദരമായ കുഴൽ വിളിച്ചതും
വഹ്നി ഭയഭരമതൊഴിച്ചതും
ഉന്നതമായ ഗജം വധിച്ചതും
സന്നതഗാത്രിമാരെയെല്ലാമേ ഭരിച്ചതും
സുന്ദരഭാനുബിംബം മറച്ചതും

പാൎത്താൽ കോസലവസേവകാൎത്തി-
യൊഴിപ്പാനിത്ര-
മാത്രമായാസം വന്നതത്ര ചേരുവതോ? നിൻ
കാൽത്തളിർ മനോഭവനേ ചേൎത്തു
ബന്ധിച്ചീടുവൻ ഞാ-
നോൎത്തുകൊൾവതിന്നിയെങ്ങും പേൎത്തു-
പോവാനയയ്ക്കാതെ. (രാധാ

## 46. പരശു....ആദി

ച: വല്ലവീമൌലിമാലേ! രാധികേ! യെ-
ന്നല്ലലശേഷവും ചൊല്ലുക മല്ലാരിയോടു.
(വല്ലവീ

അന: അല്ലീതനയ തവ ചില്ലീവിലാസമെന്നിൽ
ഉല്ലസിപ്പാൻ കാലമതല്ലീ ചൊല്ലുക നാഥേ!
കല്യശീലേ! ശശിതുല്യഫാലേ ധന്യ
വല്ലീ സമചില്ലീ! ജയ. (വല്ലവീ

ച: 1. ചെന്തളിരടിയിണ സേവകനിവന്റെ
സന്താപമെല്ലാം തീൎത്തനന്തസുഖമരുൾക
സുന്ദരാംഗി ധൃതമന്ദരാംഗമേവം
ചൊല്ലുക മെല്ലെ രഹസി. (വല്ലവീ

2. പാലിതസേവകേ! നീലവിലോചനേ!
പാലയ മാം സുരപാലാദികവിനുതേ!
താരഹാരേ! മാധവാഗഭീരേ
ദിശ ചാരുശുഭപൂരമയി. (വല്ലവീ

3. കേശവസേവകശാബകമനമതിൽ
കേശവനോട്ടും വിലസീടേണമേ ഭവതി
പാടിതോടി ബഹുമോടി കൂടി മൃദു-
പാടി മരുവിടുമയി. (വല്ലവീ

## 47. കാപി....ആദി

പ: ഹംസരാജാനനശുഭജലധേ! മധുഹര ഭജേഭജേ
വിനതവിധേ മധുഹര ഭജേഭജേ
മമ സവിധേലസ ഖലു ഭജേ ഭജേ. (ഹംസ

അനു: ഹംസമാലസേവ്യ ഭോ ഭോ
ഹാരവിലസൽ രുചിരവത്സ! (ഹംസ

ച: 1. ഹാടകാടോപഹരണ! വാസുസ്സ്വാടിക-
രുചിരദന ഹരേ!
വരദ സ്ഫാടികരുചിരദനി ഭവികം ദേഹി
ഭവാദ്യവിനുത ഭവഹര മുരളീഗാനലോല!
(ഹംസ

2. നതിപരകേശവദാസദയാലോ
ഹലായുധാഗ്രജനേ!
ഘനഘനാഭഹലായുധാഗ്രജനേ! രഘുജരണ
രാധാരമണ നനുകൃപയാ ദിശസമീഹിതാനി.
(ഹംസ

## 48. കാപി....ആദി

പ: സ്ഫാരകൃപാവൈകാജിഹതാഹിത.
അനു: ഭൂരിമേഖലാശോഭിവരാംശുകേ വിലസ.
(സ്ഫാര

ച: 1. നൂതനഘനസമസുലളിതതനോ—ദേവ
പാദനിധീ മകുട ഭജേ ഭജേ കേ വിലസ.
(സ്ഫാര

2. നനു ഭവസ്ഥിതിലയവിനിഹിതാത്മക
തനുരുചിജിതകല്ലായാമല കേ വിലസ.
(സ്ഫാര

3. സ്ഫുരിതതിലകശോഭിത ഫാലകലാനിലയ
സ്ഫീതഗുണദാസപടലീസഖ! കേ വിലസ
(സ്ഫാര

4. സ്വർണനിഹതാസുര! കേശവ കേശവസേവക-
സ്ഫുടസുഖദാനലോല മാധവ കേ വിലസ.
(സ്ഫാര

## 49. ഢക്കാ....ഏകതാളം

പ: മാധവ ശമേകക സുരപാല ശോഭനശീല!
മാധവ ശമേകക മോഹന!

അനു: രാധാമാനസവല്ലഭ നന്ദജ!
നിന്നുടെ കഴൽ പൊന്നിൻപൂ
തൊഴുന്നേനഹം. (മാ

ച: 1. കാരിരുൾനിറംപൂണ്ട കാരണപൂരുഷ ദേവ!
കാരുണ്യാലയ ഹരേ കംസദമന!
പാരിടമടിയായി പാരാതളന്ന നാഥാ
സീരായുധസഹജ! സീതാരാമ നരകമഥന! (മാ

2. സൂര്യായുതപ്രകാശസാരസസന്നിഭനയന
സൂരിവിനുതഗുണസൂരവിഭോ
സരിഗമപധനിസാനി ധാപമാഗരി
സാരരവമോഹിത-സാ-മോ-
ദാമതീജനവരദ! (മാ

3. കേശവദാസൻ ചൊല്ലും ഗാനമതിലിന്നു കൃപ-
യാശയമതിൽ വേണം കേശവ ഹരേ!
ഈശാ ജനകതനയേശാ ശമന ഭട
പാശഭയം കളഞ്ഞു-പാ-ഹിമാമനവരതമയി
(മ

## 50. ഏശൽ....ചായ്പ്

1 ലക്ഷ്മീപതേ ഭഗവൻ ജനാർദ്ദന
രക്ഷാനിപുണ ഹരേ!
സാക്ഷാൽ ജഗന്നാഥ പാലയമാം സർവ
സാക്ഷിയാമീശാ വിഭോ!

2 സർവശരീരങ്ങളിൽ ജീവചൈതന്യ
സർവദാ വാഴുന്നതും
ശർവമുഖാമരസേവ്യ ഹരേ നാഥ!
സർവേശാ നീയല്ലയോ.

3 ഭക്തിയാമൊന്നുകൊണ്ടു ജീവൻ കർമ്മ
മുക്തനായ് നിന്നോടുള്ള
ഐക്യമതു ലഭിച്ചീടുമെന്നല്ലോ നിൻ
വാക്യേ കാണുന്നു വിഭോ!

4 ഭക്തിയാകുന്ന രസം രസമതിൽ
സൌഖ്യമെന്തുള്ളു പിന്നെ
ഭക്തനാസന്നമാം മോക്ഷസുഖത്തിലും
സക്തിയുണ്ടാകുന്നീല.

5 സക്തി വിഷയമതിൽ ഉണ്ടെങ്കിലും
ഭക്തിയുണ്ടെന്നു വന്നാൽ
ഭക്തിയാം വഹ്നി ദുരിതകാഷ്ഠങ്ങളെ-
ശ്ശക്ത്യാ ദഹിച്ചീടുന്നു.

6. ആനന്ദബാഷ്പമതും രോമാഞ്ചവും
മാനസാർദ്രീഭാവവും
ആനന്ദമില്ലാതെ കണ്ടെതുവിധം നാഥ!
മാനസശുദ്ധിയുണ്ടാം?

7 തർക്കവും വ്യാകരണമലങ്കാര–
മൊക്കെ ഗ്രഹിച്ചെന്നാലും
ഭക്തിയില്ലെന്നുവന്നീടിലതുകൊണ്ടു
പാർക്കിലെന്തൊന്നു ഫലം?

8 നിന്നുടെ സൽക്കഥകൾ ശ്രവിക്കയാ-
നന്ദേന കീർത്തിക്കയും
അന്വഹം ചെയ്തീടിലാത്മതത്ത്വം കാണ്മ-
തിന്നു പ്രയാസമെന്തേ?

9 ഭക്തപ്രിയ മുകുന്ദ! ഹരേ! ജയ
സക്തിവിഹീന! വിഭോ!
ഭക്തിയുണ്ടാവാനായ് കേശവദാസന–
നുഗ്രഹമേകീടേണം.

## 51. മധ്യമാവതി....ചായ്പ്

പ: ആനന്ദമെന്തധുനാ ഇതിൽപരം
ആനന്ദമെന്തധുനാ.

അനു: ആനന്ദമൂർത്തിയാം നാരായണൻപരൻ
മാനസതാരിൽ വിളങ്ങീടവേ പാർത്താൽ.
(ആനന്ദ

ച: 1. ദേവിയെ വാഴ്ത്തുന്നതും പുനരന്യ-
ദേവനെ വാഴ്ത്തുന്നതും
സർവവുമിന്നു സമസ്തേശ്വരനാകും
ശ്രീവാസുദേവനിൽ ചെന്നണഞ്ഞീടുന്നു.
കേവലമെന്നല്ല സേവകർക്കെങ്ങുമേ
വരമതമലശേഷത്തെയുമകലത്തു കളഞ്ഞുന്നത
പരമസുഖഗതി വരുവതിനുവര-
മരുളുമരിദരപാണിയാം ഹരി. (ആനന്ദ

2. ബാല്യവും യൌവനവും നാളിൽനാളിൽ
മെല്ലെ നശിച്ചീടുന്നു.
അല്ലൽ വളർത്തുന്ന രോഗങ്ങളുമായീടും
മല്ലന്മാരോടുമുടൻവന്നു വാർദ്ധക്യം
കല്യാണിയാകിയ കാന്തയ്ക്കുമന്നേരം
തെല്ലും കനിവില്ലാ ഒരു ചൊല്ലും
വകയില്ലാ ഹരി
മല്ലരിപുവിനെയാശ്രയിക്കുകി-
ലല്ലലതു പുനരില്ല ബത പരം. (ആനന്ദ

3. നിത്യമല്ലാതുള്ള ധനാദിയിൽ
അത്യാശയോടനിശം
മത്തഹൃദയനായ് വാഴുന്നതിൻഫലം
വ്യർത്ഥമെന്നോർത്താലറിയാവതല്ലയോ?
നിത്യവും കേശവദാസമനോരഥം
സിദ്ധിപ്പതിന്നേററം കൃപയെത്തുന്ന
പവിത്രാകൃതി
ചിത്തമതിൽ വിളയാടിയനുദിന-
മഖിലകാമിതമരുളുംവതിലധികം. (ആനന്ദ

സമ്മോദേന വികുണ്ഠലോകമതില-
ദ്ദർവ്വീകരാധീശ്വരൻ
തന്മേലംബുജപുത്രിയോടു വിലസും
ശ്രീപത്മനാഭാ വിഭോ!
നിന്മാഹാത്മ്യമതുള്ളവണ്ണമഖിലം
വാഴ്ത്തീടുവാനാവതോ
ചെമ്മേ സർവ്വമശേഷനായക! പൊറു-
ത്താനന്ദമേകീടണം.

ഭൂയോ രാഗവതീ സതീ സുമഹതീ
നിഷ്കാമലോകൈരപി
പ്രോൽഗീതാഖിലദൈവതാമയഹരീ
ശ്രീനാമസങ്കീർത്തനാൽ

അന്യേഷാം ഗുണവര്‍ണ്ണനപ്രമനസാം
നിര്‍മ്മത്സരാണാം സതാം
സല്‍സംസര്‍ഗ്ഗയുജാമസൌ മമ കൃതിര്‍
ഭൂയാന്മുദേ സര്‍വദാ.

നവഭിശ്ച ശതൈര്‍യദാ പ്രയാതാ
പുനരഷ്ടോത്തരയായുതാ പൃശീത്യാ
കലിസത്സരദാം ച ഷട്സഹസ്രീ
സ്തവരത്നാവലിരേവമാവിരാസീല്‍

സമാപ്തേയം സ്തവരത്നാവലി.
ശ്രീകൃഷ്ണായ നമഃ

# സംഗീതമഞ്ജരി

## മുഖവുര

അല്ലയോ മഹാജനങ്ങളെ, വന്ദനം!

ഞാൻ, നിങ്ങൾ മിക്കയാളുകളും കണ്ടും കേട്ടും പരിചയിച്ചിട്ടുള്ള "സ്വരരത്നാവലി" എന്ന പേരോടു കൂടിയ യുവതിയുടെ സഹോദരിയാകുന്നു. എന്റെ ജ്യേഷ്ഠത്തിയുടെ ഉദ്ദേശ്യം നാനാപ്രകാരേണയും ശ്രീനാരായണസ്വാമിയിൽ സാധാരണജനങ്ങൾക്കു ഭക്തിയെ ഐകാഗ്ര്യേണ വർദ്ധിപ്പിക്കണമെന്നാകുന്നു. എന്നാൽ "ഒന്നാമതു് നീയും നിന്റെ ജ്യേഷ്ഠത്തിയും കേവലം സംഗീതമാർഗ്ഗത്തിൽ നിവസിക്കുന്നവരായി കാണപ്പെടുന്നു. ഭഗവൽഭക്തിയെ വർദ്ധിപ്പിക്കുന്നതിനു് ഈ മാർഗ്ഗം അത്ര ആവശ്യകമല്ലെന്നു മാത്രമല്ല ഈ സംഗീതമാർഗ്ഗം ശൃംഗാരവിഷയപ്രവേശത്തിനും അംഗമായിത്തീരുന്നതിനു് സംഗതികൾ ഉണ്ടു്; രണ്ടാമതു് നിങ്ങളുടെ അംഗങ്ങൾ കീർത്തനങ്ങളാകുന്നു. ഇതുകളെക്കാൾ ഉൽകൃഷ്ടമാർഗ്ഗങ്ങൾ ഉദ്ദിഷ്ടകാര്യത്തിൽ ഉപയോഗികളായിട്ടു് ലോകത്തിങ്കൽ കാണപ്പെടുന്നുണ്ടല്ലൊ. ഇങ്ങനെയിരിക്കുമ്പോൾ നിങ്ങളുടെ ഈ പരിശ്രമം അത്ര ശ്ലാഘനീയമല്ലെന്നു വിധിക്കേണ്ടിയിരിക്കുന്നു." എന്നു ചിലർ ഒരുവേള അഭിപ്രായപ്പെടുമെന്നുള്ള വിഷയത്തിൽ ഞങ്ങൾ ഒട്ടുംതന്നെ ശങ്കിക്കുന്നില്ല. എന്തുകൊ

ണ്ടെന്നാൽ ഞങ്ങളുടെ വിഷയമായ സംഗീതം ബാലവേത്രമെന്നപോലെ ഗ്രഹീതാക്കന്മാൎക്കു യഥേഷ്ടം സാഹായ്യസാമഗ്രിയെ ചെയ്യുമെന്നല്ലാതെ സ്വഭാവേന ശൃംഗാരരസപ്രവൎത്തകമെന്നു പൎയ്യവസാനിപ്പിക്കുന്നതിലുള്ള ഹേതുക്കളും ദുർബലങ്ങൾ തന്നെയാണു്. എന്നുമാത്രമല്ല സാക്ഷാൽ ശ്രീ പരമേശ്വരൻ, വസിഷ്ഠൻ, വേദവ്യാസൻ, ഭരദ്വാജൻ, സത്യർ എന്നീ നാലു മഹൎഷിമാൎക്കും ഉപദേശക്രമേണ കൊടുത്തിട്ടുള്ളതാകുന്നു ഈ സംഗീതമെന്നും, ബ്രഹ്മാവു് സാമവേദഗാനംകൊണ്ടും, വിഷ്ണു വേണുഗാനംകൊണ്ടും, പരമേശ്വരൻ ഗാനരസികനായിട്ടു് നൃത്തംകൊണ്ടും, സാക്ഷാൽ വിദ്യാസ്വരൂപിണിയായ സരസ്വതി സദാ മാണിക്യവീണയെ ധരിച്ചു് സംഗീതപ്രവണയായിട്ടും സന്തോഷിക്കുന്നു എന്നുമുള്ളതിനു് അന്യൂനമായ ലക്ഷ്യം നമ്മുടെ പ്രമാണങ്ങളിൽ ഇരിക്കുന്നുണ്ടല്ലോ. വിശേഷിച്ചും ധർമ്മം, അൎത്ഥം, കാമം, മോക്ഷം എന്ന പുരുഷാൎത്ഥചതുഷ്ടയത്തെ സമ്പാദിക്കുന്നതിനും സംഗീതം ഒരു മുഖ്യകാരണമാകുന്നു, എന്നുള്ളതിനു്,

നാഹം വസാമി വൈകുണ്ഠേ
യോഗിനാം ഹൃദയേ ന ച
മൽ ഭക്താ യത്ര ഗായന്തി
തത്ര തിഷ്ഠാമി നാരദ!

എന്ന വചനംതന്നെ മുഖ്യമായ ഒരു പ്രമാണമാകുന്നില്ലയോ? രണ്ടാമതു് ഞങ്ങളുടെ അവയവങ്ങൾ കീൎത്തനങ്ങൾതന്നെ. എന്നാൽ ഇക്കലിയുഗത്തിൽ സാധാര

ണ സമസ്തജനങ്ങൾക്കും പുരുഷാൎത്ഥസിദ്ധിക്ക് ഇതുതന്നെ കാരണമെന്നുള്ള ഭാഗവും നിസ്തൎക്കമാകുന്നു. നമ്മുടെ ഇങ്ങത്തു ഗുരുക്കൾതന്നെ സാരജ്ഞന്മാരായാൎയ്യന്മാരായ പുരുഷന്മാർ സാരമായ ഭഗവൽകീൎത്തനങ്ങൾകൊണ്ടുതന്നെ സർവധൎമ്മാൎത്ഥകാമമോക്ഷങ്ങൾ സാധിക്കുന്നു. സർവാത്മനാ ജഗൽപതിതന്നനുഗ്രഹത്താലേ

"മംഗലം കലിയിങ്കൽ ഭഗവൽസങ്കീൎത്തനം
മുഖ്യമെന്നതുമറിഞ്ഞീടുക മനതാരിൽ"

ഇത്യാദിയായി ജനങ്ങൾക്കു സുഗ്രഹമാകുംവണ്ണം ഭാഗവതാദികളിൽ ഘോഷിച്ചിട്ടും ഉണ്ടല്ലോ. ഇതിനാൽ സംഗീതകീൎത്തനങ്ങൾ ശുഭകരങ്ങളെന്നു സ്പഷ്ടമല്ലേ?

വിശിഷ്യ ബാലന്മാർ മാധുൎയ്യത്തെ മാത്രം ഉദ്ദേശിച്ചു ഭുജിക്കുന്ന ഔഷധങ്ങൾ അവരാൽ അനഭീഷ്ടമായ രോഗനിവാരണത്തെക്കൂടി ചെയ്യുന്നതുപോലെ വിഷയാന്തരലാഭത്താലും ചിലർ ഞങ്ങളെ ഉപയോഗിച്ചിട്ട് ഞങ്ങളുടെ അവയവസ്ഥിതങ്ങളായ ഭഗവന്നാമങ്ങളുടെ ഗുണനിരയെ സ്വീകരിക്കുകയും തദ്വാരാ അവരും ക്രമേണ ഭക്തന്മാരായി തങ്ങളുടെ ഉദ്ദേശ്യവശന്മാരായിട്ട് പുരുഷാൎത്ഥത്തെ ലഭിക്കുകയും ചെയ്യുമെന്നുള്ളതും നിർവിവാദമാണല്ലോ.

ഇങ്ങനെയാണെങ്കിലും ഈ വിഷയത്തിൽ ചിലർ ഈൎഷ്യാമൂലങ്ങളായ ചില വിസമ്മതികളെ പ്രയോഗിക്കാതെ അടങ്ങുമെന്നു ഞങ്ങൾ കരുതുന്നില്ല.

"വാനോർവരൻതൻഗുരുനാഥനല്ലോ-
ജ്ഞാനം വെടിഞ്ഞീടിന വിദ്യയേയും

മാനിച്ചിടാ സന്മതി ലോകരെല്ലാം
നൂനം പലക്കും പലപക്ഷമല്ലേ?"

എന്നു പറഞ്ഞതുപോലെ ജനാഭിപ്രായം ഏകീഭാവത്തെ അവലംബിക്കുന്നതു് സന്ദിഗ്ദ്ധമാകയാൽ ആ ഭാഗത്തെക്കുറിച്ചു് ഒന്നും പറയണമെന്നില്ലല്ലോ.

എന്റെ ജനനത്തിങ്കലുള്ള ജനകന്റെ ഉദ്ദേശ്യവും പാപങ്ങളുടെ നിശ്ശേഷമാകുംവണ്ണമുള്ള നിവൃത്തിയെ ആശ്രയിച്ചതന്നെയാണു് വർത്തിക്കുന്നതു്. എന്നാൽ ഈ ഉദ്യമത്തിനു ചില പരോൽകർഷാസഹിഷ്ണുക്കളിൽ നിന്നും പുറപ്പെടുന്ന പരിഹാസഭാഷണമാകുന്ന ഉർവശീശാപവും ഉപകാരമായിട്ടുതന്നെ പരിണമിക്കുന്നതിൽ എന്താണു സംശയം!! പരിഹാസവും പാപനാശകരമാണെന്നു നമുക്കു പ്രമാണമിരിപ്പില്ലേ?

ഞങ്ങൾക്കു് ഈ ഉദ്ദിഷ്ടമാർഗ്ഗത്തിൽ ആവശ്യപ്പെടാവുന്ന യോഗ്യത അശേഷം ഉണ്ടെന്നു ഞങ്ങൾ കരുതുന്നില്ല. എങ്കിലും ഉദ്യമം കേവലം നിർദ്ദോഷമാണെന്നുള്ളടം തീർച്ചയാകയാൽ നിർമ്മത്സരന്മാരായി ഭക്തന്മാരായിരിക്കുന്ന സജ്ജനങ്ങൾ ഞങ്ങളിൽ കാണുന്ന ന്യൂനതകളെയെല്ലാം ക്ഷമിച്ചു് കൃപയോടുകൂടി ഞങ്ങളെ അനുഗ്രഹിക്കുമെന്നു് പൂർണ്ണമായി വിശ്വസിക്കുന്നു.

എന്നു്

സംഗീതമഞ്ജരി

# സംഗീതമഞ്ജരി

## മംഗളശ്ലോകങ്ങൾ

ആഴിപ്പെൺമണികണ്ണിണക്കൊരമൃത-
ശ്രീവെണ്ണിലാവായ് മുദാ
ചൂഴും വന്നനിരന്ന ഭക്തരെയഹോ
വീഴിച്ചു മോഹാബ്ധിയിൽ
താഴമ്പൂവിനള്ളാമൊളിത്തിരൾമയെ-
പ്പാഴാക്കിവയ്ക്കും ഇകിൽ
താഴത്തങ്ങനെ ചേർത്ത മേനി ഹൃദയേ
വാഴിക്കണേ ദൈവമേ! 1

അങ്കത്തിങ്കലലം കളങ്കരഹിതം
സംക്രാന്തമായീടുമ-
ത്തങ്കപ്പങ്കജമങ്കതൻ കുളുർമുല-
പ്പങ്കേരുഹത്തിങ്കലേ
തങ്കും കുങ്കുമപങ്കസങ്കലനയാ-
ലങ്കാരസങ്കാശമാ-
മങ്കം പങ്കഹരം കലർന്നൊരുടൽ മേ
സങ്കേതമായീടണം. 2

പുത്തൻമേഘത്തിനൊക്കും തിരുവുടൽവടിവും
ചാരുപൂഞ്ചായൽമദ്ധ്യ-
യത്യന്തം ശോഭയോടേ വിലസിനമകട
ശ്രീലമാലാദിയും തേ

മൈത്യാരേ! കണ്ടുകണ്ടപ്പരമസുഖരസേ
മുങ്ങവൻ സർവദാ ഞാ-
നോർത്താൽ സായൂജ്യമേവൻ ബത!
സുഖരസികൻ
നാഥ! വാഞ്ഛിച്ചിടുന്നു. 3

ഉൾത്താപം തീർത്തു ഭക്തക്കധികമഹിതസൌ-
ഭാഗ്യലക്ഷ്മീവിലാസം
ചിത്താനന്ദേന നൽകും വിഭവമൊടിളകും
ചില്ലിയാലല്പസിതം

പൊൽത്താർമാതിൻകരച്ചെന്തളിരൊളി
വിളയാടുന്ന ഗോവിന്ദപാദ-
പ്പൊൽത്താരെല്ലായ്പ്പൊഴും മേ മനതളിരളിത-
ന്നാർത്തിയെത്തീർത്തിടേണം. 4

മാണിക്യാധരശോഭിമന്ദഹസിതം
തൂകിക്കടക്കണ്ണിണ-
ക്കോണിൽക്കൊണ്ടൊരു നോക്കിനാൽ
ഭവസമുദ്രത്തെക്കടത്തുന്നതേ

തോണിക്കുളലികെയാരിക്കല്പകള്ളാതെ നമ-
സ്കാരം പരം ശ്രീപതേ!
കാണിക്കുന്നൊരു യത്നതുല്യമഖിലം
പാക്കിൽ ക്രിയാണാം ഫലം. 5

പാലാഴിക്കങ്ങു മധ്യേ വെള്ളവെളവിലസ്സും
പാലണിപ്പൂനിലാവിൽ
മേലേ മാലൊകർ ചെയ്തോരനവധി ഗുണപു-
ണ്യത്തഴപ്പെന്നപോലെ
നീലാളിക്കണ്ണിയാം താർമകൾതുടയിണയിൽ
ചേർത്ത ചെമ്പൊന്നടിത്താർ
കാലേ കണ്ടൊന്നു വന്ദിപ്പതിനു സുകൃതമി-
ങ്ങെത്തുമെന്നോ മുരാരേ! 6

പൂവില്ലാളിക്കു വായ്ക്കും മദലതയുമൂ-
ലത്തോടേ സംഹരിക്കും
പൂവെല്ലാം പോയൊളിക്കും പുതുമണമഖിലാ-
ശാന്തരാളേ വളർക്കും
കൈവല്യശ്രീ കളിക്കും മരതകമണിമാ
ഭക്തിയോടേ നമിക്കും
മെയ്‌വല്ലാതേവമൊക്കെപ്പുകഴമടിമ ത-
ന്നുന്നിലെന്നിങ്ങടിക്കും? 7

മുകിലണികരിവേണിത്താർമകം
തൻെറ നല്ലോ-
രകിലണികളുർകൊങ്കത്തങ്കരം-
ഗേ കളിക്കും
സകല സുഖദമാമൽപൂങ്കരം
കൊണ്ടു മഞ്ജു-
ത്തുകിലൊളിതിരംമൂർത്തി! നൽവരം
നൽകിടേണം. 8

പൊൽപ്പൂമാനിനിമാനസാളിവിളയാ-
ടീടുന്ന ചെന്താമര-
പ്പൊൽപ്പൂവായ് വിലസുന്ന ഹേ മധുരിപോ!
ചിൽപൂരുഷാ ദൈവമേ!
കർപ്പൂരപ്പൊടിപോലെ കൺകുളിരുമാ-
റപ്പൂവൽമെയ് നിത്യമെ-
ന്നുംപ്പൂവിൽ കുടികൊംവതിന്ന് കലയേ
ത്വൽപാദമല്ലേതരം. 9

ഫാലേ മാലേയപങ്കത്തൊടു കുറിയണിയി-
ച്ചോമനക്കണ്ണുരണ്ടിൽ
മേലേ നീലാഞ്ജനംചേർത്തണിമുടിയതില-
മ്മാല നാലഞ്ചു ചാർത്തി

ചലേ മാറേലണച്ചുക്കളൂർമുലയുഗളം
നൽകിയേററം യശോദാ
താലോലിക്കുന്ന കോലാഹലമിയലിന ബാ-
ലൻപദം കുമ്പിടുന്നേൻ. 10

സൌന്ദര്യക്കടലായിടും ഭഗവത
സ്തോത്രങ്ങൾ ചെയ്തീടുവാൻ
സൌന്ദര്യം പറകല്ല വല്ലഭതയി-
ങ്ങില്ലെന്നതോ നിർണ്ണയം.
എന്നാലും നിജശക്തിപോലെ ഹരിയെ-
സ്സേവിക്കിലേവർക്കുമേ-
വന്നീടും പുരുഷാർത്ഥമെന്ന വിധിയെ-
ത്തന്നേ നിനയ്ക്കുന്നു ഞാൻ. 11

ഹസിച്ചീടാനെന്തെന്നനവരതമ-
ന്വേഷണം ചെയ്തു പാരം
വസിച്ചീടും ദുർബ്ബുദ്ധികടെ വിരസാ
ഭാഷണത്താൽ ദോഷമെന്തേ?
രസിച്ചീടും നിർമ്മത്സരമതികൾ താ-
രുണ്യവാനെന്നിയുണ്ടോ
രസിച്ചീടുന്നോർത്താൽ ശശമിയിളമാൻ
കണ്ണീമാർതൻ വിലാസേ? 12

# അഥ

# ഗീതാരംഭഃ

## 1. നാട്ട... രൂപകം

പല്ലവി. കമലലോചന അമലമോചന-രാമ
കമലലോചന!

അനു: അമിതഭൂഷണ! ജയ ജിതദശാനന!
പരിപാലയ പരമേശ്വരമുഖനിഷേവിത!
(കമല

ചരണം. കാമഗാത്ര ദീനമിത്ര ശ്രീകരഗോത്ര
സോമസമാനന പവിത്ര സുരനതിപാത്ര!
രാമശോഭന നത ശർമ്മദായക!
കോമളപദയുഗകേശവദാസസാദര രാമ-
(കമല

## 2. ഭൈരവി.... ആദി

പ: യദുപതേ മാം പാലയാ
ബാലഗോപാല. (യദു

അനു: യതിവരമാനസമധുകരപങ്കജ
പദയുഗമയി മമ
വിലസതു ഹൃദി സുരകുലപരിപാലയ. (യദു

ച: മണിമയമകരമനോഹരകുണ്ഡല
മരതകനിഭലോക.
മദനവദനജിതഹിമകര ജയ ജയ. (യദു
ഖഗപതിവാഹന ഖലകുലനാശന
ഖരകരസമവര
മകുടനികടഭുവി മമലസനിശപമ. (ദുയ
മിഹിരസുതാജലമേചകതനുമയി
മുഹുരപി കലയാമി.
തവ ബത പരസുഖനിലയവിവിധമിതി. (യദു
തവ കരുണാലവജീവനകേശവ
ദാസജഗാനമിദ-
മധിവസതു രസികജനഗളതലമിഹ. (യദു

## 3. ഭൈരവി....രൂപകം

പ: ജയ രാമ സുലലാമ
താരേശാനനവാമ. (ജയ
അനു: ജഗദാമയഹരണോത്സുക
വൃന്ദാരക സൌഭാഗ്യദ. (ജയ
ച: സേവകജനമന്ദാര
കമലാവര വസ മേ ഹൃദി
ഭാവുകമയി കരു കേശവ
ദാസബാലകേ മയി. (ജയ

## 4. തോടി....രൂപകം

പ: വൃന്ദാരകസേവ്യ ബംഹീയോ ഗുണ (വൃന്ദാ

അനു: ദരശ്ശുകശയന നാക
ലോകപാലസഹജ പാഹി. (വൃന്ദാ

ച: ചാരുപിഞ്ഛകലിതമൌലി-
ലസിതരത്നമൌലേ
സാരസാംഘ്രിദാസദാസ
കേശവാതിനുതചരിത. (വൃന്ദാ

## 5. ഖമാജ് — ചാപ്പ്

പ: സ്മര മാനസ മാധവമീശം
സ്മരജനകം സുരവരദമജമനിശം (സ്മര

അനു: സേവകപാലം പാവനലീലം
സ്ഥാവരചരവരമതിജലധരനീലം. (സ്മര

ച: സംസൃതിപാരം സാരമുദാരം
സാമജവരദം സുരദം മണിഹാരം
കേവലരൂപം പീവരരോപം
കേശവദാസനുതമതിപിശുനദുരാപം. (സ്മര

## 6. നാട്ട—രൂപകം

പ: ജയ സുദാജിത ജനകജാധവ രാമ
ജയ സദാജിത.

അനു: ജനിവിനാശക ഘതദനുജസൂരത
പവമാനജപരിലാളിതപദസരോരുഹരാമ.
(ജയ

ച: വൈരിഭീമ സൂരസോമലോചന രാമ
ഘോരദശാനനവിരാമ തനുജിതകാമ
ഭൂരിഭാംശുക ജയ സൂരിസന്നുത
ദാരിതഭവഭയകേശവദാസപാലക രാമ. (ജയ

## 7. നാരായണി....ചാപ്പു്

പ: ശരണാഗതപാലക ഭജാമി
ശരണാഗതപാലക.

അനു: മരണജനിഭയനാശകാജിത
ഭാർഗ്ഗവീകാന്ത്യപീനായക
തരുണസരസിജനയന മുരഹര. (ശരണാ

ച: സുന്ദരാംഗ മനോജ്ഞവിലാസ
സൂരിമാനസപങ്കജഹംസ

മന്ദരധരമാധവഹ്ലനഭാസ
മാലതീമാല്യാവതംസ
നന്ദനീശ ഹാരേ വിഭോ
നമദസ്മ കാമദാനോത്സുക
ദന്ദശൂകകരാന്ത കേശവ
ദാസമാനസകമലദിനകര. (ശരണാ

## 8. ബ്യാഗ് — രൂപകം

പ: കമലേശാമല ഹേ കാമിതം വിധേഹി മേ
കമലജാമോദകാരണ. (കമലേ

അനു: ഗോപയോഷാലോചനാളിപങ്കജാംഗക
പാഹിമാം കിങ്കരം മുദാ. (കമലേ

ച: സത്വമയം തവവപുരുജ്ജ്വലമഹം
ഭാവയേ സജ്വരാപഹം
ഭവ്യമയേ സർവദാ കുരു കേശവദാസേ
ത്വൽകൃപാദൃഢവിലാസേ. (കമലേ

## 9. ഭൈരവി—രൂപകം

പ: യദുവീര ജിതമാര
രാധാമാനസചോര. (യദു

അനു: യതിമാനസകമലാരുണ
ജംഭാഹിതബാധാഹര. (യദു

ച: സാളകനിടിലോത്ഭാസി
മലയോത്ഭവതിലകാമല
കാളിയഫണകൃതനൎത്തന
കാളമേഘനികാശാഭ
കുഞ്ജരഭയഭഞ്ജനജയ
മഞ്ജുളഗുണപുഞ്ജനിലയ
കഞ്ജവിലോചനസുഖകര-
കുഞ്ജകൃതാമിതവിഹരണ
കമലജമുഖനുത കേശവ
ദാസമനോരഥദായക. (യദു

## 10. ശങ്കരാഭരണം—രൂപകം

പ: വേണുഗാനലോല രാധാപതേ
വേണുഗാനലോല.

അനു: ബാണബാഹു സഞ്ജാതഗർവനാശക
ശോണസാരസോത്ഭാസി
പാദണ മുരാരേ ജയ. (വേണു

ച: ഘീരപാണിവന്ദ്യാവതാരപൂതലോക
ഭൂരിഭാരസഞ്ചരന്ന സൂരാവധീര
താരകാമിഹൈകാമസാരേ മയീശ
സീരിപൂർവജാവതാരയ കേശവദാസേ.
(വേണു

## 11. നാട്ട....രൂപകം

പ: ദാനവാരേ വസ മാമക മാനസഭുവി
വാസവവാസരജാഹര വാസുദേവ
ദീനാംഭോരുഹാവലീ- ദിനനാഥാ-
ഖിലഭൂതാ - ധിപബാധാ—ഹരസീതാ—
വരപാലയ - കമലജനിലയകമലധര. (ദാന

അനു: ശ്രീരമശ - ബലിദാനവമാനസമദ
നാശനപേശല ഹേ ശിവ സേവ്യപാദ
നീരദസിതരുചേ - രണധീര
ഭവപാരാ—സുരഘോരാ - മലഹാരാ
ഗമഹീരസു - പരിണതഹിമകിരണവദന -
കംസ പ്രമഥന ഹംസ പ്രതിഹത
ഹിംസ പ്രിയതമ. (ദാന

ച: 1. കഞ്ജനാഭ—കലയേ തവ പദയുഗമയി
കലിമലഹരകരുണാനിലയാഞ്ജനാഭാ

കാമദഫണിപതിശയനീയ-കമനീയ
ഭജനീയ ദയനീയാവലിബാന്ധവ
ശതമഖമദഹൃതിചണഹൃത
ദേവദ്രുമരണ ഭ്രുവിദ്രുതപര
ഹേ വിദ്രുമപദ- (ടാന

2. നന്ദസൂനോ നയനാമൃത ഭുവനാധിപ
മുനിമാനസകുമുദാവലി-ശീതഭാനോ
കാളിയാമിതമദ വനദാവ വരദാവ
വസുദേവാത്മജദേവ-ഭവമോചന
കേശവദാസ-ഭണിതമലമേതൽ
പ്രദിശതുമോദപ്രദരസമീശ ഭ്രമഹര. (ദാന

## 12. പരസു....ആദി

പ: കാമദമുരാരേ വിഭോ വര സോമാഭിരാമാനന
ശ്യാമഘനഭാസാവഭീമനത ഹേ ദേവ
ഹേമരുചിവാസോഭിരാമ-ഹരേ സുരുചി[illegible]
(കാമദ

അനു: പാലയ സദാ ലോകപാല ശുഭശീലാജ-
പാലിതസുരസമുദയാലോക ഹേ-സുരുചിര.
(കാമദ

ച: ഹാലാഹലനീലഗളപാലകമഹാലാപ
ബാലമൃഗധരസമഫാല ഹരേ സുരുചിര
കേശവദാസഹൃദിമേശ വസ ഗോപാല-
ക്ലേശഹര കോമള ദയാലോ ഹരേ സുരുചിര.
(കാമദ

## 13. കാമേദരി....ആദി

പ: സാരിദരസരസിജഗദകരഹരസാ-
രസനാദ ശൃപം മമ സാഗരാലയ വാസവ.
വാരിദോപമതനവാരദാവദവ-
കലിതലളിതവന
മാല ഫാലതലവിലസിതസുതിലക. (സാരി

അനു: സൂരിസരസിജദിനകര കരു കരുണാ-
മയി വരദപരമ ജയ
സുരസോദരമകുടകമലചരണ.
ഭൂരിസന്നിഭവസനസമരഭുവി
ധീരനഗരിപുസുഖകര ജലധിഗ-
ഭീര ദശമുഖശമന മഹിതഭവ
പാരനിജപദയുഗനതജനസഖ. (സാരി

ച: സാമജാധിപ സമഗമരഘുതിലക
മമ ചേതസി വസജിത-

കാമകലിമലശമനവിലസദലക-
രാമദശരഥസുകൃതസലിലനിധി
സോമശുഭകരപദയുഗദനുജ വി-
രാമധരണിജയുവതിമണിവദന
താമരസമധുകരപവനജ സഖ. (സാരി

ശംഭുവർണ്ണിത നിരുപമചരിതവിഭോ
ജയ കേശവദാസക
സംഭൃതാഖിലകല്മഷഹരണനിപുണ
കുംഭിവരവരദായകദിതിസുത
ഡംഭനാശന ദിനകരവരകുല
സംഭവാമിതകരുണനഘ വിമല
കിംഭവാനയികൃതകരുണോമയി. (സാരി

## 14. തോടി... രൂപകം

പ: സാരസാക്ഷ തവ പാദസരസീരുഹമീഡേ
ശാരദവിധുകരഭാസുരമധുരാമലഹസിത
(സാര

അനു: ഘർഘതീശമുഖം തേ വിധുമ-
പിഹസവകഹൃദയം
ധൗജതീഹ മഹാഘാവലിമജിതാമലഖജതി
(സാര

ച: അസയത്യജഖല്വസന്തതിമഖിലാമപിഖല്വ
കല്യവസിത്യവസര ഏവ ഭവാനവ്യയഭഗവൻ.
(സാര

ദീരദാകൃതിധരഭൂപതിപരിതാപവിതരണം
പൃശഭൃതിജമദവാരണവിധയേ നഹിജാനേ
(സാര

നാദ്രേഹമുമുക്ഷാമിധ്നാദിം ഭവഭയദം
നാഹം നതിതീഷ്ഠാമി ഭവാംഭോധിമജസ്രം.
(സാര

ബുധസംഹതിവിനതാ.......... ......
..........കരഭാവുകമധുനാമിതകൃപയാ. (സാര

## 15. ........ഏകതാളം

ദൈത്യനികര--രജം ദേരാജപൂജിത
ദലിത കലുഷസമുദയംഭാവുകായ ഭജതഹേ-
ഭജതഹേ ഭജതഹേ ഭജതഹേ- (ദൈത്യ
ബ്രദ്ധ്നദൃഹിതനിഭരസംഗ്രദ്ധ്രരാജഭദ്രം.
ദ്ധ്രദൂർഷ്ഠദഗ്രജം പത്രഭൃതഖഗപതിം
ഖഗപതിം ഖഗപതിം ഖഗപതിം. (ദൈത്യ
ധൃക്കധൃക്കധിംക്ലഥോം ടീം തടീം ഥഠീം ധഢീം
ഭപ്പഭവസധിമിധകോംജെണതതിമൃതതകിതകാ
മിതിമഹാ പടഹജാ രവയുതാ- (ദൈത്യ

ജീ ബീ സീ ഡി ഈ എഫ് ജി-
ജീ എഫ്‌ീ ഡി സീ ബീ ജി
ജീ ഡി സീ ബീ ജിജിബിസിഡീ
ജീ എഫ് സീ ഡി ജിബിസി ഡീ
ജീബിസിഡീജിബിസിഡീരവയുതാ. (ദൈത്യ
സഗുണവാക കേശവദാസവിനതമപിസരി
ധപ്പധപമപമഗരി
രമപമപധമപധനീ
മപധനീ പധനിസാരവയുതാ. (ദൈത്യ

## 16. പരസ്യ....ആദി

പ: കാമിതമതുളീടുക ഹേ
പരമാദാപതേ പാവന. (കാമി

അനു: സോമാഭിരാമാസ്യ ശ്രീമാനസാമോദ
താമരസവാസാദിതാപാപഹാപാംഗ. (കാമി

ച: 1. പാപാളിപാദപമാപാദമൂഢം ദു-
രാപം കൃപാതനകൃപാണേന ഹേഹരിസധീ.
(കാമി

2. നാകാദിലോകേ മഹാഭോഗകാംക്ഷാ ന-
ശോകാപഹം തവ പദമേകമിച്ഛാമി. (കാമി

3. ജംഭാരിമുൻപാം നിലിമ്പകദംബാരി
ഡംഭാന്ത കേശവകദാസമനോവാസ. (കാമി

DISTRIBUTING LIBRARY No. ...... KOTTAYAM

## 17. ശങ്കരാഭരണം....ആദി

പ: ജാനകീരമണ കൈതൊഴാം ശ്രീരാമ ഹരേ
ജാനകീരമണ കൈതൊഴാം.

അനു: ഭാനുവംശാംബുധിചന്ദ്ര നവാംഭോരുഹചന്ദ്ര
ദീനമേനം മുനിജന-മാനനീയ
പാലയ മാമയി. (ജാനകീ

ചഞ്ചലയാകിയ തവ സുരുചിരചില്ലി
കാരുണ്യസിന്ധോ-
രഞ്ചിതമൃദുതരമായൊരു ധുരമല്ലി
സന്തതമോർത്തു
പഞ്ചശരോപമ വിവിധനുതികൾ ചൊല്ലി
ഭുവനനായക വിഭോ വസിച്ചിടുന്നേൻ
ഭവികങ്ങൾ വരുമെന്നു നിനച്ചിടുന്നേൻ
തവ കൃപാലവമെന്നെ നിനച്ചാലെന്നും
ഭവഹര വരുവാനില്ലടിയനൊന്നും
ശങ്കരനുതപത കിങ്കരവൈപ്പന-
രെങ്കൽവരുപതിനു നിൻകൃപയല്ലൂ ബത!
(ജാനകീ

വിശ്വജനാധിപ മാമകമായീടും
ദാരുണതാപം
വിശ്വവുമന്തകനകമതിലോർത്തീടും
ശാശ്വതപരമാനന്ദമായീടും
നിൻപദമെന്യേ-

യാശ്രയമുള്ളപൊഴുതെന്നുളവായീടും
നിന്മലരടിയിണ പണിവതിന്നും
നിർമ്മലചരിതങ്ങൾ പറവതിന്നും
കന്മഷസമുദയമകൽവതിന്നും
നന്മകൾ വിവിധമായുളവതിന്നും
നല്ലൊരു വരമരുൾകില്ല യടി ഇണകൾ
ചൊല്ലുവതാരൊടു ചൊല്ലുക രഘുവര. (ജാനകീ

ആശരവരനതിഘോരമദത്താലേ
ജാനകീയാംസു-
കേശിയെ വന്നു ഹരിച്ചഥ മെന്മേലേ
ആശയരോഷമൊടന്നു പിണങ്ങീലേ
എന്നാലും ഭവാൻ
പേശലഗതിയവനകലുഷനൽകീലേ
മോശമല്ലുള്ളു പാർത്താലുചിതമല്ലീ
ഈശ നിൻപാർഷദനായ്വസിച്ചാനല്ലീ
ഈ ശിശുമയെന്ന കൃപയാം വല്ലീ
കേശവദാസനില്ലാ പതിക്കയില്ലീ
എങ്കിലഹോ ദുരിതാന്ധുവിൽ നിന്നൊരു
സങ്കടമെന്നി കരേറുവനഹമയി. (ജാനകീ

## 18. പരസു—ആദി

പ: ഇനിപ്പുനരെന്തേ മുകുന്ദാ വരമരുൾവാ-
മാനസരംഗമതിലാവോളമഹം ഭാവയേ.
(ഇനി

അനു: ചൊല്ലിയ സ്തോത്രം പോരയെന്നോ തവ
മല്ലനിഷൂദന മാധവ ദൈവമേ.
കല്ലുപോലെന്തുമനം കാലാഹിതപാലാവിഭോ.
(ഇനി

പ: കാമമനോഹരരൂപമയേ തവ
മാമക മാനസേ ലസതു ഹരേ യദി
ഭീമാഘമഖിലവും പോമേവഹ ഭാമാവര.
(ഇനി

കേശവദാസകഗീതമിദം ഭുവി
പേശല ജനഗളമധിവസതാദയി
ഹേ ശാരദേന്ദുമുഖമേശാ ജഗദീശാ വിഭോ.
(ഇനി

## 19. സുരുട്ടി....ആദി

പ: പൂമേനി വിളങ്ങേണം മമ
ഭീമാഘവുമകലേണം (പൂമേനി
അനു: കാമിതഫലങ്ങളെക്കരുണയോടരുളുന്ന
ഭാമാപതേ വരദ കോമളമായ നിന്റെ
(പൂമേനി

ച: വാരിധരങ്ങൾക്കു തോലിനൽകും
ഭൂരിസുമഗണശാലികളാം
ആരോമൽ കേശങ്ങളിൽ ചേർത്ത
ചാരുവാകും മയിൽപീലി–
കാരണപൂരുഷഹേ കാണ്മതിന്നഭിരുചി
പാരവും വളരുന്നു പരമഗുണാഭിരാമ!
(പൂമേനി

പുഞ്ചിരിയുമതിമാത്രം തവ
കിഞ്ച കൃപാഭരപാത്രം–പര–
മഞ്ചിതമാകിയ നേത്രം-കാണ്മാൻ
വാഞ്ഛയേറുന്നഹോരാത്രം
ചഞ്ചലകരനഖരാഞ്ചലശോഭി വേണു-
ദഞ്ചിതഗാനം കേൾപ്പാ–
നെഞ്ചെവി മുതിരുന്നു.
.... .... .... .... .... ....
.... .... .... .... .... ....
... ... കേശവദാസനുത! (പൂമേനി

## 20. മാരധനാശി....ആദി

പ: പങ്കജദളനയന പാലനം ചെയ്യാലും
കിങ്കരന്മാർകളിലെവൻ സങ്കടം തേടുന്നു തവ.
(പങ്കജ

അനു: എന്തായാലുമപരാധം
ഹന്ത ഞാൻ ചെയ്തുപോയെന്നാൽ
ചിന്തയിൽ ചേർത്തിടാതെ
ക്ഷന്തവ്യം കൃപയാ തവ. (പങ്കജ

ച: 1. നിൻപ്രസാദമുണ്ടായാലും
തമ്പുരാനേ തവ പാദം
അൻപിനോടേ കാണ്മാൻ ഗതി
സംഭവിച്ചീടുമോ നാഥ! (പങ്കജ

2. സംഭ്രമിച്ചണഞ്ഞീടുന്നോ-
രുമ്പർകോനാദികൾ മൌലി
സംഭൃതകിരീടങ്ങളാൽ
സർവദാ മറച്ചീടുന്നു. (പങ്കജ

3. എന്നു ഞാൻ വൈകുണ്ഠേ വന്നു
നിന്നു ഹേ മാധവ ശൌരേ
പന്നഗശയന പാഹി
എന്നു ചൊല്ലി വണങ്ങീടും. (പങ്കജ

4. സുന്ദരപാദങ്ങൾ കരം
തന്നിൽ മോദേന വഹിച്ചു
എന്നുടെ ശിരസി ചേർത്താ-
നന്ദമെന്നുമനുഭവിക്കും. (പങ്കജ

5. കേശവദാസൈകബന്ധോ
പേശലകാരുണ്യസിന്ധോ
ക്ലേശജാലമകൽവതി-
ന്നാശു വരം നൽകീടേണം. (പങ്കജ

# 21. സാവേരി—ആദി

പ: നാഥാ മുരാരേ ജഗദാധാരഭൂത ജയ
പാദധോജേക്ഷണാമിതബോധ
രാധാവല്ലഭ പാർത്താൽ നീതാനീലോകമെല്ലാം
വിഷയമതിംകല്പമവശേഷതയാ
മുദിവഘടാദികനാശേ വിലസിന. (നാഥാ

സത്വാദിഗുണാധിപവിദാം-
സോമിലപാപ-
വിശ്വാംസന്നമാം തവ വൃത്തം
അത്യന്തം പ്രവേശിച്ചിട്ടത്തലൊഴിച്ചീടുവേ
പരമസുകപരധാമവിധുതര
സമയാശയഗുണലോകകഥകം കിമു- (നാഥാ

സ്തുതിച്ചുനിന്നെ ഭജിച്ചിടുന്നവർ ലോകേ-
ശ്വാസിച്ചീടുന്നവരല്ലോ നിനച്ചാൽ
ഭജിച്ചീടാതെ നിന്നെ വസിച്ചീടുന്നവരെല്ലാം
ദ്രുതിസംനിതിയൊടു സദൃശാമതിബത-
... ... ... .... ഭുവന. (നാഥാ

സമസ്തവൃത്തികളില്ല..........
................തറംക നിത്യം വരത്തെ.
സ്തുതിക്കും കേശവദാസമനംതന്നിലനിശം
സ്ഫുരിക്കുന്നതിനഞ്ജലിശതമതിമൃദു-
കാൽത്താമരയതിൽ തേ കൃതമിദമയി. (നാഥാ

## 22. കാമോദരി....ചായ്പ്

പ: താമരസേക്ഷണ ഹേ മാധവ തവ
കോമളപാദപത്മം കൃപാ-
ഭ്രമൻ വഴിപോലെ സേവിപ്പതിന്നല-
മേവൻ നിനച്ചുകണ്ടാൽ
മാമുനിമാർ ചിലർ സൂക്ഷ്മദൃശാമണി
പൂരകസ്ഥാനമതിൽ-നാഥ
കാമം വിളങ്ങും ബ്രഹ്മാത്മകനാകിയ
നിന്നെ ഭജിച്ചീടുന്നു.
ആരുണിമാരഹോ സൂക്ഷ്മാകൃതിയായ് ഹൃ
ദയത്തിൽ വാണീടുന്ന-നിന്നെ
പാരവും ഭക്തികലന്നു മനമതിൽ
പാരാതെ ധ്യാനിക്കുന്നു.
നേരെ ഹൃദയത്തിൽനിന്നു മൂർദ്ധാവതിൽ
പോയ സുഷുമ്നയതിലൂടേ
ചാരുശരീരം വെടിഞ്ഞോരാത്മാവിനു
സംസാരമുണ്ടാവില്ലരാ.
സർവദേഹത്തിലും കാരണത്വംകൊണ്ടു
പൂർവകാലത്തുതന്നെ-ചേന്നു
സർവേശനായ നിനക്കു പാർത്തീടുകിൽ
പിന്നെ പ്രവേശമുണ്ടോ?
എന്നാകിലുമഹോ കാഷ്ഠങ്ങൾ തന്നുടെ
ഭേദങ്ങൾ ഹേതുവാലേ-പല

വണ്ണാദികളോട്ടമഗ്നിയവയിൽ ക-
ലന്നെന്നു തോന്നുന്നപോൽ
നാനാവിധ ദേഹോപാധികളെയെല്ലാ-
മൻപോടനുസരിച്ചു നീയും
നാനാഭേദേന പ്രവേശിച്ചവനെന്ന
പോലെ വിളങ്ങീടുന്നു.
ഇങ്ങനെ ദേഹാദിതന്നിൽ പ്രവേശിച്ചു
ഐശ്വര്യമോടേ വാഴും
മംഗല നിന്നെയിദ്ദേഹികഠം സേവിക്ക
സംഗതമെന്നേ വരൂ
നിന്നെ ഭജിപ്പതിനുള്ളൊരു ദേഹമി
തെത്രയും ബന്ധുപോലെ-വരും
തന്നിലഹോ പൂർവപുണ്യഫലത്തിനാൽ
സിദ്ധമായ്വന്നു നാഥാ.
തന്നെ ഭജിക്കുന്നവക്ക് ഗതിനൽകീ-
ട്ടുന്നതിനായി നീയും വസി-
ക്കുന്നിതെന്നല്ലഖിലാത്തി തീത്തിടാൻ നീ
യെന്യേ പാത്താലാരഹോ
എന്നതുമല്ല സമസ്തവസ്തുക്കളിൽ
നിന്നുമധികതമമായി-
ട്ടുന്നോരാനന്ദവും നൽകുമെന്നല്ല
സർവാത്മാവും നീയല്ലയോ
ഇങ്ങനെയുള്ള ഭവാനെ ഭജിക്കാതെ-
യിങ്ങു വസിച്ചീടുന്ന ചില
ശൃംഗാരികഠക്കൊരുനാളുമഹോ ദുഃഖ-

ഭംഗം വരാ നിൎണ്ണയം.
വാസവവന്ദിത വാസുദേവ ഹരേ
വാസവനീലോപലോപമ
ഭാസമാനാംഗമുകുന്ദ ഹേ കേശവ
ദാസനായിട്ടുമെന്നിൽ
വാസനകൊണ്ടുളവായൊരു ഭക്തിക-
ണികയാം വല്ലിതന്നെ-ക്കരു
ണാസാരപൂരേണ നന്നായ് വളൎത്തുവാൻ
നാഥാ വണങ്ങീടുന്നേൻ.

# * ഈശ്വരസ്തോത്രങ്ങൾ

## 1. ശങ്കരാഭരണം....ചാപ്പ്

1 സത്യസ്വരൂപ വിഭോ സർവേശ്വര
നിത്യം വണങ്ങീടുന്നേൻ
സത്യസ്വരൂപനാം നിന്നുടെ മാഹാത്മ്യ-
മോർത്തു സുഖിക്കാനനുഗ്രഹം നൽകേണം.
(സത്യ

2 സത്യവിരോധമെഴും കാര്യങ്ങളിൽ
സക്തി വളർന്നീടാതെ
സത്യത്തെ നിത്യം സമാശ്രയിച്ചെപ്പോഴും
ചിത്തസുഖേന ഞാൻ വാണീടുവാനായി.
(സത്യ

3 ഇമ്മഹീമണ്ഡലത്തിൽ സർവത്തിലും
ചെമ്മേ വിളങ്ങീടുന്ന

---

* ബാല്യത്തിൽ കണ്ടും കേട്ടും പരിചയിച്ചിരുന്ന ഈ പുസ്തകം എത്ര അന്വേഷിച്ചിട്ടും കിട്ടുന്നില്ല. അമ്മ പകർത്തിയിട്ടിരുന്ന ഒരു നോട്ടുബുക്കിൽനിന്നു കിട്ടിയ ഗാനങ്ങളാണിവ.

—പ്രസാധകൻ

നിന്മഹിമാനം വഴിപോലറിഞ്ഞീടാൻ
ദുർമ്മതികൾക്കിടയുണ്ടായ്വരാ പാർത്താൽ.
(സത്യ

4 സൽസംഗമുണ്ടാകേണം സന്മാർഗ്ഗത്തിൽ
ഉത്സാഹം വന്നീടേണം.
മത്സരരാഗാദിദോഷവിദൂഷണ
കുത്സിതസംഗമമില്ലാതിരിക്കേണം. (സത്യ

## 2. കാമോദരി.... ചായ്പ്

നാനാജഗത്തുകളനന്തതയെന്നിയേ
പാലിക്കും നാഥനെ നീ മമ
മാനസമേയൊരുനാളും മറന്നീട-
രുതെന്നർത്ഥിക്കുന്നേൻ
കാണപ്പെട്ടീടുന്നോരു വസ്തുക്കളെയെല്ലാം
കണ്ടു കൃതാർത്ഥമായീടാതെ
കാണുന്നവററിൻ സ്ഥിതികളശേഷവും
സൂക്ഷ്മമായോർത്തിട്ടു നീ
ഉത്ഭവമെന്നതും വൃദ്ധിവൈചിത്ര്യവും
അത്ഭുതശക്തികളും പിന്നെ
സൽഭാവവുമവധാനസമേതം നീ
നന്നായ് നിരീക്ഷിക്കേണം

അന്നേരമോരോ നിയമമെല്ലാററിലും
നിശ്ചിതമെന്നുള്ളതും കാണാം
എന്നാലതിനെയഖിലം വഴിപോലനു-
സരിച്ചീടുക നീ
ഇങ്ങനെ നാനാപദാർത്ഥനിരയിൽ നി-
രീക്ഷണമുണ്ടായ്‌വന്നാൽ തവ
മംഗലമേകും ഭുവനേശ്വരനുടെ
മാഹാത്മ്യം കാണായ്‌വരും.

## 3. തോടി... ആദി

പ: കരുണാസാഗരാ സകലേശാ മമ
ദുരിതനിരകൾ തീർക്ക നീ

അനു: തരണം താവക കരുണാവൈഭവ
സ്മരണമതിനു നിത്യം നിപുണത നിരുപമ!
(കരു

ച: 1. ഒരുവനൊരപരാധം കരുതലോടു ചെയ്യുന്നു
വരികിലും സഹിക്കേണം വഴി-
പോലതിനെ ഞാനും
പെരുകും വിരോധമുള്ളോരരിയിലും
മനതാരിൽ
ഉരുതരമായ പ്രേമഭരമിങ്ങുണ്ടാകവേണം (കരു

20865

2. വലിയൊരു കോപമാകും രിപു-
വരനെൻെറ ചിത്ത
നിലയനമതിൽ വന്നു കലുഷത വളർത്താതെ
വിലസുന്ന ക്ഷമയാകും വിപുലദുർഗ്ഗത്തെയെന്നും
ഉലയാതെ ഞിർത്തീടേണമതിനായ്
വണങ്ങീടുന്നേൻ. (കരു

3 ഒരുവൻ സ്നേഹിച്ചുവെന്നാൽ
പകരമവനിൽ സ്നേഹം
പകരുന്നതൊരു മുഖ്യഗുണമെ-
ന്നങ്ങനെ ചൊല്ലാം
അരിയിലും മനതാരിലലിവോടെഴുന്ന സ്നേഹ-
ഭരമേ വിശിഷ്ടഗുണമരുളുകയുള്ളു മമ. (കരു

## 4. പരസ്....ചായ്പ്

പ: ഈശനെ ഭജിച്ചാലും മനമേ-മോഹ
പാശമകന്നു സുഖം വരുവതിനായ്

അനു: ഈശൻെറ കല്പനയെല്ലാം നിത്യം
മോശം വരാതെയനുഷ്ഠിച്ചു വാണാൽ
ക്ലേശങ്ങളെല്ലാമകലുമെന്ന
ങ്ങാശു ഭവിപ്പതിനെന്തതിരേകം. (ഈശ

ച: 1. പ്രാണികൾക്കെല്ലമൊരാത്തിയുണ്ടാ-
ക്കേണമെന്നോത്തീടരുതൊരു നാളും
പ്രാണസമാനമവരെററയോത്തു,
കാണേണമെന്നാലതു മഹാധർമ്മം. (ഈശ

2. സത്യമായുള്ള മാർഗ്ഗത്തെ മഹാ-
പത്തിലും നന്നായ് മുറുകെപ്പിടിക്കിൽ
എത്തുമനന്തസുഖങ്ങൾ സവ്വ-
വിത്താകമീശൻെറ കാരുണ്യഭാരാൽ. (ഈശ

3. മത്സരമാരോടുമരുതേ ദേഹം
നിസ്സാരമായൊരു ന്തുററാണ്ടിനുള്ളിൽ
നിസ്സംശയം നഷ്ടമാകും നിത്യം
ചിത്സ്വരൂപൻ ഗതിയെന്നോത്തു ദൃഢമായ്.
(ഈശ

4. പാതിയും നിദ്രാസമയം പിന്നെ
പോകുമേ ബാല്യവും ലീലകളാലേ
പാരിച്ച യൌവനമയ്യോ ഗർവ
ഭാരത്തിനാസ്പദമായ്ത്തന്നെ തീരും. (ഈശ

5. വന്നാലോ വാദ്ധക്യകാലം പിന്നെ-
യൊന്നിലുമില്ലൊരു നൈപുണ്യമേതും
എന്നാലുമോരോരു ചിന്ത കൊണ്ടു
തന്നെ സമയം നയിക്കുമയസ്സാം. (ഈശ

6. നാഴികയോരോന്നു പോകുന്തോറും
പാഴായ്ക്കഴിയുന്നിതായുസ്സു വേഗാൽ

മാഴക്കണ്ണാൾ ജനത്തിൻെറ കടാ-
ക്ഷാഴിയിൽ വീഴാതെ വലയാതെ സതതം.
(ഈശ

7. ദൂരത്തിലല്ല മരണമെന്നു
നേരത്തെയോർത്തതിസന്തോഷമോടെ
പാരിൽ തിങ്ങുന്ന പരനിൽ ഭക്തി
ഭാരത്തോടൊത്തു സന്മാർഗ്ഗം വിടാതെ. (ഈശ

8. നിസ്തുലസൌന്ദര്യമാർന്നീടുന്ന
പുത്രൻ മധുമൊഴിമാർ ബന്ധുവർഗ്ഗം
പൃത്ഥ്വീവരാദികൾപോലും പാർത്താൽ
മൃത്യുവശഗതരല്ലാതെയുണ്ടോ? ഈശ)

# ഗാനമാലികാ

## 1. ഹിന്ദുസ്ഥാനിതോടി.... ആദി

1 സുലളിതമുരളീരവലോലം
കലിശധരാദൃത ബഹുലലീലം
കലിതകൃപാരസമുഖകമലം
കലയേ മാധവമഹമമലം.

2 മന്ദാരമനോഹരമാലാ
സുന്ദരനീലോജ്ജ്വലകേശം
വന്ദാരുസുരദ്രുമമീശം
വന്ദേ മാധവമഹമനിശം.

3 പങ്കജദളകോമളനയനം
സങ്കടഹരനിജമഹിമാനം
കിങ്കരകേശവനുതചരിതം
കലയേ മാധവമനവരതം.

## 2. പൂർവകല്യാണി....ഏകതാളം

പ: കരുണാസാഗര മാം മാധവ പാഹി സദാ
കരുണാ സാഗര മാം.

അനു: അന്തകവൈരി കൂപ്പും ചെന്തളിർപദമീഡേ.
(കരു

ച: ഹന്ത സംസാരമഹാ സങ്കടം തീരുവാനായ്
സന്തതമരുൾകൃപാസാരസനേത്ര വിഭോ
ആശാപാശങ്ങളെല്ലാം ആശു നീ തീർത്തരുൾക
കേശവദാസഗീത ഹേ ശുഭം ദേഹി നിത്യം.
(കരു

## 3. നാഥനാമക്രിയ....ആദി

പ: പങ്കജാക്ഷി കാമദേ ജയ
പങ്കജാക്ഷി.

അനു: പങ്കജായതനയനവരോരസി
പരമാനന്ദേന വിളങ്ങിന. (പങ്ക

ച: പങ്കസഞ്ചയഹരണമതിന്നിഹ
കിംകൃപാനഹി മയി ഭുവനേശ്വരി-
പാദനതിപര കേശവദാസേ
സാദരം കുരു ശുഭമയി ഭാർഗ്ഗവി. (പങ്ക

## 4. ശഹന....ആദി

'ജാലറാനീതയാ' എന്നപോലെ

പ: ശ്രീവരാമേയ മാം സാധുപാദാശ്രിതം പാഹി.
അനു: സർവ്വേശ സർവ്വേശ സരസീരുഹലോചന!
രാധികാമാനസാംഭോരുഹസൂര ഹേ പാഹി.
(ശ്രീ
ച: ദേഹിമേ താവക ബോധസാരോദയം പാഹി.
സുരജാനീര ഭാ ഹാരികായാമല പാഹി
കേശവദാസക ഗീത ഹേ മാധവ പാഹി. (ശ്രീ

## 5. പുന്നാഗവരാളി—ത്രിപുട

'അലസതാവിലസിതം' എന്നപോലെ

പ: സരസീജദളനേത്ര സരസകേശവനുത
സരസിജാസനസേവ്യ സരുജേ ദയാലോ.
അനു: ദുരിതങ്ങളകററീടും കരുണാസാഗര നിൻെറ
ചരണപങ്കജമെന്നും മനതാരിൽ വിളങ്ങേണം.
(സര
ച: പലരും നിൻ മഹിമാനം പലവിധമരുളുന്നു
നിലയൊന്നുമതിനില്ല നിരുപമഭാവ
ഉലകിലുള്ളതു സർവം അറിയരു-
തുള്ളൊരു ഞങ്ങൾ
ഉലകിൻജനകാ നിൻെറ നിലയെന്തു
ബോധിക്കുന്നു. (സര

## 6. എരിക്കില കാമോദരി—ആദി

'കരണീയം ഞാനൊന്നു' എന്നപോലെ.

പ: കരണീയം ഞാനിന്നു നോജാനേ-രാഘവ രാമ!
കരണീയം ഞാനിന്നു നോജാനേ.

അ: പരമപുരുഷനിൻെറ കരുണയെന്മേൽ
വരുവാനായി
കരുതിവാണീടുന്നേനതിനൊത്താലുപായം.
(കര

ച: മഹിമയേറം മുനിവർഗ്ഗം ചൊൽവ-
തെല്ലാമൊരുപോലല്ല
വിവിധമത്രേ എന്തുചെയ്‌വു വിശപജനക!
ഉചിതമാമുപായമേതും കരളിലിങ്ങു
ബോധിയാതെ
അജിത വാഴ്ത്തീടുന്നേവം കേശവനത! (കര

## 7. തോടി—രൂപകം

പ: കമലനാഭ കരുണചെയ്ക കാർ-
മുകിലൊളിവർണ്ണ നീ
കഴലിൽ വീണു കാമജനക! കൈ-
തൊഴുതേൻ ശ്രീപതേ!

അനു: ഗോപകാമിനിനീലലോചനാമൃതമായിടുന്ന
നിന്നോമൽമെയ്
പാപനാശന ചേതസി മമ സന്തതം
വിലസീടണം. (കമ

ച: സർവദാനവഗർവദാരണ പർവതാ-
ഹിതസോദര!
സർവദാനവിശാരദ പരിപാഹിമാം
ജഗദീശ്വര!
കേശിനാശന! ക്ലേശരാശിയാം പാശമാശ്ശു
നീ തീർത്തു മേ
ആശയേ വിളയാടുക വിബുധേശ
കേശവസേവിത! (കമ

## 8. ഹിന്ദുസ്ഥാനി കാപ്പി—ആദി

പ: മായാഗോപബാലാ പാഹി
ശ്രീമാകാമുക!
അനു: കായകാന്തിജിതമേഘ! കാരുണ്യാംബുധേ.
(മായാ
ച: കാരണപൂരുഷ! കഞ്ജനാഭ!
ദാരുണാം വേദനാ നാശന മാധവ!
വാരണപാലക കേശവവിനുത
താരാധീശമുഖ! (മായാ

# 9. മോഹനം....ആദി

പ: ഐതരാലയവാസിനി പാഹി ശുഭേ
നിന്നുടെ പാദ-
പുഷ്കരങ്ങൾ സദാപി ഭജേ സദയേ.

അനു: ആക്കമോടടണയും ദുരിതാവലി
തീൎക്കുവാനമലേ തവ മാനസ
താൎക്കം കനിയേണമയേ ഗുണ
ശാലിനി കരുണാലിനിയതിശിവം. (ഐ

ച: 1. ദേവനായകനും വിധിയും ഹരിയും
ഗംഗാധരനാം
ദേവനും ഭവദീയമപാംഗലവം
ശ്രീവിലാസമാൎന്നു സദാ ഭുവ-
നാവനം വഴിപോലതല്ലുന്നയി
നീ വിശാലമനോജ്ഞദൃശാ മമ
ഭാവുകങ്ങൾ വളൎത്തുക സകരുണം (ഐ

2. ഘോരമാകിയ ഭവജലനിധിതന്നിൽ
മഹാദുരിത-
വാരമാം തിരമാലയിൽ മുഴുകീടും
പൂരുഷക്കവലംബമനാരത-
മാരവാർകുഴൽമണി നിന്നുടെ
ചാരുപാദസരോരുഹയുഗമിതി-
ലാരുസംശയമാൎന്നിടുമകമയി. (ഐ

3. കേശപാശവിലാസജിതാംബുധരേ!
നീശകോമളഫാലതലേ! രുചിരേ!
കേശവാനിശവിനുതഗുണോദ്ഭവ
പാപനാശനമാശു വരുത്തുക
പേശലേ ജയ കേശവസോദരി
നീശമായ വിളങ്ങുക ഹൃദിപരം. (വൈ

## 10. മായാമാളവഗൌള....രൂപകം

പ: വിലസീടുക ഹൃദയേശ്രീ നായക രത പൂമേനി

അനു: ഗളസീമനി വിലസീടിന
തുളസീദളമാലയാൻറ. (വില

ച: സരസീരുഹദളസോദരനേത്രയുഗാലോകകേളി
പുരസീദിതാംഘ്രിപാളികോമളാഭമമലം
ഉരസി വസതിയാൻനീടിന കമലാ-
ഭഗവതിയോടു-
മതസീരുചിപരിഭാസുരമനിശമേവ
കേശവനത! (വില

## 11. ഖമാജ് — രൂപകം

പ: പാലയമാം പങ്കജാക്ഷ! പാലനലോല!

അനു: നീലവാരിദകോമളാഭ! നിരുപമാംഗക!

ച: വാസുദേവാം തവ പദാബ്ജദാസനാമെന്നിൽ
കരുണാഭരയുതമേകുക ശുഭമനാരതം.
മുക്തിയേകീടുന്നതോർത്താൽ
ഭക്തിതാൻ വിഭോ!
അതിനാലരുളുക കേശവവിന്നതഭക്തിയെ.
(പാലയ

## 12. ഖമാജ്....ആദി

'വനജാക്ഷി നീ ജ്ജഡരേ' എന്നപോലെ.

പ: വനജേക്ഷണ പാലയ മരതകമണിമേചക
വനജേക്ഷണ പാലയ.

അനു: കനകസമവസന കമ്രതരാനന
കാളിയോരഗമദാപഹ പദയുഗ (വനജേ

ച: പ്രണയമസൃണകരവിപുലനയനകൃത
വീക്ഷണേന ശിശിരീകുരു മാമയി
വ്രജവനിതാജനസുകൃതഫലായിത
വാസുദേവകേശവനത സുമധുര. (വനജേ

## 13. ബ്യാഗ്....രൂപകം

'യാവിരഹമെട്ടലോ' എന്നപോലെ.

പ: മാധവ തേ ഭക്തിമാത്മനി വിതര

അനു: വേദവാരിരാശിചന്ദ്ര സൂദിതാസുര മധു
രാഗസംഗാനന്ദമഗ്ന ഗോപികാനിചയ. (മാ

ച: ദേവകീവസുദേവപുണ്യപാകവിഗ്രഹ-ലലന
ജാലനീലബാലസോമഫാലക കൃപയാ-
സ്മേരസുന്ദരകോമളാസ്യ കേശവാശ്രിത രിപു-
ഭീമ വാമ സീമഹീനമാവുകവസതേ. (മാ

## 14. കാമോദരി—ത്രിപുട

പ: മനസി കരുണകലന്നെന്നിൽ നാഥാ
മുരഹര! വരികയെൻമന്നിൽ.

അനു: മനസിജജനക നിൻ മാധുരിയേറുന്ന ഗാത്രം
മമ ലോചനാമൃതമായ് വരുവാനായതിമാത്രം.
(മന

ച: 1. വല്ലവബാലരോട്ടക്കൂടി നല്ല
വാർകേശമതിൽ പീലിചൂടി
കല്യാണാലയരസധാടിയാലേ
കല്ലുമലിയും ഗീതം പാടി ലീലകളാടി. (മന

2. അഴലഖിലവുമാശു തീർത്തിടേണം
മഴമുകിലൊളിയാം നിൻമൂർത്തി
കഴൽ കേശവമെഴലിയിൽ ചാർത്തി മേന്മേൽ
കനിവാർന്നീടുക ശുഭകീർത്തി സദാ വളർത്തി.
(മന

## 15. ചെഞ്ചുരുട്ടി....രൂപകം.

പ: നളിനനയന പാഹി പാഹി
ശൌരേ പാഹി ശൌരേ!

അ ന: ശൌരേ ശ്രീ വല്ലഭനന്ദ (വല്ലഭനന്ദ വല്ലഭനന്ദ)
കല്യതാനിധേ പാഹി. (നളിന

ച: നീലനീരദജാലമേചകാ
പാലനപര മാനസാന്തരേ
വിഹര വിഹര വിഹര വിഹര
കേശവാശ്രിത പാഹി- (നളിന

## 16. ഹിന്ദുസ്ഥാനികാപ്പി–ആദിതാളം

പ: അടിമലരിണ തൊഴുതേൻ ഹരേ! കൃഷ്ണ!
അടിമലരിണ തൊഴുതേൻ.

അനു: അടിമലരെന്നിയേ അടിയനില്ലാശ്രയം
വെടിയരുതേ മുകുന്ദാ കൃപാനിധേ. (അടി

ച: 1. സുന്ദര ഗുരുവര ദരിശനം തരുവായ്
തന്തരും പരഗതി നീയെൻ സ്വാമി.
വരമരുളുംവതക്കൊരു സമയമെന്നാ ഇൻറ
തെരിന്തവനാരുലകിൽ ഉൻമായൈ. (അടി

2. ഗാഡ്മൈഫാർട്ടോഗാഡ്
പ്ലീസാംവേയ്സ്
ലെസ്സെ റെറൻസിൻഫ്രംമാറേഴ്സ്
യൂ സീ ആറും അൻഡ് നോവൺ
സീസ്യൂ
യൂ ആർ എവ്രിവെയർ മൈ ഗാഡ്. (അടി

3. അധരിതബിംബാധര നതജംബാ–
യുധമുഖബുധരാജേ ഗോവിന്ദ!
തവപദരതിപര കേശവദാസേ
നവശുഭശതമനിശം ഹരേ കരു. (അടി

## 17. ഹംസധ്വനി ഏകതാളം

(ഇംഗ്ലീഷുനോട്ടുമട്ട്)

1 പത്മനാഭ പരമപൂരുഷ പാപനാശന
പത്മനയന പാവനാംഗ പാഹിപാഹി മാം.
ഛത്മഹീനമനിശമെൻറ ഹൃദയമമല തേ
സത്മമായി വരണമതിന്നു കൈവണങ്ങിടാം.

2. മുനികളമൃതര സ്വവൃന്ദകളെ വിട്ടു മേ പദം
അനിശമാസ്വദിപ്പതിന്നു ഹേതുവെന്തഹോ
മനസി മോദമോടിവണ്ണമോർക്കയാൽ ഭവാൻ
അനഘ! നിജപദാബ്ജപാന-
കുതുകിയായിതോ?

3. ബാലലീലയാകുമിന്ദ്രജാലവിദ്യയാൽ
ചേലൊടങ്ങു നിഖിലഗോപജാലനിലയനേ
ബാലസൂര്യകാന്തിപൂണ്ടു വിലസിടുന്ന നീ
കാലഭീതി തീർക്ക കേശവാശ്രിതാത്മക!

## 18. തോടി... രൂപകം

'നിന്നുവിനാസുഖമുഗാന' എന്നപോലെ.

പ: രാഘവ തേ ചാരുപാദസാരസമീഡേ.

അനു: മേഘമഞ്ജുളകാന്തിപൂര-
മേരു ചാപസേവ്യ രാമ! (രാഘവ

ച: കാമരഹിത കാമജനക
കാമിതാർത്ഥദാനലോല!
ഹേമവസന സോമവദന
ഭീമരാക്ഷസാളികാല!
ക്ലേശഹരണപേശല ജയ
കേശവോത്ത കീർത്ത്യമാന! (രാഘവ

## 16. ചെഞ്ചുരുട്ടി.... ചായ്പ്

1 അഭിനവവികസിതനളിനദളായത
കോമളനേത്രാ ഹരേ!
അനുദിനമയി തവ ചരണയുഗം മമ
മനസി വിളങ്ങീടേണം.

2 ദുരിതങ്ങൾ ചെയ്യുതിന്നാശയുണ്ടാകുമ്പോൾ
അതുതെന്നുള്ളാജ്ഞയെ നീ
മരതകമണിവർണ്ണ മനതാരിൽ വാണു മേ
മമതയാ നൽകീടേണം

3 ഭവദീയനിയോഗങ്ങൾ വഴിപോലെ
ചെയ്യാൻ മേ
കൌതുകമേകീടേണം
ഭവഭയനാശന! കേശവസേവിത!
രാമേശ നീ ശരണം.

## 20. സൗരാഷ്ട്രം....ആദി

'നീനാമരൂപമൂലക' എന്നപോലെ.

പ: ശ്രീരാമചന്ദ്രദേഹി നിത്യമേവ മംഗളം

അനു: മാരാഭിരാമ ദേവ മഹിതമാധവ ശൌരേ! (ശ്രീ

ച: കാരുണ്യലോകകേളീ ശിശിരിതാ-
ഖിലലോക! (ശ്രീ
ഘോരതരദുരിതവാരാന്ധകാരസൂര! (ശ്രീ
വേദശാഖിപ്രവാളവേദാന്താ-
രണ്യസിംഹ! (ശ്രീ
കേശവിജിതമേഘ കേശവനുത ദേവ! (ശ്രീ

## നാമാവലി

1 രാമരാമരാമ സീതാ രാമരാമ പാഹിമാം
രാമ ജഗദഭി മാമാ
മുഖജിതശാരദസോമാ
കൌണപസമുദയ ഭീമാ മയി
കരു ശുഭമതി കൃപയാമാ-ജയ (രാമ

2 രഘുവര രഘുവര രാഘവ രാമ
രവികുലജലനിധിശോഭനസോമ
നിഗമശിരോമണിമകുട! കൃപാകര!
നിരുപമഗുണഗണ പാഹിരമാവര! (രഘു

3 സ്യാനന്ദൂരപുരേശ ഹരേ
സരോജനാഭ പാലയമാം
ആനന്ദാലയ പാലയ സകലജന-
മേനന്ദാസമന്വയ സമദയേശ്വര. (രഘു

4 ഭജാമി രാമം ശ്രീരാമം
ഭജാമി രാമം രവികുലസോമം
ഭജാമി രാക്ഷസമഥനപരം
ഭജാമി മാരുതിവിനുതപദം
ഭജാമി ദശരഥപുണ്യഫലം
ഭജാമി ഖഗരഥമതിസുഭഗം. (രഘു

5 രാമകൃഷ്ണഗോപാല രാധികാമനോവാസ
രാഘവ മുരാരേ വിഭോ ഗോവിന്ദ
രാഘവ മുരാരേ വിഭോ. (രാമ

6 സീതാപതേ രാമ രാധാപതേ കൃഷ്ണ
ലക്ഷ്മീപതേ ശ്രീമൻ നാരായണ!
നാരായണ രാമ നാരായണ രാമ
നാരായണ രാമ നാരായണ. (സീതാ

7 ബന്ധുരാനന പാഹി നന്ദതനൂഭവ
ചന്ദനതിലകവിനിന്ദിതസോമ. (ബന്ധു

8 കൃഷ്ണം വന്ദേ നന്ദകിശോരം
രാധാവല്ലഭമതി സുകുമാരം
സർവ്വചരാചരവാസമമേയം
ശർവ്വമുഖാമര സേവിതപാദം
പർവ്വതരിപുസഹജം സകളേശം
സ്വർവ്വനിതാജന ഗീതവിലാസം. (കൃഷ്ണം

9 പങ്കജാക്ഷനേ പരപൂരുഷനേ മുകുന്ദ!
പാപനാശന കേശവ സർവ്വനാഥനേ
പങ്കജാക്ഷ പാഹിപാഹി
ഗോപികാവല്ലഭ പാഹി
ശങ്കരസേവിത കന-
കാംബര ജനാർദ്ദന ഹേ. (പങ്ക

10 രാമനെ മാനസമതിൽ
ചേർക്കയാകാതോ രാമ
രാമരാമരാമായെന്നു ചൊൽകയാകാതോ
കോമളപാദേ വണങ്ങും
സേവകർക്കു സദാകാലം
കാമദാനം ചെയ്‌വതിന്നു
കല്പസാമ്യമാർന്നീടുന്ന (രാമനെ

11. നമോസ്തുതേ മാധവ നരകാരേ
നമോസ്തു ശൌരേ കംസാരേ

നമോസ്തു തേ മാധവ നരകാരേ
നമോസ്തു തേ കേശവ ദനുജാരേ
നമോസ്തു തേ കരകമലധൃതാരേ
നമോസ്തു തേ കരുണാലയ ശൌരേ. (നമോ

12 പാഹിസദാജിത പാഹിസദാജിത
പാദനതപാലക പാഹിസദാ
പാവനപങ്കജലോചന ശൌരേ
പരമകൃപാലയ പാഹി സദാ.
നാരദസേവിത നാരകമോചന
നീരദമേചക പാഹി സദാ
ശിവശിവശിവശിവ കുരു ശംഭോ
ജയ ജയ പുരഹര ശിവശംഭോ. (പാഹി

13 ശിവശിവപരമശിവ പാഹി സദാ
ഭവ കരുണാലയ പാഹി സദാ
രവിശശിലോചന ഗിരീശ മഹാശയ
ഭവഭയനാശന പാഹി സദാ. (ശിവ

14 ശംഭോ ശങ്കരഗൌരീശ ശിവ
സാംബ ശങ്കര ഗൌരീശ.
ശംഭോ ശങ്കര ഗൌരീശ
ശാശ്വതപുരഹര ഗൌരീശ
കുംഭിവരാജിനവസനവിഭോ ജയ
കരുണ്ണ്ണഭശതമയി ഗൌരീശ. (ശംഭോ

15 രാമലക്ഷ്മണ പാഹി മാം
രാഘവ ശുഭമയി ദേഹി മേ
രാമലക്ഷ്മണസേവിത ജഗദഭി-
രാമ ലക്ഷ്മണ പാഹി മാം
ഭീമരാക്ഷസനാശന രവികുല
സോമരക്ഷ ഹരേ കമലാവര! (രാമ

16 രഘുവരമലരടി പണി മനമേ നിത്യം
രാമരാമരാമായെന്നു ജപി രസമോ
അഘതതിയാകവേ തീർത്തു ശുഭങ്ങളെ
അലിവൊട്ടു സേവകജനമതിന്നേകിനാ. (രഘു

17 രാമാ രാമ രാമാ രമാവര
രാമ രാമ രാമാ
രാമരമാവര രാക്ഷസനാശന
രാമ കമലദളലോചന മോഹന. (രാമ

18. സീതാവല്ലഭ പാഹി സദാ
രാധാവല്ലഭ പാഹി സദാ
സീതാവല്ലഭ രാധാവല്ലഭ
ലക്ഷ്മീവല്ലഭ പാഹി സദാ. (സീതാ

19 പാലയ പാലയ പരമേശാ പരി-
പാലയ പാലയ സകലേശാ

പാലനലോലുപ പരമകൃപാലയ
പാലിതസേവക പാഹി സദാജിത (പാലയ

20 നാരയണ തേ നമോ നമോ വര
നാരദസേവിത നമോ ഹരേ
നരകശമന സരസീരുഹലോചന
രസുരസേവിത നമോ നമോ. (നാരാ

സരസചരിത ഭവഭഞ്ജന കേശവ
നരഹരിതനുധര നമോ നമോ
പരമപൂരുഷ കമലാധരണീവര
മരതകമേചക നമോ നമോ (നാരാ

ഗാനമാലിക സമാപ്തം.

# ഗാനമാലിക

### രണ്ടാംഭാഗം

## സഭാവന്ദനങ്ങൾ

### 1. ചക്രവാകം——ചായ്പ്

മാന്യസഭാവാസികൾക്കു
വന്ദനം ചെയ്യുന്നിതാ ഞാൻ
ഭംഗിയോടീ രംഗഭൂമീ
തന്നിൽ വാണീടുന്ന ഭൂരി. (മാന്യ

പ്രാജ്യബോധവൈഭവത്താൽ
പൂജ്യതയോടേ വിളങ്ങും (മാന്യ

മംഗലമേറുന്നവണ്ണം
ഞങ്ങളെയനുഗ്രഹിപ്പാൻ. (മാന്യ

## 2. 'അതിനെന്തു സംശയം' എന്നമട്ട്

സവിനയമിന്നുഞാൻ വന്ദനം ചെയ്യുന്നേൻ
സരസമിസ്സഭ തന്നിൽ മരുവുന്ന മാന്യന്മാരാം
സുജനങ്ങളേ നിങ്ങൾക്കാ—യേററവും. (സവി

അഭിനയമിതിലുണ്ടാം കുറവുകളാകവേ
അലിവോടു സഹിച്ചീടുവാ—നേററവും (സവി

ഭംഗിയിലനുഗ്രഹം നിങ്ങളിങ്ങരുളീടിൽ
മംഗലമുളവായീടും ഞങ്ങളിൽ. (സവി

# സരസ്വതിസ്തുതികൾ

## 3. ഹിന്ദുസ്ഥാനി തോടി ആദി

പല്ലവി: ദേവി സാരസാസനപ്രിയേ ശുഭേ!

അനു: പാവനജന ഭാവനനിധിശോഭനചരണേ!
കാമധേനുസദൃശി ഭാരതി! (ദേവി

ചരണം: മന്ദഹസിത ചന്ദ്രകിരണസുന്ദരവദനേ!
പാഹി പാഹി കരുണയാ സദയാ. (ദേവി

## 4. ഖമാജ്....ആദി

'വനജാക്ഷി' എന്നപോലെ.

പ: ജയ ഭാരതിദേവി നീ-കരുണാമൃതശാലിനി
ജയ ഭാരതീദേവി നീ.

അനു: ജയമിഹ വരുവതതിനൻിവൊട്ട കല്മഷ
ജാലമാശു തീത്തരുളുക മതിമുഖി. (ജയ

ച: നീ കനിയുകിലൊരു മൂകനുമുരുഗുണ-
പാകലളിതകവനങ്ങളരുളുമിഹ. (ജയ

നിജപദനിരതരിൽ നിഖിലകലാവലി
നൈപുണ്യാതിശയദായിനി ഗുണവതി. (ജയ

വിജയദശമിയതിൽ വിവിധജനവിതതി
വീക്ഷിതാതിവിഭവേ! വിലസുക മുദി. (ജയ

## 5. പാർവതീസ്തുതി

'ഭാസുരേവർണ്ണസ്വരൂപി' എന്നമട്ട്.

പാഹിപാഹി പാവനാംഗി പാർവതീ
കൃപാവതി
പാർവതി കൃപാവതി പാഹിമാം പരാത്മികേ!
ദേഹി ദേഹി കാമിതങ്ങൾ ദേവി നീ
ശുഭേ സദാ
ദേവി നീ ശുഭേ സദാ ദേവദേവനായികേ!

പല്ലവത്തിടനാടണഞ്ഞു മല്ലിടുന്ന നിൻകഴൽ
മല്ലിടുന്ന നിൻകഴൽ മല്ലലോചനേ തൊഴാം.
കല മഷങ്ങൾ തീർത്തെനിക്കു നന്മയേകുവാനയേ
നന്മയേകുവാനയേ നിന്മലരടി തൊഴാം.

(ശാകുന്തളം നാലാമങ്കം ഗാനങ്ങൾ)

'നഹുഷനു വൃഷപർവജ' എന്ന ശ്ലോകം.

## യദുകുലഗാംബോധി—ചാപ്പ്

ബാലേ! യയാതിക്കു വൃഷവർവസുതപോലെ
പ്രിയനതിബഹുമതയാകെ നീ
ചാലേയവൾ ഭാഗ്യത്താലേ കേൾ പൂരുവെ-
പ്പോലെ സാർവഭൌമനാം സുതനെ നീ
ലഭിച്ചാലും. (ബാലേ

'ഗച്ഛം ശകുന്തളയെ' എന്ന ശ്ലോകം

## കാപി....ആദി

'മായാഗാനി' എന്നപോലെ

പ: കോകിലങ്ങൾ മധുരമായ്
കൂകീടുന്നിതാ
അനു: കോമളമാം നാദമിതു
കൌതുകാവഹം. (കോ

DISTRIBUTING LIBRARY No. ...... KOTTAYAM

ച: ഈ വനസീമനി മൈത്രിയോടേ
മേവീടുന്നൊരു ശാഖികളെല്ലാം
ഇവളുടെ യാത്രയിലനുമതിയിതിനാൽ
ചൊല്ലീടുന്നു താൻ. (കോ

"മുന്നേ ഞാൻ നിരൂപിച്ചു" എന്ന ശ്ലോകം.

## ചക്രവാകം....ചാപ്പു്

പ. മുന്നമേ ഞാനോർത്തപോലെ
തന്നെയിന്നു വന്നുചേൻ
അനു: സുകൃതസാരംകൊണ്ടു നീയും
സദൃശനായ വരനെയാൻ (മുന്ന

ച: നല്ലൊരു തേന്മാവിനോടീ
മല്ലികയും ചേൻവല്ലോ
ഇല്ലിനി മേ നിന്നെയുമീ
മുല്ലയേയുമോൎത്തു ഖേദം. (മുന്ന

'കൊടിയ കശിനിവിദ്ധോ' എന്ന ശ്ലോകം

## മോഹനം—ചാപ്പു്

പ: ഏണമിതാ തവ പിൻപേ മന്ദം
ഏണവിലോചനേ വന്നണയുന്നു.
അന പ്രാണസമാനനം പ്രിയസുതനെന്നു നീ
കാണിച്ച വാത്സല്യമോൎത്തതിമോദാൽ (ഏണ

ച: ദർഭമുനയാൽ മുറിഞ്ഞ വദനത്തിൽ
അപ്പോൾ നീ തൈലത്തെ തേച്ചു
രക്ഷിച്ചുള്ളോ. (രേണ

വരിനെല്ലിൻററികളെ കരതാരിലേന്തി നീ
പരിചിനോടനുദിനം പരിപാലിച്ചുള്ളോ.
(രേണ

‘ഉൽപക്ഷ്മപ്രകരങ്ങളാം’ എന്ന ശ്ലോകം.

## മുഖാരി....രൂപകം

‘സ്മരഹരശിവ’ എന്നപോലെ.

പ: കരയരുതയി നീ ശുഭാംഗി!
കരുതുക ഹൃദി ധൈര്യം. (കര

അന: ചൊരുകീടിന ബാഷ്പം തവ
കണ്ണുകളുടെ മാറ്റും
പരിചോടിഹ തടയുന്നിതു
പാവനതരശീലേ! (കര

ച: കുഴികുന്നുകളാർന്നുള്ളൊരു
വഴികളിൽ നിന്നോമൽ
കഴലിണ മമ തനയേ ബത
വഴുതീടരുതല്ലോ. (കര

'ഭക്ത്യാ സേവിക്ക പൂജ്യാൻ' എന്ന ശ്ലോകം.

## ശുദ്ധമുഖാരി....ആദി

സേവിച്ചീടുക പൂജ്യരെയെല്ലാം
ഭക്തികലർന്നു സദാ
മേവുക നീ ഗുണശാലിനി സഖിയെ-
പ്പോലെ സപത്നികളിൽ
ദയിതൻ കോപമിയന്നിഹ നിന്നെ
ശാസിച്ചീടുകിലും
നിയതം വിപ്രിയമൊന്നുംതന്നെ
ചെയ്യരുതൊരുപൊഴുതും
ഭൃത്യരിലേററം സരളതയോടേ
നിത്യം വാഴേണം
തത്ര സുഖാനുഭവങ്ങളിലയി തേ
ഗർവവുമരുതരുതേ
ഈവിധമത്രേ ഗൃഹിണികളായിഹ
വനിതകൾ മരുവുന്നു
ഹേ വിമലേ വിപരീതകൾ തൻകുല
ബാധകളെന്നറിക.

'ശീലേനാപി കലേന' എന്ന ശ്ലോകം.

## വേകട.... ചായ്പ്പ്

പ: അരുതേയരുതേ അകതാരതിൽ ഖേദം
അരുതേ ചാപല്യമിതരുതേ.

അനു: മഹിതാനന്ദയജാതൻ മകളേ നിന്നുടെ കാന്തൻ
മഹിഷിയായവന്നു നീയവിടെ.

ച: മഹിമാവൊടു നിത്യം പലജോലികൾ നോക്കി
മരുവീടുമല്ലവാശു സുഖമായ്
അനഘതമനായ സുതനെസ്സുരരല്ലാം
ഒന്നനായകനെപ്പോലമലേ!
പ്രസവിച്ചീടുമേവം വിധമെൻ വിരഹത്താ-
ലസമേ തവ ഖേദമണയാ.

'ചിരായ ചതുരന്തയാം' എന്ന ശ്ലോകം.

## കാപി—ചായ്പ്പ്

പ: ആഴികൾ ചൂഴുമൊരൂഴിയിതിന്നു നീ
വാഴുമനേകനാളങ്ങു സപത്നിയായ്

അനു: ഉന്നതവീര്യനായ് നന്ദനനും തവ
മന്നിടമാകവേ കീർത്തിതനായ്വരും. (ആഴി

പ: അന്നവനായ്മുദാ തന്നുടെ ഭൂമിയെ
മന്നവനേകീട്ടുമെന്നു ധരിക്ക നീ
പിന്നെ മഹീപതി തന്നോടുകൂടവേ
വന്നിഹ സൌഖ്യമായ് വാണതല്ലാം തവ.
(ആഴി

'ഭവത്യാ കൃതപൂർവം' എന്ന ശ്ലോകം.

കാപി—ആദി

പ: എങ്ങനെയെൻ മനോവേദന
മങ്ങിടുന്നു മംഗലാംഗി.

അനു: നിന്നുടെ കൈകൊണ്ടു നിർമ്മിതം
എന്നാലയമപാരൂഢം
നീ വാരബാലികയെ ഞാനിനി
മഹോ വത്സേ കാണുമളവിൽ

'പരസ്വമത്രേ' എന്ന ശ്ലോകം.

യദുകുലഗാംബോധി—രൂപകം

പ: ഇന്നിഹ ഞാൻ മാനസത്തിൽ
വന്നു സുഖം മേ വഴിപോൽ

അനു: അന്യനുടെ ധനം പാർത്തുകണ്ടാൽ
കന്യകയാളതിനില്ല വാദം. (ഇന്നിഹ

ച: കരഗതമായൊരു പ്രണയം
തിരിയെ നൽകിടുന്ന വിധം
പ്രിയതമനുടെ സവിധം തന്നി-
ലാത്മജയാളെയയയ്ക്കുനിമിത്തമായ്. (ഇന്നിഹ

# സദാരാമാ നവഗാനങ്ങൾ

(ഒന്നാമങ്കം, ഒന്നാംരംഗം. ശാർങ്ഗധരസ്ഥൻ മന്ത്രിയോട്)

## നാട്ട—രൂപകം

'സുജനജീവന' എന്ന മട്ട്.

സചിവ സന്മതേ! ശൃണു നയഗുണാംബുധേ!
(സചി

പ്രജകളാകവേ-ഭുവി-ജനകളെന്നിയേ
നിജകർമ്മണിരതരായിഹ മരുവിടുന്നുവോ മമ.
(സചി

തൻപ്രജാഗണത്തിലുള്ളോരാമോദമത്രേ
സാരധനം ഭൂപതിക്ക സകലസമ്മതം
ആകയാലതിൻ-കഥ-യാകവേ ഭവാൻ
അരുളുന്നതു കേൾപ്പാനിഹ പാരമാഗ്രഹം മമ.
(സചി

(മന്ത്രിയുടെ മറുപടി)

## ഖമാജ്... ആദി

'വനജാക്ഷിനീ' എന്ന മട്ട്.

സുഖമാൎന്നു താൻ ഭൂപതേ മരുവുന്നിതു ജനതതി
സുഖമാൎന്നു താൻ ഭൂപതേ.
അകലുഷമാകിയ തവ ഗുണസംഹതി-
യാദരിച്ചു മോഹിച്ചു സദാ ബഹു. (സുഖ
കരമരുളീടിന നൃപതികൾ തവ നയ-
കാമനീയകം വാഴ്ത്തീടുന്നിതു. (സുഖ
നീതിവിലാസവശാലിഹ ഭൂമിയി-
ലീതിബാധകളുമില്ല വിഭോ ബഹു. (സുഖ

(രണ്ടാമങ്കം, രണ്ടാംരംഗം. സാനുമതി സാൎത്ഥവാഹനോട്)

'മായാഗാനി' എന്ന മട്ട്.

ഇങ്ങനെ നാമിരുന്നീടിൽ ഭാവിയെന്തഹോ
മംഗലാംഗിയവൾക്കിപ്പോൾ വന്നു യൌവനം.
(ഇ
ബാണാസുരന്റെ കന്യകയായയോ-
രേണാക്ഷീമണിയാൾക്കു പുരാബത!
കേണീടാനിടയായതു വഴിപോ-
ലോൎക്കേണം ഭവാൻ. (ഇ

(മൂന്നാമങ്കം ഒന്നാംരംഗം. മന്ത്രി "ശബ്ദത്തിനും' എന്നു തുടങ്ങി പറയുന്ന വാക്യം കഴികെ)

## ശുദ്ധമുഖാരി....ആദി

'സേവിച്ചീടുക' എന്ന മട്ട്.

അത്ഥമതിങ്കൽ വിളങ്ങീടുന്നോരു
സരസതയതുപോലെ
ശബ്ദത്തിങ്കലുമുണ്ടു നിനച്ചാൽ
സരളത നൃപതിമണേ!
ഇങ്ങനെയുള്ള ഗുണങ്ങളെ മുഴുവൻ
ഭംഗിയിലറിവതിനും
ഭംഗംകൂടാതോരോ വിരുതുകൾ
നൽകീടുന്നതിനും
ഉത്സുകനായ ഭവാനുടെ ഭരണം
പൂണ്ടു വസിക്കുകയാൽ
ഉത്സവമത്രേ പണ്ഡിതരാശി-
ക്കില്ലൊരു സന്ദേഹം.

# അജ്ഞാതവാസഗാനങ്ങൾ

(വിരാടൻ സുദേഷ്ണയോട്)

## കാപി.... ചായ്പ്

ബാലേ സുമധുരശീലേ നീ കാൺക
മാലേയപവനകാന്തിവിലാസം (ബാലേ
ചേലാർന്നോരു പുഷ്പകാലാഗതിയാലേ
സാലാദികൾ പൂത്തു വിലസുന്നപാരം. (ബാലേ
കുസുമാവലിയെല്ലാം ഒരുപോൽ വിടർന്നേററം
കുതുകം വളർത്തുന്നു കുഞ്ജങ്ങൾതോറും. (ബാലേ
സ്മരസായകശാലയിതുതാനയേ പാർക്കിൽ
സരസീരുഹനേത്രേ! അതിനില്ല വാദം. (ബാലേ

സൈരന്ധ്രി.

## ചെഞ്ചുരുട്ടി.... ചായ്പ്

മാധവാ ദൈവമേ! രാധികാവല്ലഭ!
പാദങ്ങൾ കുപ്പീടുന്നേൻ
നീതിയോ നിന്നുടെ ദാസരാം ഞങ്ങളീ-
യാധിയിൽ മേവീടുക
മാത്സ്യമഹീപതിവല്ലഭ തന്നുടെ
ദാസ്യം വഹിച്ചീവിധം
ഹാസ്യമായ് വാണീടാൻ കാരണം നിന്നുടെ
വാത്സല്യഹാനിയല്ലോ.

(കീചകൻ സൈരന്ധ്റിയോട്)

ബ്യാഗ്....ആദി

'വന്ദനം മുദാ' എന്ന മട്ട്.

മാലിനീ ശുഭേ പുണ്യശാലിനീമണേ
മാലിയന്നിടാതെ ഭവതി
മാമകോക്തി കേൾക്കണം
നീ-ല-വേ-ണി
ശ്രീമതി! ധീമതി! സാമജേന്ദ്രഗാമിനി!
(മാലി

പല്ലവാധരെ ഹന്ത! വെല്ലമീദൃശം
നല്ലമേനിയല്ലലിന്നു പാത്രമാക്കിമേവിടാ-
നെ-ന്തേ-ബ-ന്ധം
ചൊല്ലെടോ ചൊല്ലെടോ മല്ലമഞ്ജുളേക്ഷണേ.
(മാലി

(സൈരന്ധ്റി പാത്രവുമായി പോകുമ്പോൾ)

'മയ്യേലും കണ്ണിയവൾ' എന്ന മട്ട്

അയ്യയ്യോ ജഗദീശാ ഞാനെന്തൊന്നു
ചെയ്യുന്നീയാത്തിയിങ്കൽ?
നീയെന്നെ രക്ഷിയാഞ്ഞിൽ മമ ഗതി-
യായന്യനാരാണിഹ!

ദുഷ്ടനാം കീചകന്റെ സമീപത്തിൽ
കഷ്ടമേ പോയീടുവാൻ
വിഷ്ടപനാഥാ ഭവാനെന്നെയന്നു
ദൃഷ്ട്യാ നിയോഗിച്ചുവോ?

(കീചകനും സൈരന്ധ്റിയും)

## വരസ്ദ്ര....ആദി!

'സീമയകന്നൊരു' എന്ന മട്ട്.

കീച: സുന്ദരിമാർ മണിയിന്നിഹ നീയെൻ
മന്ദിരമതിലേവം
വന്നതിനാലതിധന്യത ബത മേ
വന്നിതു മാലിനി കേൾ
വന്നാലും നേരേ മോദം തന്നാലും ശുഭേ!
എന്നതുമല്ലീ മന്ദിരവും നീ
വന്നതിനാലധുനാ
ഉന്നതസുകൃതവിലാസത്തിന്നൊരു
മന്ദിരമായറിക.

സൈര: നിന്നുടെ ഭഗിനി സുദേഷ്ണയിദാനീം
ചൊന്നതിനാലിഹ ഞാൻ
വന്നിതു കാദംബരി വാങ്ങീടുവ-
തിന്നു ധരിച്ചാലും
തന്നാലും വേഗാലായതു-ചൊന്നീടാതേവം.

കീച: വാരിജസായകശരനിരയാൽ ഞാൻ
പാരമുഴന്നീടവേ
നീരസമായിദമുരചെയ്യുന്നതു
ചേരുവതോ സുമുഖി. (വന്നാലും

സൈര: ചൊല്ലരുതെന്നോടീവിധമൊന്നും
ദുർല്ലളിതാശയ! നീ
കല്യന്മാർ മമ വല്ലഭർ നിന്നെ-
ക്കൊല്ലുമിതറിയുകിലോ
തന്നാലും വേഗാൽ മധു ചൊന്നീടാതേവം

(കീചകൻ സൈരന്ധ്രിയായി കിടക്കുന്ന വലലനോട്)

## ചെഞ്ചുരുട്ടി....ആദി

'സ്മരഹരശിവ' എന്ന മട്ട്.

മധുമൊഴിമണി നിദ്രയേവം
ചെയ്തീടുവതെന്തേ? (മധു
അതികൗതുകമാന്നിങ്ങനെ-
നിന്നുടെ സവിധത്തിൽ
സ്ഥിതിചെയ്തിടുമീയെന്നെ-
ക്കണ്ടീടുക സുമുഖി (മധു
പലവേലകാം ചെയ്തീടുകകൊണ്ടീ-
വിധമതിയായ്

അലസതയുളവായോ തവ–
കിസലയമൃദുളാംഗി (മധു
പ്രണയകലഹമാനെന്നോടു മേവിടുകയോ നീ
പ്രണയിനിയിനി വൈകീടാതുണരുക
ഹരിണാക്ഷി. (മധു

'കണ്ടാലും ചന്ദ്രബിംബം' എന്ന ശ്ലോകത്തിനു പകരം

ബ്യാഗ് — ആദി

'പുഷ്പമലയ്യാകൃതേ' എന്ന മട്ട്.

മല്ലാക്ഷിമാരിൽ മൌലേ കാൺക നീ–
യുല്ലാസമോടേ ദിവ.
ചൊല്ലാന്നൊരിന്ദുവിൻബിംബത്തെ നിന്നാസ്യ
തുല്യമാക്കീടാൻ തുനിഞ്ഞു വിധി പണ്ടു. (മല്ലാ
സൃഷ്ടിതുടർന്നോരു നേരം ശശികാന്തി
പുഷ്ടികലർന്നു പരന്നു വഴിപോലെ. (മല്ലാ
അന്നേരമാവാസപത്രമദളമെല്ലാം
ഒന്നൊന്നായ് മൂടിത്തുടങ്ങീ മുടങ്ങാതെ. (മല്ലാ
വേണ്ടാ മതിയെന്നുറച്ചു വിധിയേവ-
മുണ്ടായിവന്നു കളങ്കം വിധുവിന്നു. (മല്ലാ

# പ്രഭാതസ്തുതികൾ

## ഭൂപാളം....ത്രിപുട

ലോകനായക ദൈവമേ പരി
പാഹിമാം കരുണാനിധേ
ശോകജാലമകന്നിടുന്നതി-
നേകണം വരമീശ്വരാ
സ്വർണ്ണവർണ്ണമിയന്നു ഭാസ്കര-
ബിംബമിങ്ങുദയാചലേ
വന്നു സമ്പ്രതി മിന്നുമെന്നതു
മൊന്നിടുന്നരുണപ്രഭാ
പക്ഷിജാലമശേഷമിക്ഷിതി
രക്ഷിയാകിയ നിൻസ്തുതി
വൃക്ഷസംഘതിമേലിരുന്നതി
ശിക്ഷയായരുളുന്നിതാ
മാനസോന്മിഷിതം തരുന്നൊരു
ഭാനുബിംബവിലാസവും
ദീനവത്സലനായ നിന്മഹി-
മാനമിങ്ങരുളുന്നിതാ
കല്മഷങ്ങളിൽ വൈമനസ്യവു-
മെന്മനസ്സിലനാരതം
നന്മയിൽ ബഹുസൌമനസ്യവും
ഉണ്മയോടരുളേണമേ. (ലോക

## ഭൂപാളം — ത്രിപുട

സകലനായക ദൈവമേ തവ
കരുണയിങ്ങുളവാകണം.
സകലലോകവിലാസകാരണ
ദിനകരോദയമായിതാ
നിത്യനായ ഭവാനെയെന്നുടെ
ചിത്തതാരതിലോർത്തു ഞാൻ
നിദ്രയിങ്ങു കഴിച്ചു നിൻകൃപ-
യാലുണർന്നിതു സമ്പ്രതി
തിമിരജാലമകന്നുവന്നിതു
മിഹിരരശ്മിവികാസവും
സകലലോകവിലാസവും തവ
മഹിമതാനരുളുന്നിതാ
സർവകാര്യമതിങ്കലും ശുഭ
സാരനിർമ്മലബുദ്ധി മേ
സർവദാ വിലസുന്നതിന്നു ഭ-
വാനനുഗ്രഹമേകണം (സകല

# സാധാരണസ്തുതികൾ

## ശങ്കരാഭരണം....ആദി

"മരിയാദഗാ" എന്ന മട്ട്

പ: കരുണാകര ദേവ കരുണാകര!

അനു: ശരണാഗതപാലനലോലുപ
പരിപാലയ ഹേ ജഗദീശ്വര! (കരുണാ

ച: കാരണപൂരുഷ-കമലവിലോചന
ദാരുണ ദുരിതവി-ദാരണപേശല!
ഭഗവൻ ജയജയ ഭവഭയഭഞ്ജന!
രാമാവല്ലഭ-പാവനസുചരിത! (കരുണ

## ഹിന്ദുസ്ഥാനിതോടി—ചായ്പ്

കമലേശനാഥാ കരുണാം വിധേഹി
വിമലാശയശുഭ—ദായക! (കമലേ
പശുപാംഗനാജനനേത്രാളിസംഹതി—
കമലായിതദേഹ! പാലയ. (കമലേ
അശുഭമഖിലവുമകലവേ നീക്കി
ആനന്ദമേകുക സന്തതം (കമലേ

ശരണാഗതജന-ഭരണൈകതാന!
മരണാമയഹര മാധവ! (കമലേ
തരുണാംബുജദളകോമളനേത്രി!
തരണം തവ പാദഭക്തിർമേ. (കമലേ

## തോടി....രൂപകം

"നിനുവിനാ" എന്നപോലെ.

പാലയ മാം ഭുവനനാഥ! പാവനചരിത!

അനു: ഫാലനേത്രവിനുതപാദ പരമപുരുഷ. (പാലയ

ച: ദുരിതാംബുധിതരണേ മമ
തരണേ പടുഭാവമമല!
ഹൃദയേ ശമമരുളീടുക സദയം
സരസീരുഹാക്ഷ!
സാധുസരണി-ഖേദതരണി സാധു
നൽകീടേണമീശ! (പാലയ

## ഖരഹരപ്രിയ....ആദി

"വിഢമൂശായാവേ" എന്നപോലെ.

പ: കരുണാജലധരാശേ ജനി-
മരണാപഹ ശൌരേ. (കരുണാ

അനു: ശരണാഗതനാമെൻമനതാരിൽ
വിലസീടുക നീ സരസം സതതം (കരുണാ

ച: അഞ്ചിതകളായകാന്തി-
പിഞ്ജരജാലലസന്മൌലി
ചഞ്ചലാക്ഷീമോഹനം നിൻ ശരീരം
നെഞ്ചിൽ മമ വാണു താപസഞ്ചയങ്ങൾ
തീർത്തിടേണം
പഞ്ചബാണജനകാ ശ്രീപാദപങ്കജം
തൊഴുന്നേൻ. (കരുണാ

## തോടി.... ഏകതാളം

സർവലോകനാഥ ദേവ പാഹി പാഹി മാം സദാ
ദിവ്യരൂപ നിന്നെ ഞാൻ നമസ്കരിച്ചിടുന്നിതാ
എന്തുചൊല്ലി നിന്നെ ഞാൻ
സ്തുതിച്ചിടേണമെന്നുമേ
ഹന്ത ബോധമേതുമില്ല ചിന്തയിങ്കലീശ്വരാ
എത്രയെത്ര ഗോളസഞ്ചയങ്ങളംബരാന്തരേ
നിത്യ! നിന്നനുജ്ഞയാൽ മേവിടുന്നു സർവദാ
നിർവിശേഷമിങ്ങുകളഖിലവും ഭരിച്ചിടുന്ന നിൻ
ദിവ്യമഹിമ മനുജഹൃദയവിഷയമായ്വരുന്നതോ?
എങ്കിലും ഹൃദന്തരത്തിൽ വാണിടുന്ന നിന്നുടെ
കിങ്കരത്വമാചരിച്ചു ഞാൻ വസിച്ചിടേണമേ.
നന്മയിങ്ങെനിക്കു നിത്യമേകിടുന്നതിന്നു ഞാൻ
നിന്മഹാകൃപാമൃതത്തിനായ് മുദാ വണങ്ങിടാം.

## സുരുട്ടി....ചാപ്പ്

നിലയെത്തുമറിയാവതോ പാർക്കിൽ നിന്റെ
നിലയെത്തുമറിയാവതോ?
നിലയില്ലാത്തുള്ളോരു വിവിധവാക്കുകളാൽ നിൻ
നിലയറിഞ്ഞുവരെന്ന ചപലത
ചിലരിലുണ്ടിഹ ചിത്സ്വരൂപക. (നില

ചെറിയൊരീ നരബുദ്ധിയിൽ- നിന്നുടെ തത്വ
മറിവാനില്ലഹോ വൈഭവം
നിറവാന്ന ജലധിയിൽ മറിയുന്ന ജലമെല്ലാം
കരതീടുകിലൊരു ചെറിയ ഘടമതി-
നുള്ളിലുണ്ടാക്കുക ശക്യമോ ബത! (നില

മതി പാരമുഴറിയാലും- അതിന്മേൽ നിൻ .
സ്ഥിതിയെന്നു ബുധസമ്മതം.
അതിന്നാലേ സദാചാരമണവും
സന്ത്യജിക്കാതെ
മതിയിലതിലമൊട്ട വാഴ്‌വതി
നതികൃപാമൃതമരുളീടുക മമ (നില

## നവരസം... ആദി

ചഞ്ചലാക്ഷി ശുഭേ ജയ
പഞ്ചബാണരിപുജായേ
അഞ്ചിതമാം തവ പാദം
നെഞ്ചിലെന്നും വിളങ്ങേണം. (ചഞ്ച

കല്മഷങ്ങളകലുവാൻ
ചിന്മയി നീ കടാക്ഷിക്ക
ജന്മമൃത്യു ഭയം തീൎക്കും
നിന്മഹിമയോൎക്കാവതോ? (ചഞ്ച

സേവകസന്താനവല്ലീ
സാദരമാനന്ദവല്ലീ
ശ്രീവിലാസം വരുവാനായ്
നീ വരം മേ നൽകീടേണം. (ചഞ്ച

കേശവസോദരീ മായേ
ക്ലേശമെല്ലാമകററണം
കേശവഖിന്നതേ! ഘന-
കേശി നീ പാലിച്ചീടേണം. (ചഞ്ച

## വേകട....ചായ്പ്

പ: ഭജരേ ഭജരേ ഭജരേ ഭഗവന്തം
ഭജമാനസന്താനം ഭജരേ

അനു: കരുണാവരുണാലയമാഹിത നിജ-
ചരണാനത ഭക്തകുശലം. (ഭജ

ച: തരുണാരുണ സാരസ കോമളനേത്രം
താരേശവദനം ശ്രീരമണം. (ഭജ

## ശുദ്ധമുഖാരി....ആദി

"സേവിച്ചീടുക പൂജ്യരെ" എന്ന മട്ടു്.

1 ജയ ജഗദീശ രാമ ദയാലോ
പങ്കജനാഭ ഹരേ!
ജനിമൃതിസാഗരതാരക ഭഗവൻ
കലയേ തവ ചരണം

2 ജനകസുതാമുഖകുമുദസുധാംശോ
പാലയ ദാശരഥേ!
കനകമഹാരുചിവസന മനോഹര!
കാമിതഫലദ വിഭോ!

3 വാസവമുഖസുരസേവിത മോഹന
വാരണതാപഹര!
ശാസിതദനുജകുലാജിത രഘുവര!
ശാരദശശിവദന!

## വരസു — ആദി

'സീമയകന്നൊരു' എന്ന മട്ടു്.

1 സാരസലോചന നാരകമോചന
നീരദമേചക! മേ
ഘോരതയാൎന്നൊരു പാപമകററുക
ഗോപീവല്ലഭ! നീ
വന്ദിച്ചീടുന്നേൻ - ഞാൻ -
വാസവസഹജ - ഹരേ!

2 ഉന്നതമാകിയ കുന്നൊരു കുടയായ്
നിന്നു വഹിച്ച ഭവാൻ
എന്നുടെയാൎത്തികൾ തീൎത്തരുളാസ്തുതി-
നെന്തൊരു ഹേതുവഹോ. (വന്ദി

3 ഇന്ദ്രനാപോലും മാനസതാരതിൽ
മന്ദതയേകിത തേ
വന്ദ്യതകോലും മഹിമകളെങ്ങനെ-
യോൎത്തീടും ഞങ്ങൾ. (വന്ദി

4 കാണായുള്ള ചരാചരമഖിലം
ഹന്ത! നീറഞ്ഞുമയേ
ചേണാൎന്നീടിന വിഗ്രഹമാൎന്നും
വാണീടുന്ന വിഭോ. (വന്ദി

5 തിരുമനതാരതിലൊരു കരുണാഭര-
മിവനിലുദിപ്പാനായ്
കരുതിയഹം നിൻ ചരണസരോജ
ഭക്തികലൎന്നു സദാ. (വന്ദി

# നിദ്രാരംഭസ്തുതികൾ

## ശ്രീരാഗം—ആദി

1 ഭുവനപതേ ജയ പരമകൃപാലയ!
തവ മഹിമയ്ക്കിഹ വന്ദിക്കുന്നേൻ.
ഭുവനമശേഷവുമവനം ചെയ്യൊരു
ഭൂരിഗുണാലയ! പാലയ സതതം. (ഭുവ

2 പലപല വൃത്തികളിന്നുടെ കൃപയാ
പരിചിനൊടിന്നിഹ ചെയ്തേൻ ഞാനും
പിഴയതിലറിയാതുള്ളവയെങ്കിൽ
വഴിപോലങ്ങു സഹിച്ചീടേണം. (ഭുവ

3 ഇന്നീവിധമിതുവരെയും കാത്തൊരു
നിന്നെ വണങ്ങീടുന്നു വിഭോ! ഞാൻ
ഉന്നതമായിഹ നിന്നിൽ ചേർത്തിനി
നന്ദ്യാ നിദ്ര തുടർന്നീടുന്നേൻ. (ഭുവ

## മുഖാരി....ആദി

1 ലോകമശേഷവും തിങ്ങിവിളങ്ങീടും
ഏകപതേ പരിപാവന ദൈവമേ
ആകുലമാകവേ തീർത്തു ദിവാനിശം
ശ്രീകരമാം വരമേകുക നീ മമ.

2 ചിന്മയനാകിയ നിന്നുടെ വൈഭവം
എന്മനതാരതിൽ തോന്നണമെപ്പോഴും
നന്മവരും വഴിതന്നിലെനിക്കു നീ
നിർമ്മലമാം ഗതി തന്നരുളീടുക.

3 ദുർമ്മതിസംഗമമിങ്ങു വരായ്മതി-
നംബരതുല്യനാം നീ കനിയേണമേ
കല്മഷമേതുമേ വന്നണയാതെ മേ
ശർമ്മമരുളുക ശാശ്വത ഹേ വിഭോ.

## സൌരാഷ്ട്രം....ചാപ്പ്

ലോകനാഥ പാലിച്ചാലും
ദാസനാമെന്നെ-
ശോകമെല്ലാമകൽവാനായ്
നീ കനിവോടെ തുണയ്ക്ക. (ലോക

സൂര്യരശ്മിയും മറഞ്ഞു-ക്രൂരിരുൾ വന്നുനിറഞ്ഞു
സൂരിമാരീലോകതത്വസാരമോ-
ർക്കാനായ്ത്തുനിഞ്ഞു.

പ്രകൃതിയാകിയ ദേവിതന്നുടെ-
യമിതമായ മഹത്വമങ്ങനെ
സുകൃതികൾക്കരുളുന്ന ഭുവനവു-
മുരുതരം രവഹീനമായിഹ. (ലോക

നിന്നുടയ മഹിമാനം മാനസതാരതിലോർത്തു
ഇന്നുഞാനേവമുറഞ്ഞീടുന്നതിന്നു ഭൂനിയുന്നേൻ
എന്നുടയ വിവിധപ്രവൃത്തിയിൽ
വന്നു വല്ലോരു ദുരിതമെങ്കിലു-
മെന്നിലലിവൊടു നീ സഹിക്കവ-
തിന്നു നിന്നെ വണങ്ങിടുന്നയി. (ലോക

# ഗുരുവായുപുരേശസ്തുതി

## ചെഞ്ചുരുട്ടി—ചായ്പ്

കരുണാനിധേ! പാഹി ഗുരുവായുപുരംതന്നിൽ
മരുവും ശ്രീകൃഷ്ണാ വിഭോ
ശരണാഗതന്മാരെ പരിപാലനംചെയ്യും
സരസിജനേത്രാ ശൌരേ!
തിരുനാമമനിശമെൻ നാവിൽ വിളങ്ങേണം
തീരേണം പാപജാലം
അതികോമളകാന്തിയുതിരും നിൻ തിരുവുടൽ
മതിയിൽ മേ വാണീടേണം.
മരതകമണിവർണ്ണ! മാധവ! ദൈവമേ!
മററില്ലൊരാശ്രയം മേ
അനുദിവസം തവ പാദാംബുജങ്ങളെ
മനസാ വണങ്ങീടുന്നേൻ.

# ശ്രീ പത്മനാഭസ്തുതി-കോലാട്ടപ്പാട്ട്

## കാപി....ചായ്പ്

പരിപാഹി പരിപാഹി പരിപാഹി ദേവാ
പരിപാഹി പരിപാഹി ശ്രീ പത്മനാഭാ
പരിതാപമഖിലവും തീർത്തു പാലിക്ക
പരമേശമുഖസേവ്യപാദപങ്കജ! (പരി

പന്നഗശയനത്തിൽ പള്ളികൊള്ളുന്ന
പാവനരൂപ നീ പാലിക്ക നിത്യം.
മരതകമേചക! മംഗലമൂർത്തേ!
സരസിജലോചന! നിർമ്മലകീർത്തേ! (പരി

വഞ്ചിനൃപകുലദൈവതമായി
വിലസുന്ന കമലേശ! പാലിക്ക നിത്യം
ദുരിതങ്ങളണയാതെ കാത്തുകൊൾവാനായ്
ചരണങ്ങളനുദിനം സേവിച്ചീടുന്നേൻ. (പരി

നരകവിനാശന നാഥ! നമസ്തേ
നരസുരസേവിത നാഥ! നമസ്തേ
നിരുപമനിർമ്മലശൗരേ! നമസ്തേ
നിഖിലചരാചരവാസ! നമസ്തേ. (പരി

## ശാസ്തൃസ്തുതി

"മോറിജാൻസാഫല്യ" എന്ന മട്ട്.

ശ്രീ ഹരിഹരസുത! പാലയ മാമയി
ശ്രീദാനലോലുപ! പാലയ മാം
മോഹനമാം തവ പദകമലം ഭവ
മോഹാന്തക വിഭോ കൈതൊഴുതേനയി. (ശ്രീ
കലിതകൃപാരസകോമളമയ്യപ്പൻ-
കാവിൽ വിളങ്ങിന കാന്തിനിധേ ജയ. (ശ്രീ

മരതകമോഹന ഹരഹയവാഹന
മാരാതിമഞ്ജുള ദേഹി ശുഭം - ജയ (ശ്രീ

ശ്രീ ശുകമൃഗപുരസ്ഥപകലപാലക
ശ്രീശാദിലാളിത ദേഹി ശുഭം ജയ. (ശ്രീ

## വന്ദേമാതരം

### നവരസം....ത്രിപുട

വ-ന്ദേ മാ-തരം
വന്ദനീയ ഗുണോപേതാം. (വന്ദേ
സാഗരമേഖലാളിക
മേരുരതിലകായിതാം. (വന്ദേ

മഞ്ജുളാരണ്യാഞ്ചി നദീ
പുഞ്ജകാന്തിരമണീയാം. (വന്ദേ
സൂതഭ്രരിതരവീരാം
സ്സീത ചാരുകീർത്തിഹാരാം. (വന്ദേ
ധർമ്മശാസ്ത്രാദിനിർമ്മാതൃ -
നിർമ്മലബഹുതനയാം. (വന്ദേ

## ഖമാജ്....ആദി

"വനജാക്ഷി നീ" എന്ന മട്ട്.

ശുഭമായ 'വന്ദേമാതരം' ഹൃദി കരുതുക നിരുപമ
ശുഭമായ വന്ദേമാതരം.
സുഭഗതയാർന്നോരു ഭാരതമഹിയുടെ
പുത്രരായ നാമൊരുമകലർന്നിഹ. (ശുഭ
ഇമ്മഹിയായിട്ടമ്മയിൽ നാമതി
നിർമ്മലതരമിയലും ബഹുമതിയൊടു. (ശുഭ
നിസ്തുലമായിട്ടമിവളുടെ മഹിമയെ
വിസ്തരിച്ചു പറവാൻ പണി; നാമതി (ശുഭ
കണ്ണിനു സുധയാം ഹിമഗിരിയാലിവൾ
വിണ്ണിനുള്ള മൈത്രിയെയരുളുന്നിതു (ശുഭ
പാവനഗങ്ഗാനദിയുടെ മഹിമകൾ
ഭാവനാവിഷയമോ? ബത! നാമതി. (ശുഭ
ഇവളുടെ കീർത്തിയെയിഹ നിലനിർത്തുക-
യൊന്നുതന്നെ കർത്തവ്യം നമ്മുടെ. (ശുഭ

സമാപ്തം.

# സംഗീതമാലിക

അന്യകൃതികളിലും സ്വന്തകൃതികളിലുംനിന്നു് തിരഞ്ഞെടുത്തിട്ടുള്ള പാട്ടുകൾ അടങ്ങീട്ടുള്ള സംഗീതമാലിക അഞ്ചും ആറും ഏഴും ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്കു വേണ്ടി നിർമ്മിച്ചതാണു്.

ഇതിനു് കേരളവർമ്മ വലിയകോയിത്തമ്പുരാൻ എഴുതീട്ടുള്ള അഭിപ്രായം, കവിയുടെ സംഗീതപ്രവേശകം, കൃതികൾ എന്നിവ മാത്രമാണു് ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതു്. 'സംഗീതമാലിക'യിൽ കാണുന്ന സ്വാതിതിരുനാൾ, വിദ്വാൻ കോയിത്തമ്പുരാൻ, ഇരയിമ്മൻതമ്പി, ഉണ്ണായിവാര്യർ എന്നിവരുടെ കൃതികൾ ഇതിൽ ചേർത്തിട്ടില്ല.

പ്രസാധകൻ.

# അഭിപ്രായം

സരസഗായകകവിമണി കെ സി. കേശവപിള്ള ഉണ്ടാക്കിയ സംഗീതപ്രവേശകം എന്ന പദ്യകൃതിയും കേശവപിള്ള തന്നെ തെരഞ്ഞെടുത്തിട്ടുള്ള പാട്ടുകളും അടങ്ങിയ ഈ സംഗീതമാലിക ഞാൻ വായിച്ചുനോക്കി. സംഗീതപ്രവേശകത്തിൽ രാഗം, സ്വരം, ശ്രുതി ഇവയുടെ ലക്ഷണങ്ങളും സ്വരവിഭാഗങ്ങളും, സപ്തസ്വരം ചൊല്ലുമ്പോൾ സ്വീകരിക്കേണ്ട സ്വരക്രമങ്ങളും മററും സംക്ഷിപ്തമായി വിവരിച്ചിട്ടുണ്ടു്. പെൺപള്ളിക്കൂടങ്ങളിലും മററും ഭാഗവതന്മാർ കുട്ടികളെ അഭ്യസിപ്പിക്കുമ്പോൾ ഈവക സംഗതികൾകൂടി അവരെ ഗ്രഹിപ്പിക്കാതിരിക്കുന്നതു് വലുതായ ഒരു ന്യൂനതയാകുന്നു. (പക്ഷേ സംഗീതത്തിലെ ഈവക ശാസ്ത്രീയതത്വങ്ങൾ പള്ളിക്കൂടങ്ങളിലെ ഭാഗവതന്മാരിൽതന്നെ അധികംപേരും ഗ്രഹിച്ചിട്ടില്ലായിരിക്കും.) ഈ ന്യൂനതയെ പരിഹരിക്കുന്നതിനു് ആദ്യപാഠമായി സ്വീകരിക്കാൻ ഈ 'സംഗീതപ്രവേശകം' ഉതകുന്നതാണു്. ഇതിനു പുറമേ ഈ പുസ്തകത്തിൽ സ്വാതിതിരുനാൾ, ഇരയിമ്മൻതമ്പി, ഉണ്ണായിവാര്യർ മുതലായവരുടെയും കൃതികളിൽനിന്നു് എടുത്തിട്ടുള്ളവയും കേശവപിള്ള തന്നെ ഉണ്ടാക്കീട്ടുള്ളവയും ആയ പാട്ടുകളാണു് ചേർത്തിട്ടുള്ളതു്. ഈ പാട്ടുകൾ കുട്ടികൾക്കു സംഗീതാഭ്യസനത്തിനു മാത്രമല്ല, സാഹിത്യസരണിയിൽ ഒരു അഭിരു

പി ജനിക്കുന്നതിനും ഉപയോഗപ്പെടാതിരിക്കയില്ല. നമ്മുടെ നാട്ടുകാരിൽ പലരും ഹിന്ദുസ്ഥാനി, തമിഴ്, തെലുങ്ക് മുതലായ ഭാഷകളിലുള്ള പാട്ടുകളെപ്പോലെ സംസ്കൃതത്തിലും വിശേഷ്യ മലയാളത്തിലും ഉള്ള പാട്ടുകളെ അത്ര ആദരിക്കുന്നില്ലെന്നുള്ള ശോച്യാവസ്ഥ ക്രമേണ നീങ്ങുന്നതിനും ഈ മാതിരി പുസ്തകങ്ങളുടെ ആവിർഭാവം സ്പൃഹണീയമാകുന്നു.

1086 കർക്കടകം 21 കേരളവർമ്മാ.

# സംഗീതമാലിക

## സംഗീതപ്രവേശകം

അവയവവൃത്തികരംമൂലം
ശ്രവണസുഖം നൽകിടും സ്വരാവലിയോ
അതിൽനിന്നുണ്ടായീടും
വ്യക്തിയതോ 'രാഗ'മെന്നു ചൊല്ലുന്നു. 1

തന്റെ അവയവങ്ങളായിരിക്കുന്ന സ്വരങ്ങളുടെ വൃത്തികരംകൊണ്ടു് കർണ്ണസുഖത്തെ ജനിപ്പിക്കുന്ന സ്വരസമുദായമോ, അല്ലെങ്കിൽ അപ്രകാരമുള്ള സ്വരസമുദായത്തിൽനിന്നു ജനിക്കുന്ന വ്യക്തിയോ 'രാഗം' എന്നു പറയപ്പെടുന്നു.

ശ്രുതിയുടെ പിറകേ വഴിപോൽ
ശ്രുതിസദൃശാംശം ജനിച്ചിടും ശബ്ദം
സ്വത ഏവ രഞ്ജകതാൽ
'സ്വര'മെന്നു പറഞ്ഞിടുന്നു വിദ്വാന്മാർ. 2

ശ്രുതിയുടെ പിന്നാലെ, ശ്രുതിയുടെ അംശത്തോടു തുല്യമായ അംശത്തോടുകൂടി ഉണ്ടാകുന്ന ശബ്ദം സ്വഭാ

വേന മനസ്സിനെ രഞ്ജിപ്പിക്കുന്നതാകയാൽ 'സ്വരം' എന്നു പറയപ്പെടുന്നു.

നിജധർമ്മതാരതമ്യാൽ
സ്വരധർമ്മങ്ങൾക്കു ഭേദമേകുവതായ്
ആദിയിലുളവായീടും
നാദം 'ശ്രുതി'യാകുമെന്നു കരുതേണം. 3

തന്റെ ധർമ്മങ്ങൾക്കുള്ള കൂടുതൽ കുറവുകൾകൊണ്ടു് സ്വരധർമ്മങ്ങൾക്കു വ്യത്യാസത്തെ ജനിപ്പിക്കുന്നതും, ആദ്യം ഉണ്ടാകുന്നതുമായ ശബ്ദം 'ശ്രുതി' എന്നു പറയപ്പെടുന്നു.

ശ്രുതിവൃത്തികളായീടും
ധർമ്മങ്ങളുയർച്ച താഴ്ചയും തന്നേ;
വസ്തുകളപേക്ഷാമതിയാ-
ലുളവാകും ശബ്ദധർമ്മയുഗളം താൻ. 4

ശ്രുതിവൃത്തികളായ ധർമ്മങ്ങൾ, ഉയർച്ച, താഴ്ച എന്നിങ്ങനെ രണ്ടാകുന്നു. ഇവ ഒന്നിനെ അപേക്ഷിച്ചു മറ്റൊന്നിൽ തോന്നുന്നതാകയാൽ അപേക്ഷാധർമ്മങ്ങൾകൊണ്ടുണ്ടാകുന്ന രണ്ടു ശബ്ദധർമ്മങ്ങൾതന്നെ.

ഏറുക കുറയുകയിവയാ-
ലേറെശ്ശബ്ദങ്ങളുണ്ടിവററിന്നും
ആയവ വഴിപോലറിയാം
ഗായകലോകപ്രയത്നഭേദത്താൽ. 5

ഉയർച്ച, താഴ്ച എന്നിങ്ങനെ മുൻപു പറയപ്പെട്ട ശ്രുതിധർമ്മങ്ങൾക്കും ഏറ്റക്കുറച്ചിലുകൾനിമിത്തം ഭേദങ്ങൾ വളരെ ഉണ്ടു്. അവ ഗായകന്മാരുടെ പ്രയത്നഭേദംകൊണ്ടു് അനുഭവത്തിൽ വരുന്നവയാകുന്നു.

ഷഡ്ജവുമൃഷഭം പിന്നെ-
ഗ്ഗാന്ധാരവുമതുകഴിഞ്ഞു മദ്ധ്യമവും
പഞ്ചമവും ധൈവതവും
നിഷാദമേവം സ്വരങ്ങളേഴത്രെ. 6

ഷഡ്ജം, ഋഷഭം, ഗാന്ധാരം, മദ്ധ്യമം, പഞ്ചമം, ധൈവതം, നിഷാദം എന്നിങ്ങനെ സ്വരങ്ങൾ ഏഴാകുന്നു.

ഋഷഭം മൂന്നുവിധം താ-
നാദ്യം 'ശുദ്ധം', പരം 'ചതുശ്ശ്രുതി'യും
മൂന്നാമത്തതു 'ഷഡ്‌ശ്രുതി'-
യെന്നീവണ്ണം ധരിക്ക നാമങ്ങൾ. 7

മേൽവിവരിച്ച സ്വരങ്ങളിൽ ഋഷഭം ഒന്നാമത്തേതു്, ശുദ്ധം, അതിൽക്കൂടിയ രണ്ടാമത്തേതു് ചതുശ്ശ്രുതി, അതിലുംകൂടിയ മൂന്നാമത്തേതു് ഷഡ്‌ശ്രുതി എന്നിങ്ങനെ മൂന്നുമാതിരിയാകുന്നു.

ഗാന്ധാരം മൂന്നുവിധം
പ്രഥമം 'ശുദ്ധം' ദ്വിതീയമഥ "ലളിതം'
മൂന്നാമത്തേ'തന്തര'-
മിങ്ങനെയാണു നാമമതിന്നറിക. 8

ഗാന്ധാരം ക്രമേണ ശുദ്ധം, ഖളിതം, അന്തരം ഇങ്ങനെ മൂന്നുവിധമാകുന്നു.

'ശുദ്ധം' 'പ്രതിമധ്യമ'മിവ
മധ്യമഭേദങ്ങളോക്ക് രണ്ടത്രേ;
ഋഷഭത്തിന്നെതുപോൽ
കാണുക ഭേദങ്ങൾ ധൈവതത്തിന്നും. 9

മധ്യമം രണ്ടു പ്രകാരം; ആദ്യമധ്യമം ശുദ്ധം എന്നും രണ്ടാമത്തേതു് പ്രതിമധ്യമം എന്നും പറയപ്പെടുന്നു. ധൈവതം ഋഷഭം എന്നപോലെ ക്രമേണ ശുദ്ധം ചതുശ്ശ്രുതി, ഷഡ്ശ്രുതി എന്നു മൂന്നുവിധംതന്നെ.

ശുദ്ധം കൈശികി കാകളി-
യെന്നീവണ്ണം നിഷാദവും ത്രിവിധം;
ഷഡ്ജം പഞ്ചമമെന്നിവ
രണ്ടിനും ഭേദമില്ലൊരേടത്തും. 10

നിഷാദം മൂന്നുവിധം. ഒന്നാമത്തേതു് ശുദ്ധമെന്നും രണ്ടാമത്തേതു് കൈശികി എന്നും, മൂന്നാമത്തേതു് കാകളി എന്നും പറയപ്പെടുന്നു. ഷഡ്ജത്തിനും പഞ്ചമത്തിനും ഒരിടത്തും ഭേദമില്ല.

സരിഗമപധനീത്യേവം
സങ്കേതാക്ഷരമിവയ്ക്കു കരുതേണം;
അവയെച്ചൊല്ലീടുമ്പോൾ
ഋഷഭം ശുദ്ധം പരം ഗ്രഹിക്കേണം.

അന്തരമാം ഗാന്ധാരം
സന്തതമുരരീകരിക്കയെവ്വണ്ണം
ശുദ്ധം മധ്യമധൈവത-
യുഗവും കാകളിനിഷാദവും വഴിപോൽ. 11

ഷഡ്ജാദിസപ്തസ്വരങ്ങൾക്ക് ക്രമേണ സരിഗമ പധനി എന്ന അക്ഷരങ്ങൾ സങ്കേതങ്ങളാകുന്നു. സപ്തസ്വരം ചൊല്ലുമ്പോൾ ശുദ്ധമായ ഋഷഭത്തെയും, അന്തരമായ ഗാന്ധാരത്തെയും, ശുദ്ധമായ മധ്യമത്തെയും, ശുദ്ധമായ ധൈവതത്തെയും, കാകളിനിഷാദത്തെയും ആണ് സ്വീകരിക്കേണ്ടതു്.

ചേലിയലും സ്വരവൃത്തികൾ
നാലുണ്ടു 'വിളംബ'വും 'പ്രവാഹ'മതും
'കമ്പന'വും 'ഭ്രമണ'വുമിവ
കരുതണമതുകൾക്കു നാമധേയങ്ങൾ. 12

സ്വരങ്ങൾക്ക് വിളംബം, പ്രവാഹം, കമ്പനം, ഭ്രമണം എന്നിങ്ങനെ നാലു വൃത്തികൾ ഉണ്ടു്.

സ്വരമൊന്നു പുറപ്പെട്ടവി-
ച്ഛപരസ്വരമല്ലതാമസത്തോടേ
പാക്ക്, പുറപ്പെട്ടവിക്കെ
സ്വരങ്ങളിൽ സ്ഥിതി 'വിളംബ'മായിട്ടും
13

ഒരു സ്വരത്തെ ഉച്ചരിച്ച് കാലതാമസത്തോടുക്രു

ടി അടുത്ത സ്വരത്തെ ഉച്ചരിക്കുമ്പോൾ സ്വരങ്ങളിലുള്ള നില്പിന്നു് 'വിളംബം' എന്നു പേരാകുന്നു.

സലിലത്തിന്റെയൊഴുക്കിനു
സദൃശം സ്വരമൊന്നിൽനിന്നു ഭംഗിയോടെ
അന്യസ്വരമതിലേക്കായ്
പകരുന്നതുതാൻ 'പ്രവാഹ'മറിയേണം. 14

വെള്ളത്തിന്റെ ഒഴുക്കുപോലെ ഒരു സ്വരത്തിൽ നിന്നു് അന്യസ്വരത്തിലേയ്ക്കുള്ള പകർച്ചയ്ക്കു് പ്രവാഹമെന്നു പേർ.

കണ്ഠം വീണക്കമ്പികൾ
മുതലായവയാർന്നിടുന്ന ചലനത്താൽ
സ്വരനിരയിൽ തോന്നീടും
ചലനം താനിഹ നിനയ്ക്ക 'കമ്പന'മാം. 15

കണ്ഠം, വീണയുടെ കമ്പികൾ മുതലായവയുടെ ചലനംകൊണ്ടു് സ്വരങ്ങൾക്കുണ്ടാകുന്ന ചലനത്തിനു് കമ്പനം എന്നു പേർ.

കമ്പനമിതിന്നുള്ളൊരു വക-
ഭേദം താൻ 'ഭ്രമണ'മെന്നു ചൊല്ലുന്നു;
ഓരോ രാഗവുമിവയാൽ
ചാരുതരം സ്പഷ്ടമായ് ഭവിക്കുന്നു. 16

കമ്പനത്തിന്റെതന്നെ ഒരു വകഭേദത്തിനു 'ഭ്രമണം' എന്നു പേർ. ഈ നാലു സ്വരവൃത്തികൾകൊണ്ടാണു് ഓരോ രാഗവും സ്പഷ്ടമാകുന്നതു്.

രാഗഗണം രണ്ടുവിധം
പ്രഥമം 'പൂർണ്ണം', ദ്വിതീയമിഹ 'ജന്യം',
പൂർണ്ണം രണ്ടുമൊരേഴുപത്തു-
മുണ്ടപരത്തിന്നു സംഖ്യയില്ലല്ലോ. 17

രാഗങ്ങൾ "പൂർണ്ണരാഗങ്ങൾ" എന്നും 'ജന്യരാഗങ്ങൾ' എന്നും രണ്ടുവിധമാകുന്നു. അവയിൽവച്ചു് പൂർണ്ണരാഗങ്ങൾ എഴുപത്തിരണ്ടാകുന്നു. ജന്യങ്ങളാകട്ടെ അസംഖ്യങ്ങളായി ഉണ്ടു്.

പൂർണ്ണസ്വരങ്ങളാമീ
"പൂർണ്ണ"ങ്ങൾ ധരിക്ക "മേളകർത്താക്കൾ;"
പൂർണ്ണങ്ങളിൽ നിന്നുണ്ടാ-
കുന്നവയാകുന്നു "ജന്യരാഗങ്ങൾ." 18

പൂർണ്ണരാഗങ്ങൾ എഴുപത്തിരണ്ടാണെന്നു മുൻപേ പറഞ്ഞുവല്ലോ. അവ പൂർണ്ണങ്ങളായ സ്വരങ്ങളോടുകൂടിയവയും മേളകർത്താക്കൾ എന്നു പേരുള്ളവയും ആകുന്നു. ഈ പൂർണ്ണരാഗങ്ങളിൽനിന്നുണ്ടാകുന്നവയത്രേ 'ജന്യങ്ങൾ.'

'കനകാംഗീ'ത്യാദികളാം
പൂർണ്ണങ്ങൾക്കുള്ള നാമധേയങ്ങൾ;
എന്നാൽ നാമുപയോഗി-
ക്കുന്നവ ജന്യങ്ങളാണു മിക്കവയും. 19

പൂർണ്ണരാഗങ്ങളുടെ പേർ 'കനകാംഗി', 'രത്നാംഗി' ഇത്യാദികളാകുന്നു. എന്നാൽ സാധാരണമായി നാം ഉപയോഗിക്കുന്ന രാഗങ്ങൾ മിക്കവാറും ജന്യങ്ങളാകുന്നു.

## ശങ്കരാഭരണം....ആദി

"മരിയാദഗാ" എന്ന മട്ട്.

പ: പരിപാവനി ദേവി പരിപാവനി.

അനു: കരുണാവതി പാഹി മഹേശ്വരി
തരുണാംഭോ-ജായതാക്ഷി. (പരി

ച: ആമയനാശിനി സാമജഗാമിനി
ശ്രീമതി തവ പാദ മാകലയാമി
കാമിതദായിനി കരു കരുണാമയി
കാമവിനാശന മാനസമോഹിനി. (പരി

ടി മട്ട്.

പ: തൊഴുതേനിതാ വാണി തൊഴുതേനിതാ

അനു: പഴുതേ പര-ദേവതമാരുടെ
വഴിതേടാതെ നിൻ-കഴൽ
വഴിപോലെ ഞാൻ. (തൊഴ

ച: വാക്കുകം വേണ്ടപോ-ലെന്നുടെ നാവിന്മേൽ
നീക്കമൊഴിഞ്ഞു നിത്യം-നീ കൃപയോടേ
ചേക്കണമായതി-നായ്ക്കമലത്തൊട്ട
പോക്കണയും തവ പാവനമാം കഴൽ. (തൊഴ

## മുഖാരി....ചായ്പ്

"ശ്രീകണ്ഠേശാ പാഹി" എന്ന മട്ട്.

വിഷ്ടപാധിനാഥാ നിന്നെ ആശ്രയിക്കുന്നേൻ
കഷ്ടതയഖിലം തീൎത്തു
കാരുണ്യേന പാലിക്കേണം. (വിഷ്ട

ഭൃത്യനായീടുന്നോരെൻെറ-
യാൎത്തികളെയനുദിനം
തീൎത്തീടേണമതിനായി
പേൎത്തുമൎത്ഥിച്ചീടുന്നേൻ ഞാൻ. (വിഷ്ട
സൎവവസ്തുനിരയിലും
സൎവദാ ഭവാനെക്കാണ്മാൻ
ഭവ്യദൃഷ്ടിയരുളേണം
ദിവ്യമൂൎത്തേ കൃപയാ നീ (വിഷ്ട
ദോഷദൎശനത്തിൽ മാന്ദ്യം
തോന്നണം കേവലം മമ
തോഷമോടേ ഗുണസ്വീകാ-
രേഷു ശീഘ്രതയും വേണം. (വിഷ്ട
പാപവൃത്തിയല്ലൂ തവ
കോപകാരണമെന്നുള്ളിൽ
സ്വാപദശയിലും ഭീതി
മേ ഭവിച്ചീടേണം നാഥ! (വിഷ്ട

(അടുത്ത ഗാനം "കരുണാസാഗര"—"ഈശ്വര സ്തോത്രങ്ങളിൽ ചേൎത്തിട്ടുണ്ടു്".)

## ബ്യാഗ്....രൂപകം

"ഈ വിരഹമെട്ടലോ" എന്ന മട്ട്.

പ: ദൈവഗതിയോർത്തു കാണ്മതിനെളുതോ?

അനു: കൈവരുമേയമൃതമെന്നു കരുതിടും നരൻ
കാളകൂടപാനമാന്നു കേണിടും സഹസാ.
(ദൈവ

ച: ചാരുമണിസൌധമേറി മേവിടും നരൻ
ഘോരമായിടുന്ന കാട്ടിൽ മേവിടും സഹസാ
ധർമ്മസരണി കൈവിടാതെ വാണിടും നരൻ
മർമ്മഭേദകാർത്തിപാത്ര-മായിടും സഹസാ.
(ദൈവ

## ഖരഹരപ്രിയ....ആദി

"വിധമൂശേയാവോ" എന്ന മട്ട്.

പ: ജഗതീനാഥാ ഹേ തവ
ജയമുളവാക സദാ.

അനു: ദിനനായകനും ദേവ ഭവാനും
നിതരാം സമമാ-ണധികാരമയേ. (ജഗ

ച: ലോകാന്തത്തോളവുമിപ്രജകൾ-
ക്കെത്തുന്ന തമോവൃത്തിയൊഴിപ്പാൻ
രണ്ടുപേരും വേണ്ട ജോലി
ചെയ്തിടുന്നു.
ജ്യോതിസ്സായകനായി വാനിൻ
മധ്യംതന്നിൽ ക്ഷണമങ്ങവനും
പകലിന്നിയല്ല—മൊരാറാംഭാഗേ
സ്വച്ഛന്ദം നീ-യും മരുവുന്നു. (ജഗ

## ഹിന്ദുസ്ഥാനി ഭൈരവി....രൂപകം

"ശങ്കരിമാം" എന്ന മട്ട്.

ദിനമധ്യമാ പാതിതീന്റെ ദീപ്തിപൂജ വിലസിടുന്നു
ദിനകരാംശുജാലമേററു ദീനനായ കേകിയെന്നു
നനവിയന്ന വിടപിമൂല തടമണഞ്ഞു മേവിടുന്നു.
(ദിന

കർണ്ണികാരമുകുളരാശി ഭിന്നമാക്കിയതിനകത്തു
ചെന്നു ശീതസൌഖ്യമാന്നു മധുകരം ലയിച്ചിടുന്നു
(ദിന

ജലമതിൽ കലർന്നതായ ചൂടുകൊണ്ടു കരയിലുള്ള
ജലജമാശ്രയിച്ചിടുന്നു ജവമൊടുകാരന്നമിന്നു.
(ദിന

കൂട്ടിലിവിടെ വാണിടുന്ന കേളിശുകവുമധികമായ
വാട്ടമോടു വെള്ളമേക വേണമെന്നിരന്നിടുന്നു.
(ദിന

## ഖമാജ്....ആദി

"വനജാക്ഷി നീ" എന്ന മട്ട്.

മതിജാതമാം വിഭ്രമം - ബഹുവിസ്മയകരമെൻ
മതിജാതമാം വിഭ്രമം.
അതിമലമുടയ നിശാചരനല്ലിതു
പുതിയതായി വിലസുന്നൊരു കാർമുകിൽ. (മതി
നല്ലതുപോലെ വലിച്ചുകലച്ചൊരു
വില്ലുമല്ല പുരുഹൂതധനുസ്സിതു. (മതി
അമ്പുകളല്ലിതു പലവഴി ചിതറും
വൻപെഴുന്ന മഴതന്നുടെ ധാരകൾ. (മതി
പ്രിയതമയുർവശിയല്ലിതു പൊന്നിൻ
പ്രഭ കലർന്ന മിന്നൽപ്പിണരാണിഹ. (മതി

# ഓണപ്പാട്ട്

## യദുകുലഗാംബോധി... ആദി

കിളിമൊഴിമാർ മൌലിയിൽ ചാർത്തിടുന്ന
ലളിതമണേ! മത്സഖീ! കേട്ടാലും നീ
കുളുർമതി കൈക്കുപ്പുന്ന നിന്മുഖത്തിൽ
കളഭഗതേ കസ്തൂരി ചേർത്താലും നീ

അളികൾ കൊതിച്ചീടുന്ന മെയ്‌ലിതന്നിൽ
കളകുസുമജാലങ്ങൾ ചൂടിയാലും
തളിരൊളിമെയ്യെല്ലാമലങ്കരിപ്പാൻ
കളിപറകല്ലേതുമേ വൈകീടൊല്ലാ.
അഖിലരമിഃങ്ങോരോ വിലാസങ്ങളിൽ
ചപലത കൈക്കൊള്ളുമീയോണമോർത്താൽ
കമലയുടെ കാന്തനാം കാർവർണ്ണൻെറ
വിമലതയാന്നീടും തിരുനാളല്ലോ.
ദുരിതഗണമെല്ലാമൊഴിച്ചു നിത്യം
നരതതിയെപ്പാലിക്കും പത്മനാഭൻ
മരതകനേർവർണ്ണനെക്കുപ്പുവാനായ്
ത്വരിതമെടോ തോഴീ നാം പോയീടേണം.
അതിനിഹ നീ വേഗാൽ ഗമിച്ചു ഗേഹേ
കുതുകമൊടേ നന്നായൊരുങ്ങീടേണം.
അതുവരെയും ഞാനുമീയൂഞ്ഞാലാടി
അതിരസമായ് പാടി വസിച്ചീടുന്നേൻ.

# രാഗമുദ്രാഷ്ടകം

## (ദേവീസ്തുതി)

കോപേ 'നാട്ട' ഹസിച്ചുകൊണ്ടസുരരെ
ധ്വംസിച്ച 'കല്യാണി!' നീ
താപം തീർക്ക 'വരാളി' കുന്തളഭരേ!
'സാരംഗ'ലോലേക്ഷണേ!
ആപന്നാശിനി 'ശങ്കരാഭരണ'മാ-
യീട്ടും ശുഭേ 'ഭൈരവി!'
'ശ്രീ'പാദസ്മൃതിയിങ്കൽ മേ 'നവരസം'
ചേർത്തീടുവാനായ്ത്തൊഴാം. 1

ചേടീഭൂതസുരാംഗനാരിനി 'ധനാ-
സി'തത്വവും സൽകൃപാ
ധാടീ മഞ്ജുളനേത്രധാ'മലഹരി'
മാധുര്യ്യവും സന്തതം
'പാടീ'രപ്രഭ ചേർന്നിണങ്ങി വിലസും
ഗണ്ഡങ്ങളും സമ്മദ-
'തോടീ'ശൻ തൊഴുകുന്ന മെയ്യുമലിവോ-
ടും കാമ്പിലോർക്കുന്നു ഞാൻ. 2

---

2 ചേടീ......ത്വം=ദാസിമാരായിത്തീർന്നിരിക്കുന്ന സുരാംഗനമാരുടെ അരികളുടെ (അസുരന്മാരുടെ) നിധനത്തിൽ=നാശത്തിൽ ഉള്ള ഉത്സാഹം.

ആനന്ദാമൃത'മോഹനം' നിജലസ-
ച്ഛ്രീരൂപസാരം ശിവൻ
ധ്യാനം ചെയ്തിട'വേകടാ'ക്ഷാനികരം
ത്തുകിത്തദീയാശയം
മാനം പൂണ്ടടനാഹരിച്ച മഹിതേ!
നിന്മേനിയെന്മാനസ-
സ്ഥാനം ചേർന്നഘമി'ഞ്ഞെരിക്കില'ല്ലു മേ
ഭദ്രാണി ഭദ്രാവഹം. 3

വൻപാളും ക'മഠാണ'കാകൃതിപുരാ
കൈക്കൊണ്ട ചിൽക്കാതലും
നിൽപാദം കുടിലാസുരേ'ശഹന'ന-
ത്തിന്നായ' നിനയ്ക്കുന്നു തേ;
സ്തംഭാഭിഖ്യ'മുഖാരി'നാശിനി! തവ
സ്വാന്തം ഖലന്മാരില-
സ്തംഭാനന്ദനിധേ! 'സുരുട്ടി'തരരിൽ
കാരുണ്യസാരോത്തരം. 4

കേട്ടാൽ നിന്മൊഴി ഖേദമംബ! സഹ'സാ
വേരി'ക്ക പാരിക്കുമി-

---

3 എരിക്കിൽ=എരിക്കുകിൽ (നശിപ്പിക്കുമെങ്കിൽ)

4 കമഠാണകാകൃതി=കുത്സിതമായ കമഠരൂപം. കമഠം=ആമ. ചിൽക്കാതൽ=വിഷ്ണു. ഹനനം=വധം. സുരുട്ട്=ഏററവും കോപത്തോടുകൂടിയതു്.

ന്നാട്ടാരിൽ കുതുകം വളർത്തിടുവതി
ന്നാ'കാപി'കശ്രേണിയും;
കോട്ടം വിട്ടനിശം മഹാ'ബലഹരി'-
ന്നാഥവ്രജത്തിന്റെയും
വാട്ടം തീർപ്പതു നീ ഭവാനി! കരുണാർ
ദ്രാലോ'കമാശി'സ്സിനാൽ. 5

ആ'കാമോദരി'യിങ്കൽ വാസമിഹ മേ
നിന്നെബ്ഭജിച്ചീടുവാൻ
പാകാരാതിനുതേ! വനങ്ങളിലുമി-
ന്നാ'കാനട'ന്നീടുവാൻ
ശോകം 'നാഗവരാളി' ഭൂഷണദയിതേ!
തീർത്തീടണം മാമകം
നീ കാരുണ്യരസം കലർന്നവനിഭൃൽ
'ഭൂപാല'പുണ്യാത്മികേ! 6

---

5 വേരി=മധു. മഹാ.........വ്രജം=വളരെ ബലമുള്ള ദിക്പാലസമൂഹം. ആശിസ്സ്=അനുഗ്രഹം.

6 ദരി=ഗുഹ. അവനിഭൃൽപാലൻ=പർവതരാജൻ (ഹിമവാൻ)

# പലവക ഗാനങ്ങൾ

"അജിപരന്തമാ" എന്ന മട്ട്.

പ: അജിത! നിന്നുടെ പാദം തൊഴുന്നേൻ

അനു: കാരണപൂരുഷ! കമലവിലോചന!
ശരണമെനിക്കു നീയേ നിത്യം. (അജി

ച: സേവകപാലക! പാവനശീലക
സദയം കരുണമരുളുക നാഥ!
അഞ്ജനകോമള മഞ്ജുളകൌസ്തുഭ
രഞ്ജിതഗള! ഭഗവൻ! നാഥ! (അജി

## കല്യാണി....ചാപ്പ്

പ: പരിപാവനി പാഹിപാഹി
പരമേശ്വരി ഗുണശാലിനി. (പരി

അനു: കരുണാമൃതമരുളീടുക
കാമിതഫലദായകമതി. (പരി

ച: നിഖിലഭുവനഭരണകർമ്മ
നിപുണമായ നിലകലന്നു
നിർമ്മലതരനീതിയോടു
നിത്യവുമിങ്ങു മുദാ നിജ-
കൃത്യമഹോ നിറവേററം. (പരി

## തോടി....രൂപകം

പ: *കൊച്ചുനാകുളങ്ങരയിൽ വാണിടും ശുഭേ

അനു: ഇച്ഛപോലെ ഭദ്രകാളി
ഭവതി മാം പാലിച്ചീടുക. (കൊ

ച: വൻപെഴുമസുരഗണത്തെ ഹനിച്ചൊരു
വാസവമുഖവിനുതേ!
നിൻപദമെന്യേയൊരാശ്രയമിഹനഹി
നീരദചാരുകചേ!
കുമ്പിടുമടിയനിലുരുകരുണാദര-
മരുളുക ഭഗവതി ശുഭചരിതേ
ശുംഭമുഖാമിത ഡംഭവിനാശിനി
ജയ ജയ ദേവി സദാ ജയ ജയ ദേവി സദാ
ജയ ജയ ദേവി സദാ. (കൊ

---

* ചേർത്തലയുള്ള ഒരു ക്ഷേത്രം

# ഗുരുവന്ദനം

## യദുകുലകാംബോധി.... ചാപ്പ്

പ: ഗുരുനായക ധീമൻ ഭവതു മംഗളം തവ
കരുണാജലരാശേ!

അനു: ഗുരുവാം പ്രയത്നമോടുരുവിദ്യകൾ ഞങ്ങൾ-
ക്കരുളിയതിനു നന്ദിയരുളുന്നിതാ ഞങ്ങൾ.
(ഗുരു

ച: പിരിയുന്നതുകൊണ്ടു പരിതാപം മനതാരിൽ
പെരുകുന്നിതെന്നാകിലും
ഉപരിഗതിക്കാണിന്നയിതേ ഗയിയെന്നു
കരുതിയതിൽ വിജയത്തിനീശനെ-
യുരുമുദാ കൈകൂപ്പിടുന്നിഹ. (ഗുരു

## ബ്യാഗ്.... ആദി

ചക്രം ചുഴററീടുക വിധേ നിൻെറ
ചക്രം ചുഴററീടുക.
അക്രമമായുള്ള ഗർവം വളർന്നോരു
ധിക്കാരിവർഗ്ഗത്തെയൊക്കെയടക്കുന്ന. (ചക്രം
പൊവ്വേതുമില്ലാതെ നില്പാതൊരേടത്തു
സർവകാലത്തുമൊരുപോലിളകുന്ന. (ചക്രം

നിന്നെയും നിന്നുടെ ചക്രത്തെയും സ്നേഹി
ക്കുന്നില്ല ഞങ്ങൾ വെറുക്കുന്നതുമില്ല. (ചക്രം

ദ്വേഷിക്കയോ ഹന്ത തോഷിക്കയോ ചെയ്ക-
യീഷലത്തിലില്ല ഞങ്ങൾക്കറിഞ്ഞാലും. (ചക്രം

ഉള്ള ധനമേററമല്ലമെന്നാലുമി-
ങ്ങുള്ളിന്നു വിസ്താരമുണ്ടു വഴിപോലെ. (ചക്രം

നിൻപ്രേമമുണ്ടാകിലുണ്ടാം ധനമേററ-
മില്ലെങ്കിൽ ഞങ്ങൾക്കു കൈയുണ്ടു വേലയ്ക്കു
(ചക്രം

മാനവന്മാരുടെ ഭാഗ്യത്തിനോർത്തീടിൽ
മാനവന്മാർ താനധികാരികൾ നൂനം. (ചക്രം

നീയും ബത നിൻെറ ചക്രവും മേഘത്തിൽ
മായും നിഴലുകൾ തന്നെ നഹി വാദം. (ചക്രം

(ഇംഗ്ലീഷ് തർജ്ജമ)

# താരാട്ട്

## മോഹനം.... ചാപ്പ്

പശ്ചിമസിന്ധുവിൽനിന്നു-പാരം
സ്വച്ഛമായ് വന്നീടും കാററേ!
കല്ലോലസഞ്ചയം തന്നിൽ-പാരം
ഉല്ലസിച്ചീടുന്ന കാററേ!

ശീതാംശുമണ്ഡലം തന്നിൽ-നിന്നു
ശീതമായ് വന്നീടും കാറേറ!
ആനന്ദമേററമുദിക്ക-മാറു
നീ മന്ദമായ് വീശിയാലും.
പ്രേഷ്ഠനായീടുമവനെ-യിങ്ങു
കൂട്ടിച്ചുകൊണ്ടു വന്നാലും.
ഓമനപ്പൈതലുറങ്ങു-മാറു
നീ മന്ദമായ് വീശിയാലും
കുഞ്ഞേയുറങ്ങുക വേഗാ-ലച്ഛൻ
ഇങ്ങു വന്നെത്തീടുമല്ലോ.
അമ്മയാമെൻ മാറിടത്തി-ലേററം
ആശ്വസിച്ചാലുമെൻകുഞ്ഞേ!
ഓമനയാം നിന്നെക്കാണ്മാ-നച്ഛൻ
താമസിയാതെ വന്നീടും
പശ്ചിമഭാഗത്തിൽനിന്നു-പാരം
സ്വച്ഛമാകും മേഘവൃന്ദം
മന്ദേതരം ഗമിക്കുന്നു-തത്ര
ചന്ദ്രനമുല്ലസിക്കുന്നു.
കുഞ്ഞേയുറങ്ങുക വേഗാ-ലോമൽ
കുഞ്ഞേയുറങ്ങുക വേഗാൽ.

(മയ്യനാട്ട് സ്ത്രീസമാജക്കാൎക്കുവേണ്ടി എഴുതിയതു്.)

ലോകനാഥ നിൻ സഹായമേകമാനസത്തൊടേ
ഏകമാനസത്തൊടേ പ്രാൎത്ഥയാമഹേ വയം
വിദ്യയിങ്കൽ വൃദ്ധിയിങ്ങു സിദ്ധമായ് ഭവിക്കുവാൻ
സിദ്ധമായ് ഭവിക്കുവാനൊത്തുകൈവണങ്ങിടാം
സ്തുത്യമായ വൃത്തി ഞങ്ങൾ
നിത്യവും വഹിക്കുവാൻ
നിത്യവും വഹിക്കുവാനദ്യ നീ തുണയ്ക്കണം.
സ്ത്രീസമാജമെന്നുമിങ്ങു ഭാസമാനമായ്വരാൻ
ഭാസമാനമായ്വരാൻ നീ സദാ തുണയ്ക്കണം
ആയതിന്നു സാരമാകുമൈകമത്യമാം ഗുണം
ഐകമത്യമാം ഗുണം വേർപെടാതിരിക്കണം.

ടി.

## ചെഞ്ചുരുട്ടി....ആദി

സ്ത്രീജനസമാജമിതു രാജതാമിവണ്ണം സദാ
പൂജനീയപുണ്യപൂരുഷസഹായമൊടേ. (സ്ത്രീ
പുസ്തകജാലത്തിൽനിന്നു ഹസ്തലബ്ധമായ ബോധം
നിസ്തുലമായ് വിലസുവാനെത്രയും സഹായിക്കുന്നു.
(സ്ത്രീ

നൂതനമാം പരിചയം ജാതമാകുവാനും തമ്മിൽ
ജാതമായതിനെ വീണ്ടും സ്ഥീതമാക്കുവാനുമായി
(സ്ത്രീ

നമ്മുടയ സമുദായം നിർമ്മലതരമായ് മേന്മേൽ
നന്മയാന്നു വിളങ്ങുവാൻ നല്ലൊരു നിദാനമാകും
(സ്ത്രീ

(നായർസമ്മേളനത്തിൽ സ്വാഗതം)

## യദുകുലഗാംബോധി.... ചാപ്പു്

ഉല്ലാസമകതാരിലുളവായീടുന്നതി-
നില്ലൊരു സീമയിപ്പോഠം.
നല്ലൊരു മുഴുതികളുദയംചെയ്തീടവേ
ഉല്ലോലജലരാശികല്ലോലനിരപോലെ. (ഉല്ലാ

മലബാറിൽ മരുവുന്ന മലയാളിജനങ്ങളിൽ
തലവന്മാരായ നിങ്ങഠം
അലസേതരമസ്മൽ കുലശേഖരഭൂവിൽ
നലമൊടാഗതരാകയാലിഹ
ഫലയുതം ശ്രമമസ്മദീയം. (ഉല്ലാ

പണ്ടേ മഹിമയാൽ പാരവും യശോരാശി
പൂണ്ടോരീ നായർവംശം

കുണ്ഠതയിടയിലൊന്നാണ്ടുവെന്നാകിലും
വീണ്ടുമുന്നതിയിസ്സമാഗതി
കൊണ്ടിയന്നിടുമില്ല സംശയം. (ഉല്ലാ

അതിഃമാടമിഹ ഞങ്ങൾക്കതിവേലയേകിയോ-
രതിഥികളായ നിങ്ങൾ
അതിയായ മഹിമയീയഭിജനത്തിനുമേലും
ക്ഷതിവരാതരുൾവതിനു പൂമകൾ
പതിയനുഗ്രഹമേകണം ശുഭം. (ഉല്ലാ

## പശുവിനെപ്പററി

### ശുദ്ധമുഖാരി... ആദി

പാരിതിൽ നമ്മുടെയുപയോഗത്തി-
നുതകും മൃഗനിരയിൽ
പാവനിയാകിയ പശുവിനുള്ളൊരു
മഹിമയവണ്ണ്യമഹോ!
പല ഗുണമുള്ളൊരു പാലിനെ മാതാ-
വെന്നതുപോലെയിവൾ
പരമാനന്ദമിയന്നിടുവാനായ്
നമ്മൾക്കേകുന്നു.

പാലിതിൽനിന്നു തൈരും മോരും
വെണ്ണയുമുളവാകും
പാലനമിവരം ചെയ്യുന്നതു പാത്രം-
ലെത്ര വിശേഷമഹോ!
പോഷണകാരിപദാർത്ഥങ്ങളിലിവരം
തന്നുടെ പാൽപോലെ
ദോഷവിഹീനത ചേർന്നതു മററൊ-
ന്നില്ലിഹ ഭുവനത്തിൽ
ഇങ്ങനെയുള്ളൊരു പശുവിനെയേതും
ഹിംസിച്ചീടാതെ
ഭംഗിയിലവനം ചെയ്യുതെവർക്കും
മംഗലകരമല്ലോ.

# * ശൃംഗാരപ്രാർത്ഥന

## കാംബോധി....ആദി

പ: ബാലചന്ദ്രസമഫാലേ ബാലികമാരണിമൌലേ
നീലവേണി! മമ വാക്യം ഫാലവേ കേൾക്ക

അനു: മാലതീശരൻ കണകളാലതികോപംകലൻ
മാലതീവ ജിതവീചിഭ്രൂലതികേ! വലത്തുന്നു.
(ബാല

ച: എന്നുടെ മാനസമായിട്ടുന്ന ചാരുമണിമഞ്ചം
തന്നിൽ നീ സന്തതം വാണീടുന്നുവെങ്കിലും
ഇന്നവിടെയുളവായീടുന്നതായ താപമിത്ര-
യെന്നറിഞ്ഞിടാതെയിരിക്കുന്ന-
തോത്താലതിചിത്രം. (ബാല

---

* സ്വാതിതിരുനാളിൻെറ 'പഞ്ചബാണൻ തന്നുടയ' എന്ന ഗാനവും ഇരയിമ്മൻതമ്പിയുടെ 'മല്ലസായക നിനക്കു' എന്ന ഗാനവും ഇതേരീതിയിൽ ഉള്ളവയാണു്. അവയിൽ നായികയാണു് ശൃംഗാരപ്രാത്ഥന ചെയ്യുന്നതു്. ഈ ഗാനത്തിൽ നായകൻ നായികയോടാണു് പ്രാത്ഥിക്കുന്നതു്. ഗായകത്രയത്തിൻെറ ശൈലീസാമ്യം ടി ഗാനങ്ങളിൽ കാൺക.

# തിരുവാതിരപ്പാട്ടുകഥ

## യദുകുലഗാംബോധി....ആദി

(സാരി)

1 പുരുഷന്മാരെന്നപോലെ നാരിമാരും വിദ്യാ
സാരബോധമാർന്നീടേണമെന്നുറച്ചു
പലപല വിദ്യാശാലകൾ ദിശിദിശി
ചേർത്തീടുന്നോരസ്മൻ
കുലശേഖരപതിതന്നുടെ കരുണ-
യിതെന്തുചൊൽവൂ?

2 വിദ്യാഭ്യാസം നാരിമാർക്കു ദോഷ-
മെന്നു ചൊൽവാ-
നുദ്യമിച്ചു പലർ മുന്നമെന്നാകിലും
അദ്യതനാനുഭവത്തെ നിനച്ചു
മഹാന്മാരെല്ലാമിതിൽ
ഉദ്യതരായ് മരുവുന്നതു നമ്മുടെ ഭാഗ്യമത്രേ.

3 ബാലന്മാരെ വേണ്ടപോൽ വളർത്തീടുന്ന കൃത്യ-
മാലോചിക്കിലമ്മമാർക്കാണില്ല വാദം
മാലിയലാതതു ചാരുപരിഷ്കൃതിയോടേ
ചെയ്യാൻ വിദ്യ
മായമെന്യേ സമ്പാദിപ്പാനോർത്തീടേണം.

4 ആയതിനാൽ നാമെല്ലാരുമായപോലെ വിദ്യ
മായമെന്യേ സമ്പാദിപ്പാനോർത്തീടേണം.
സ്ത്രീയുടെയറിവാൽ ശ്രീയുലകിന്നു
ഭവിക്കുമെന്നു കാട്ടി
ശ്രേയസ്സുതപദമിയലുന്നതിനിഹ യതനിക്കേണം.

## പരസ്യ....ചായ്പ്

കാതരലോചനമാരേ-തിരു-
വാതിര ഘോഷിക്കയോ നമ്മൾ? (കാതര

മേദുരമോദമുദിച്ചീടുന്ന
മാധുരി ചേരും മനോജ്ഞമാം ഗാനം
സാദരം പാടിക്കളിപ്പാൻ മടി
ചേതസ്സിലുണ്ടാകരുതൊരു ലേശം (കാതര

താളവും മേളവും കൂടി-ജ്ജന
പാളികൾ കണ്ടു രസിക്കുന്ന മട്ടിൽ
മേളിച്ചു നാം കളിക്കേണം നല്ല
കേളിയുലകിൽ വളർത്തീടവേണം. (കാതര

പങ്കങ്ങളെല്ലാമകററീടുന്ന
പങ്കജനാഭൻെറ പാദസരോജം
മങ്കമാരേ! നാം നിനച്ചു-ഗത
ശങ്കം കളിച്ചു രസിച്ചീടവേണം. (കാതര

## വേകട....ആദി

പ: ഓണമിദം ബഹുമംഗളമേ തിരു-
വോണമിദം ബഹുമംഗളമേ

അനു: മാനസമതിലതി കൌതുകമേകിന
നാനാവിധോത്സവമഞ്ജുളമാം തിരു-(വോണ

ച: 1. സരസിജനയനൻ തിരുവടി തന്നുടെ
സാരാഭമാം തിരുനാളാകും തിരു- (വോണ

2. അഖിലരുമതിസുഖജലധിയിൽ മുഴുകിട്ട-
മാനന്ദമേകിന വാസരമാം തിരു- (വോണ

3. ധനവിരഹിതരില്ലമുരുധനസുഖമിഹ
ധാരാളമേകിന വാസരമാം തിരു- (വോണ

(രാഘവമാധവം നാടകത്തിൽനിന്നു്)

## ഭൈരവി... രൂപകം

പ: മധുരാഭമിഹ ഭാതി കേളിവനമതിചാരു-
മധുരാഭമിഹ ഭാതി. (മധു

അനു: അധരീകൃതസമയാന്തര-
ഗന്ധോജ്ജ്വലമധുസംഗതി. (മധു

ച: പേശലപവമാനോത്ഭവ ഹുങ്കാര
മനോജ്ഞം പര-
മാശാകരമാപ്ലാഗമ സാധു-
ദ്വിജലപിതാനാപിത-
മാഹതമദമുനിമാനസമോഹന
കാരണമനുപമ-
മധിഗതമാനമനോഹരയുവതി-
മണിമതിശാന്തിദ. (മധു

# വാതിൽതിറപ്പാട്ടുകൾ

## ബ്യാഗ്.... ആദി

വാതിൽ തിറന്നീടാ ഞാൻ ഭവാനിന്നു
വാതിൽ തിറന്നീടാ ഞാൻ.
പാതിരാവായോരു നേരത്തു വന്നേവ-
മോതിയാലേതും മടിയാതെ വന്നങ്ങു (വാതിൽ
പാരം വിളംബമുണ്ടായിട്ടവാനുള്ള
നേരായ ഹേതു പറഞ്ഞീടിലല്ലാതെ (വാതിൽ
ഓരോ കപടോക്തി ചൊന്നാലവയൊന്നു-
മീരാശിയിങ്കൽ ഫലിക്കയില്ലേതുമേ. (വാതിൽ
ദാരങ്ങളാകുമിവളിലനുരാഗ-
ഭാരം ഭവാനുള്ളതൊക്കെയറിഞ്ഞു ഞാൻ.
(വാതിൽ

## ബ്യാഗ്.... ആദി

വന്ദനം മുദാ ചെയ്തീടുന്നു ഞാൻ വിഭോ!
ഇന്നിവണ്ണമിഹ ഭവാനരച്ചീടുന്ന വാക്കുകൾ
കേ - ട്ടാ - ലെ - ത്തും
ചെന്നിടാ ചെന്നിടാ ചെന്നിടാ ഗുണാംബുധേ.
(വന്ദ

മാഴ്കിടാതെ ഹേ കാന്ത പോക സമ്പ്രതി
ശോകജാലമാകെയാശു പോകുമാറു ചെന്നു നീ
സാ - കം - വാഴ്ക.
കാന്തയാ - ലംതയാ - ഹന്തയാ മനോഹരാ. (വന്ദ

| നമ്പർ | കീർത്തനം | രാഗം | താളം |
|---|---|---|---|
| 1 | അഷ്ടമൂർത്തയേ നമോ | തോടി | രൂപകം |
| 2 | അടിമലരിണ- തൊഴുതേൻ. | ഹിന്ദുസ്ഥാനി- കാപി | ആദി |
| 3 | അഭിനവവികസിത | ചെഞ്ചുരുട്ടി | ചായ്പ് |
| 4 | അരുതേയരുതേ | വേകട | ചായ്പ് |
| 5 | അത്ഥമതിങ്കൽ | ശുദ്ധമുഖാരി | ആദി |
| 6 | അയ്യയ്യോ ജഗദീശ | — | ആദി |
| 7 | അജിത നിന്നുടെ പാദം | — — | — — |
| 8 | ആഴികൾ ചൂഴുമൊരൂഴി | കാപി | ചായ്പ് |
| 9 | ആർത്തപരായണ ഹേ | ശങ്കരാഭരണം | ചായ്പ് |
| 10 | ആനന്ദമെന്തധുനാ | മധ്യമാവതി | ചായ്പ് |
| 11 | ഇനിപ്പുനരെന്തേ | പരസു | ആദി |
| 12 | ഇന്നിഹ താൻ മാനസത്തിൽ | യദുകുലഗാംബോധി | രൂപകം |
| 13 | ഇങ്ങനെ നാമിരുന്നീടിൽ | = | ആദി |
| 14 | ഈശനെ ഭജിച്ചാലും | പരസു | ചായ്പ് |
| 15 | ഉല്ലാസമകതാരിൽ | യദുകുലഗാംബോധി | ചായ്പ് |
| 16 | എങ്ങനെയെൻ മനോവദന | കാപി | ആദി |
| 17 | ഏണമിതാതപപിൻപേ | മേഘനം | ചായ്പ് |
| 18 | ഐക്കരാലയവാസിനി | മോഹനം | ആദി |
| 19 | ഓണമിദം ബഹു | വേകട | ആദി |
| 20 | കമലദളായത | ഉശാനി | ആദി |
| 21 | കമലേ നിന്നുടെ പാദ | തോടി | ആദി |
| 22 | കല്ലോലചില്ലിമായേ | തോടി | ആദി |

| നമ്പർ | കീർത്തനം | രാഗം | താളം |
|---|---|---|---|
| 23 | കനകസഭേശസുരുചിര | കാംബോധി | ആദി |
| 24 | കമലലോചന | നാട്ട | രൂപകം |
| 25 | കമലേശാമല ദേഹ | ബ്യാഗ് | രൂപകം |
| 26 | കരുണാസാഗര സകലേശ | തോടി | ആദി |
| 27 | കരുണാസാഗര മാം | ഭൂരികല്യണി | ഏകതാളം |
| 28 | കരണീയം ഞാനിന്നു | യദുകുലകാംബോധി | ആദി |
| 29 | കമലനാഭ കരുണചെയ്യ | തോടി | രൂപകം |
| 30 | കരയരുതയി നീ ശുഭാംഗി | മുഖാരി | രൂപകം |
| 31 | കരുണാകര ദേവ | ശങ്കരാഭരണം | ആദി |
| 32 | കമലേശ നാഥാ | ഹിന്ദുസ്ഥാനി തോടി | ചായ്പ് |
| 33 | കരുണാജലരാശേ | ഖരഹരപ്രിയ | ആദി |
| 34 | കരുണാനിധേ പാഹി | ചെഞ്ചുരുട്ടി | ചായ്പ് |
| 35 | കാത്തരുളം ചെയ്തീടുക | മുഖാരി | ആദി |
| 36 | കാമദ മുരാരേ വിഭോ | പരസു | ആദി |
| 37 | കാമിതമരുളീടുക | പരസു | ആദി |
| 38 | കാതരലോചനമാരേ | പരസു | ചായ്പ് |
| 39 | കിളിമൊഴിമാർ | യദുകുലഗാംബോധി | ആദി |
| 40 | കേവലാത്മൻ മഹേശാ | ആനന്ദഭൈരവി | ആദി |
| 41 | കൊച്ചുനാകുളങ്ങരയിൽ | തോടി | രൂപകം |
| 42 | കോകിലങ്ങളം മധുരമായ് | കാപി | ആദി |
|  | കോടിദിവാകര | ധന്യാശി | ആദി |
| 43 | ഗുരുനായക ധീമൻ | യദുകുലഗാംബോധി | ചായ്പ് |
| 44 | ഗോപവിലാസിനി | ബ്യാഗ് | രൂപകം |

| നമ്പർ | കീർത്തനം | രാഗം | താളം |
|---|---|---|---|
| 45 | ചക്രം ചുഴററീടുക | ബ്യാഗ് | ആദി |
| 46 | ചഞ്ചലാക്ഷി ശുഭേ | നവരസം | ആദി |
| 47 | ചന്ദ്രാനേർവദനേ | നാട്ട | ആദി |
| 48 | ചെററിങ്ങു കൃപയതാൾക | കാപി | ആദി |
| 49 | ചൊല്ലേറും പൊഴിക്കരയിൽ | മോഹനം | ചാപ്പു |
| 50 | ജയജയമാധവ ജഗദീശാ | ശ്രീരാഗം | ആദി |
| 51 | ജയജയജിത ഗോപജാര | സാവേരി | ആദി |
| 52 | ജയജയമാധവ ശാർങ്ഗപാണേ | ഉശാനി (ഹുസേനി) | ചാപ്പു |
| 53 | ജയ രാമ സുലലാമ | ഭൈരവി | രൂപകം |
| 54 | ജയ സദാജിത | നാട്ട | രൂപകം |
| 55 | ജയ ഭാരതീദേവി നീ | ഖമാജ് | ആദി |
| 56 | ജയ ജഗദീശ രാമദയാലോ | ശുദ്ധമുഖാരി | ആദി |
| 57 | ജഗതീനാഥ ഹേ തവ | ഖരഹരപ്രിയ | ആദി |
| 58 | ജാനകീരമണ | ശങ്കരാഭരണം | ആദി |
| 59 | തരുണാരുണസാരസ | ഖമാജ് | ചാപ്പു |
| 60 | താമരസേക്ഷണ | കാംബോധി | ചാപ്പു |
| 61 | തിങ്കൾമുഖിയേ പാലയ | കാപി | ഏകതാളം |
| 62 | തൊഴുതേനിതാ വാണി | ശങ്കരാഭരണം | ആദി |
| 63 | ദാനവാരേ വസ | നാട്ട | രൂപകം |
| 64 | ദാനമധുനാ | ഹിന്ദുസ്ഥാനി ഭൈരവി | രൂപകം |
| 65 | ദൈത്യനികര | ? | ഏകതാളം |
| 66 | ദൈവഗതിയോർത്തു | ബ്യാഗ് | രൂപകം |

| നമ്പർ | കീർത്തനം | രാഗം | താളം |
|---|---|---|---|
| 67 | ദേവിസാരസാസന | ഹിന്ദുസ്ഥാനിതോടി | ആദി |
| 68 | നളിനനയനപാഹി | ചെഞ്ചുരുട്ടി | രൂപകം |
| 69 | നാഥാ മുരാരേ | സാവേരി | ആദി |
| 70 | നാനാജഗത്തുകൾ | കാംബോധി | ചായ്പ് |
| 71 | നിലയേതുമറിയാവതോ | സുരുട്ടി | ചായ്പ് |
| 72 | പങ്കജദളനയനപാലയ | സൌരാഷ്ട്രം | ചായ്പ് |
| 73 | പങ്കജദളനയന-<br>പാലനം ചെയ്താലും | മാരധനാശി | ആദി |
| 74 | പങ്കജാക്ഷി കാമദേ | നാഥനാമക്രിയ | ആദി |
| 75 | പത്മനാഭപരമപുരുഷ | ഹംസധ്വനി | ഏകതാളം |
| 76 | പരിപാഹി പരിപാഹി | കാപി | ചായ്പ് |
| 77 | പരിപാവനിദേവി | ശങ്കരാഭരണം | ആദി |
| 78 | പരിപാവനി പാഹിപാഹി | കല്യാണി | ചായ്പ് |
| 79 | പശ്ചിമസിന്ധുവിൽനിന്നു | മോഹനം | ചായ്പ് |
| 80 | പാരിതിൻ നമ്മുടെ | ശുദ്ധമുഖാരി | ആദി |
| 81 | പാഹിമാം കൃഷ്ണ | ആനന്ദഭൈരവി | ആദി |
| 82 | പാലയസുന്ദരി | ഖമാജ് | ചായ്പ് |
| 83 | പാലയവല്ലഭലേശ | കാപി | ആദി |
| 84 | പാഹിമാം ശ്രീ പത്മനാഭ | ആനന്ദഭൈരവി | ആദി |
| 85 | പാഹിപാഹിപാവനാംഗി | — | രൂപകം |
| 86 | പാലയമാം ഭുവനനാഥ | തോടി | രൂപകം |
| 87 | പാലയമാം പങ്കജാക്ഷ | ഖമാജ് | രൂപകം |

| നമ്പർ | കീർത്തനം | രാഗം | താളം |
|---|---|---|---|
| 88 | പൂമകൾക്കണവ ഹേ | ശങ്കരാഭരണം | രൂപകം |
| 89 | പൂമേനി വിളങ്ങേണം | സുരുട്ടി | ആദി |
| 90 | പൂരുഷന്മാരെന്നപോലെ | യദുകുലഗാംബോധി | ആദി |
| 91 | ബാലഗോപാലം ഭജ | സാവേരി | ഏകതാളം |
| 92 | ബാലേയയാതിക്ക | യദുകുലഗാംബോധി | ചായ്പ് |
| 93 | ബാലേ സുമധുരശീലേ | കാപി | ചായ്പ് |
| 94 | ബാലചന്ദ്രസമഫാലേ | കാംബോധി | ആദി |
| 95 | ഭജ ഭജ ശ്രീരാമം | ശങ്കരാഭരണം | ചായ്പ് |
| 96 | ഭവികവസതേ | സുരുട്ടി | ഏകതാളം |
| 97 | ഭജിക്ക നീ രാമനെ | മോഹനം | ആദി |
| 98 | ഭജരേ ഭജരേ ഭജരേ | വേകട (പ്യാകട) | ചായ്പ് |
| 99 | ഭുവനപതേ ജയ | ശ്രീരാഗം | ആദി |
| 100 | മനസികരുണകലർന്നെന്നിൽ | കാംബോധി | ത്രിപുട |
| 101 | മധുമൊഴിമണി | ചെഞ്ചുരുട്ടി | ആദി |
| 102 | മല്ലാക്ഷിമാരിൽ മൌലേ | ബ്യാഗ് | ആദി |
| 103 | മതിജാതമാം വിഭ്രമം | ഖമാജ് | ആദി |
| 104 | മധുരാഭമിഹ ഭാതി | ഭൈരവി | രൂപകം |
| 105 | മാധവാ ശമേകുക | ഢക്കാ | ഏകതാളം |
| 106 | മായാഗോപബാലാപാഹി | ഹിന്ദുസ്ഥാനി കാപി | ആദി |
| 107 | മാധവ തേ ഭക്തിമാത്മനി | ബ്യാഗ് | രൂപകം |

| നമ്പർ | കീർത്തനം | രാഗം | താളം |
|---|---|---|---|
| 108 | മാന്യസഭാവാസികൾക്ക | ചക്രവാകം | ചാപ്പ് |
| 109 | മാധവാ ദൈവമേ | ചെഞ്ചുരുട്ടി | ചാപ്പ് |
| 110 | മാലിനീ ശുഭേ | ബ്യാഗ് | ആദി |
| 111 | മന്നമേ ഞാനോർത്തപോലെ | ചക്രവാകം | ചാപ്പ് |
| 112 | മംഗലദേവതേ പാഹി | കല്യാണി | ചാപ്പ് |
| 113 | മോഹിക്കൊലാ മനമേ | കല്യാണി | ആദി |
| 114 | യദുപതേ മാം പാലയ | ഭൈരവി | ആദി |
| 115 | യദുവീര ജിതമാര | ഭൈരവി | രൂപകം |
| 116 | രാധാവല്ലഭ നീതാനാശ്രയം | തോടി | ആദി |
| 117 | രാഘവ തേ വാരിപാദ | തോടി | രൂപകം |
| 118 | ലക്ഷ്മീപതേ ഭഗവൻ | ഏട്ടുരാൽ | ചാപ്പ് |
| 119 | ലോകനായക ദൈവമേ | ഭൂപാളം | ത്രിപുട |
| 120 | ലോകമശേഷവും | മുഖാരി | ആദി |
| 121 | ലോകനാഥ പാലിച്ചാലും | സൌരാഷ്ട്രം | ചാപ്പ് |
| 122 | ലോകനാഥ നിൻസഹായം | — | രൂപകം |
| 123 | വസുദേവാത്മജ പാഹി | എരിക്കിലി | ആദി |
| 124 | വല്ലവീ മൌലിമാലേ | പരശു | ആദി |
| 125 | വനജേക്ഷണ പാലയ | ഖമാജ് | ആദി |
| 126 | വന്ദേമാതരം | നവരസം | ത്രിപുട |
| 127 | വന്ദനം മുദാ | ബ്യാഗ് | ആദി |
| 128 | വാതിൽ തിറന്നീടാ ഞാൻ | ബ്യാഗ് | ആദി |
| 129 | വിഷ്ണുപാധിനാഥ | മുഖാരി | ചാപ്പ് |
| 130 | വിലസീടുക ഹൃദയേ | മായാമാളവഗൌള | രൂപകം |

| നമ്പർ | കീർത്തനം | രാഗം | താളം |
|---|---|---|---|
| 131 | വൃന്ദാരകസേവ്യ | തോടി | രൂപകം |
| 132 | വേണുഗാനലോല | ശങ്കരാഭരണം | രൂപകം |
| 133 | ശരണാഗതപാലക | നാരായണി | ചാപ്പ് |
| 134 | ശുഭമായ വന്ദേമാതരം | ഖമാജ് | ആദി |
| 135 | ശൃംഗാരയോനിസമാന | യമുനാകല്യാണി | ചാപ്പ് |
| 136 | ശ്രീ വാസുദേവ | കാപി | ആദി |
| 137 | ശ്രീ ബാലകൃഷ്ണപാഹിമാം | ഭൂരികല്യാണി | ആദി |
| 138 | ശ്രീ വരാമേയ മാം | ശഹന | ആദി |
| 139 | ശ്രീ രാമചന്ദ്ര ദേഹി | സൌരാഷ്ട്രം | ആദി |
| 140 | ശ്രീ ഹരിഹരസുത | വേകട (പ്യാകട) | ആദി |
| 141 | സരസിജലോചന | ഖമാജ് | ചാപ്പ് |
| 142 | സകലവിബുധമാന്യേ | സുരുട്ടി | ആദി |
| 143 | സകലനായക ദൈവമേ | ഭൂപാളം | ത്രിപുട |
| 144 | സരസഗോപാലകൃഷ്ണ | നാഥനാമക്രിയ | ഏകതാളം |
| 145 | സത്യസ്വരൂപാ വിഭോ | ശങ്കരാഭരണം | ചാപ്പ് |
| 146 | സരസിജദളനേത്ര | പുന്നാഗവരാളി | ത്രിപുട |
| 147 | സവിനയമിന്നുഞാൻ | = | = |
| 148 | സചിവസന്മതേ | നാട്ട | രൂപകം |
| 149 | സർവലോകനാഥ ദേവ | തോടി | ഏകതാളം |
| 150 | സാമജഗാമിനി | ഖമാജ് | ചാപ്പ് |
| 151 | സാദരമവസുമശരജനകാ | ഖമാജ് | ആദി |
| 152 | സാരിദരസരസിജ | കാംബോധി | ആദി |

| നമ്പർ | കീർത്തനം | രാഗം | താളം |
|---|---|---|---|
| 153 | സാരസാക്ഷ തവപാദ | തോടി | രൂപകം |
| 154 | സാരസലോചന | പരസു | ആദി |
| 155 | സീതാപതേ രാഘവ | ഖമാജ് | ആദി |
| 156 | സുലളിതമുരളി | ഹിന്ദുസ്ഥാനിതോടി | ആദി |
| 157 | സുഖമാന്റതാൻ ഭൂപതേ | ഖമാജ് | ആദി |
| 158 | സുന്ദരിമാർ മണിയിന്നിഹ | പരസു | ആദി |
| 159 | സൂനേഷുരമണീയാ | പരസു | ആദി |
| 160 | സേവിച്ചീടുക പൂജ്യരെ | ശുദ്ധമുഖാരി | ആദി |
| 161 | സ്ത്രീജനസമാജമിതു | ചെഞ്ചുരുട്ടി | ആദി |
| 162 | സ്ഫാരകൃപാവൈകാജി | കാപി | ആദി |
| 163 | സ്മരമാനസമാധവമീശം | ഖമാജ് | ചാപ്പ് |
| 164 | സ്വാമിൻ ദയാനിധേ | യമുനാകല്യാണി | ചാപ്പ് |
| 165 | ഹരകരുണാലയ | ബലഹരി | ആദി |
| 166 | ഹരേ സുരപാല | യമുനാകല്യാണി | ആദി |
| 167 | ഹംസരാജാനന ശുഭജലധേ | കാപി | ആദി |

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA10 Acc. No. 79785

This book should be returned on or before the date last stamped below.

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MA10 79785

കേശവപിള്ള. കെ.സി

സംപൂർണ്ണ സംഗീതകൃതികൾ